# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 സെപ്റ്റംബർ, വോള്യം: 11 ലക്കം: 1

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 ബിജെപി സർക്കാരിന്റെ **രാജ്യവിരുദ്ധ, കോർപറേറ്റ് പ്രീണന വർഗീയ നയങ്ങൾക്കെതിരെ** — അഖിലേന്ത്യാ കൺവൻഷൻ പ്രഖ്യാപനം

12 **കെഎസ്ആർടിസി വസ്തുതകൾ** — എളമരം കരീം

18 കോ-ലെൻഡിങ് **കർഷകരെ പുനർകോളനിവൽക്കരിക്കാനും കോർപറേറ്റ് തന്ത്രം** — പ്രഭാത് പട്നായിക്

കുടിയേറ്റ തൊഴിലാളികളുടെ **അവകാശങ്ങൾ അവഗണിക്കപ്പെടുന്നു - അമിതാവ ഗുഹ** 21

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും **ജനങ്ങളെ ചേർത്തുപിടിച്ച് എൽഡിഎഫ് സർക്കാർ** 23

ജിഗ് വർക്കേഴ്സ് & പ്ലാറ്റ് ഫോം വർക്കേഴ്സിന്റെ **തൊഴിൽ പ്രശ്നങ്ങൾ** 26

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാചാലത** 30

2022 ഒക്ടോബർ 3 **ഡബ്ല്യുഎഫ്ടിയു അന്തർദേശീയ കർമ്മദിനം** 34

**സാമ്പത്തിക പ്രതിസന്ധിയും സമരങ്ങളും** 36 ജോസ് ടി. എബ്രഹാം

**സഹകരണമേഖലയിലെ കേന്ദ്ര ഇടപെടൽ** 39 ഡോ. ആർ. രാംകുമാർ

**കേന്ദ്ര സർക്കാരിന്റെ ഔഷധനയം : ചതിക്കുഴികൾ** 44

**സംഘടനാ വാർത്തകൾ** 46

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# രാഹുൽ നടക്കുന്നത് ആർക്ക് വേണ്ടി?

കോൺഗ്രസ്സ് മുൻ പ്രസിഡന്റ് രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ നടത്തുന്ന "ഭാരത് ജോഡോ" പദയാത്ര ആർക്ക് വേണ്ടിയാണ്? ഇന്ത്യൻ ജനതയെ വർഗീയതയാൽ ഭിന്നിപ്പിക്കുന്ന സംഘപരിവാർ ശക്തികളുടെ നയങ്ങൾക്കെതിരെ, ജനങ്ങളെയും രാഷ്ട്രത്തെയും ഒന്നിപ്പിക്കലാണ് ലക്ഷ്യമെന്ന് കോൺഗ്രസ് നേതൃത്വം പറയുന്നു. എങ്കിൽ, സംഘപരിവാർ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന്, എന്ത് പരിപാടിയാണ് കോൺഗ്രസ്സിനുള്ളത്? ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷത, ജനാധിപത്യം, ഫെഡറലിസം എന്നീ തത്വങ്ങൾ പിച്ചിച്ചീന്തുന്ന മോഡി സർക്കാരിന്റെ നടപടികളോട് കോൺഗ്രസ്സിന്റെ നിലപാടെന്താണ്? രാഷ്ട്രത്തിന്റെ സ്വയംപര്യാപ്തതയെ ദുർബലമാക്കുന്ന, നവഉദാരവൽക്കരണ നയങ്ങളാണ് മോഡി സർക്കാർ നടപ്പാക്കുന്നത്. ഇതിനെതിരെ ചെറുവിരലനക്കാൻ കോൺഗ്രസ്സ് തയ്യാറുണ്ടോ? "ഹിന്ദിഹിന്ദുഹിന്ദുസ്ഥാൻ" എന്ന മുദ്രാവാക്യം ഉയർത്തുന്ന സംഘപരിവാറിന്റെ നിലപാടിനോട്, കോൺഗ്രസ്സിന് വിയോജിപ്പുള്ളതായി ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ? രാജ്യം ഇന്ന് നേരിടുന്ന ഏതെങ്കിലും ഒരു പ്രശ്നത്തിൽ, ജനപക്ഷ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയാത്തത് എന്തുകൊണ്ടാണ്?

ഈ ചോദ്യങ്ങൾക്കൊന്നും, വ്യക്തമായി മറുപടി നൽകാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. 2014 ൽ അധികാരത്തിൽ വന്ന മോഡി സർക്കാർ രാജ്യം മുഴുവൻ അവരുടെ അധികാരത്തിന് കീഴിലാക്കാനാണ് ശ്രമിക്കുന്നത് ദീർഘകാലം ഇന്ത്യ ഭരിച്ച, കോൺഗ്രസ്സിന്, എഴുന്നേറ്റ് നിൽക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ്. ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടി നടന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയ പാർടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്. ഇന്നത്തെ ദയനീയമായ ഒറ്റപ്പെടലിലേക്ക് കോൺഗ്രസ് പതിച്ചതിന് കാരണമെന്താണെന്ന്, വിലിയിരുത്തിയിട്ടുണ്ടോ?

സ്വാതന്ത്ര്യാനന്തരം ഭരണചുമതലയേറ്റെടുത്ത കോൺഗ്രസ്സിന്, സ്വാതന്ത്ര്യസമരത്തിൽ ജനങ്ങൾ ഉയർത്തിയ മുദ്രാവാക്യങ്ങൾ സാക്ഷാൽക്കരിക്കാൻ കഴിഞ്ഞില്ല. ബൂർഷ്വാഭൂപ്രഭു വർഗ്ഗ താല്പര്യങ്ങൾക്കനുസരിച്ചാണ്, കോൺഗ്രസ് ഭരണം മുന്നേറിയത്. നാടുവാഴിത്ത നുകത്തിൽ നിന്ന് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മോചനം ലഭിച്ചില്ല. മുതലാളിത്ത നയങ്ങളുടെ മുഖ്യനേട്ടം സ്വന്തമാക്കിയത്, കുത്തകമുതലാളിവർഗ്ഗമാണ്. നീണ്ടകാലത്തെ കോളനിവാഴ്ചയിൽ നിന്ന് മോചനം നേടിയ ഉടനെ, സ്വയം പര്യാപ്തത എന്ന ലക്ഷ്യം വെച്ചുകൊണ്ട് പഞ്ചവത്സരപദ്ധതികളും, പൊതുമേഖലാ വ്യവസായങ്ങളും, കാർഷികോൽപ്പാദന വളർച്ചയും ജനങ്ങളിൽ പ്രതീക്ഷ ഉയർത്തിയിരുന്നുവെങ്കിലും, ഫലപ്രാപ്തിയിലെത്തിയില്ല. നാല് പഞ്ചവൽസരപദ്ധതികൾ പിന്നിട്ടപ്പോൾ മഹാഭൂരിപക്ഷം ജനങ്ങളും ദാരിദ്ര്യത്തിലും, തൊഴിലില്ലായ്മയിലും നരകിക്കുകയായിരുന്നു. അതേസമയം കുത്തകമുതലാളിവർഗ്ഗം തടിച്ച് കൊഴുക്കുകയും ചെയ്തു. വൻകിട ഭൂപ്രഭുക്കളിൽ ഒരു വിഭാഗം ധനികകൃഷിക്കാരായി മാറുകയും ചെയ്തു.

ദേശീയ നേതാക്കളിൽ പ്രമുഖനായിരുന്ന ജവഹർലാൽ നെഹ്റു നേതൃത്വം നൽകിയ സർക്കാരിന്റെ നയങ്ങളിൽ ജനങ്ങൾ അസംതൃപ്തരായി. നെഹ്റുവിന്റെ മരണ ശേഷം 1960 കളിൽ, അസംബ്ലി തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിന് കനത്ത തിരിച്ചടിയേറ്റു. എന്നിട്ടും, തങ്ങൾ പിന്തുടർന്ന വിനാശകരമായ നയങ്ങളെക്കുറിച്ച് പുനരാലോചന നടത്താൻ കോൺഗ്രസ്സിന് കഴിഞ്ഞില്ല.

രാഷ്ട്രീയ പ്രതിസന്ധി മറികടക്കാൻ, പുരോഗമന സ്വഭാവമുള്ള മുദ്രാവാക്യം ഉയർത്തി ജനങ്ങളെ വീണ്ടും വഞ്ചിക്കുകയാണ് കോൺഗ്രസ്സ് ചെയ്തത്. കോൺഗ്രസ്സിലെ പിളർപ്പും,

”പാവങ്ങൾക്കൊരു ഗതിയേകാൻ” തുടങ്ങിയ മുദ്രാവാക്യങ്ങളും, ബാങ്ക് ദേശവൽക്കരണവും എല്ലാംകൂടി ചേർന്ന്, അധികാരം തുടരാൻ അക്കാലത്ത് കോൺഗ്രസ്സിന് കഴിഞ്ഞു. എന്നാൽ 1974 ൽ ഉയർന്നു വന്ന റെയിൽവെ സമരവും, മറ്റ് ജനകീയ പ്രക്ഷോഭങ്ങളും നേരിടാൻ ജനാധിപത്യവും പൗരാവകാശങ്ങളും കശാപ്പ് ചെയ്ത് ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് അർദ്ധ ഫാസിസ്റ്റ് ഭീകര വാഴ്ച അടിച്ചേൽപ്പിക്കുകയാണ് കോൺഗ്രസ് ചെയ്തത്.

ഈ കാലഘട്ടങ്ങളിലെല്ലാം, ജനാധിപത്യ കശാപ്പ് മാത്രമല്ല, ഫെഡറൽ തത്വവും അവർ കാറ്റിൽ പറത്തി. കോൺഗ്രസ്സിതര സർക്കാരുകളെ തകർക്കാൻ ഒരു മടിയും കാണിച്ചില്ല. മതനിരപേക്ഷ നയങ്ങളിൽ വെള്ളം ചേർത്തു. ആർ.എസ്സ്.എസ്സിനെ പോലെ തീവ്രവർഗീയത യല്ലെങ്കിലും, 'മൃദുഹിന്ദുത്വ' നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് മടിച്ചില്ല. ഉത്തരേന്ത്യയിൽ നൂറുകണക്കിന് വർഗീയ കലാപങ്ങൾ ഉണ്ടായി. മുസ്ലീം ജനത വൻതോതിൽ ആക്രമിക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ, ദേശീയ പ്രസ്ഥാനം ഉയർത്തുന്ന മൂല്യങ്ങളിൽ നിന്നെല്ലാം കോൺഗ്രസ് അകന്നു.

കോൺഗ്രസ്സിന്റെ ഭരണ നയങ്ങളുടെ വൈകല്യങ്ങളാണ് 1991 മുതൽ സാമ്രാജ്യത്വ ആഗോളവൽക്കരണത്തെ സ്വീകരിക്കാൻ അവരെ നിർബന്ധിതമാക്കിയത്. സ്വാതന്ത്ര്യാനന്തരം സ്വീകരിച്ച സ്വയംപര്യാപ്തത, വിദേശ ആശ്രിതത്വത്തിൽ നിന്ന് മുക്തമാവുക, വികസനവും ജനക്ഷേമവും കൈവരിക്കുക എന്നീ നയങ്ങളെല്ലാം 1991 ഓടെ, പൂർണമായും ഉപേക്ഷിക്കപ്പെട്ടു. വിദേശഫിനാൻസ് മൂലധനവുമായി കൂട്ടുചേർന്ന ഇന്ത്യൻ കുത്തകകളുടെ താല്പര്യമനുസരിച്ചുള്ള നയമാണ് നടപ്പാക്കപ്പെട്ടത്.

സ്വാതന്ത്ര്യാനന്തരം കോൺഗ്രസ് സ്വീകരിച്ച ജനവിരുദ്ധ നയങ്ങളാണ്, അവരെ ജനങ്ങളിൽ നിന്നൊറ്റപ്പെടുത്തിയതെന്ന്, അവർക്ക് ബോദ്ധ്യമാവുന്നുവെങ്കിൽ അത് തിരുത്തുകയല്ലേ ചെയ്യേണ്ടത്. 1991 ൽ നരസിംഹറാവു മൻമോഹൻസിംഗ് കൂട്ടുകെട്ട് ആരംഭിച്ച നവഉദാരവൽക്കരണനയങ്ങൾ, തീവ്രമായി മുന്നോട്ടു നയിക്കുന്ന മോഡിസർക്കാരിന്റെ സാമ്പത്തികനയങ്ങളെ ഉറച്ച് നിന്ന് എതിർക്കാൻ കോൺഗ്രസ്സ് അശക്തരാണ്. പൊതുമേഖലാ സ്വകാര്യവൽക്കരണം എൻ.എം.പി എന്നിവയെയൊന്നും കോൺഗ്രസ്സ് എതിർക്കുന്നില്ല. ഇന്ത്യൻ തൊഴിലാളികളുടെ അവകാശങ്ങൾ തകർക്കുന്ന തൊഴിൽ നിയമ ഭേദഗതികളെപ്പോലും ശക്തമായെതിർക്കാൻ കോൺഗ്രസ്സ് തയ്യാറല്ല. നാല് ലേബർ കോഡുകളിൽ, ”കോഡ് ഓൺ വേജസ്” എന്ന കോഡിനെ പാർലമെന്റിൽ അനുകൂലിച്ച് വോട്ട് ചെയ്തവരാണ് കോൺഗ്രസ്.

ഇന്ത്യൻ കാർഷികമേഖലയെ അന്തർദേശീയ– ദേശീയ കുത്തകകൾക്ക് അടിയറ വെക്കാൻ ലക്ഷ്യംവെച്ച, മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെ, രാജ്യത്തെ ഇളക്കിമറിച്ച സമരമാണ് കർഷകർ നടത്തിയത്. ഒരു വർഷം നീണ്ടു നിന്ന കർഷകസമരത്തിൽ കോൺഗ്രസ്സിന്റെ സജീവപങ്കാളിത്തം ഉണ്ടായില്ല. മോഡി സർക്കാർ പാസ്സാക്കിയ നിയമത്തിലെ ആശയം, നടപ്പാക്കുമെന്ന് 2019 ലെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞവരാണ് കോൺഗ്രസ്സ്.

2004 ൽ അധികാരത്തിൽ വന്ന കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാരിന് ഇടതുപക്ഷം പിന്തുണ നല്കിയിരുന്നു. യു.പി.എ ഇടതുപക്ഷ ഏകോപന സമിതി തീരുമാന പ്രകാരമാണ് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത്; 2003 ൽ വാജ്പെയ് സർക്കാർ കൊണ്ടുവന്ന വൈദ്യുതിനിയമം ഭേദഗതി ചെയ്തത്. ഉദാരവൽക്കരണ സ്വകാര്യവൽക്കരണനയം ഉപേക്ഷിച്ചില്ലെങ്കിലും, ഇടതുപക്ഷ നിർബന്ധം കാരണം, സ്വകാര്യവൽക്കരണ നടപടികൾ കൈക്കൊള്ളാൻ സാധിച്ചില്ല. ഈ കാരണത്താലാണ് 2009 ൽ യു.പി.എക്ക് വീണ്ടും അധികാരത്തിലെത്താൻ സാധിച്ചത്.

ഇടത്പക്ഷ പിന്തുണയില്ലാത്ത രണ്ടാം യു.പി.എ സർക്കാരിന്റെ കാലത്താണ് വിവാദ സ്പെക്ട്രം വില്പന, കൽക്കരിപ്പാടം വില്പന എന്നിവയെല്ലാം നടന്നത് സർക്കാരിനെതിരെ വലിയ അഴിമതി ആരോപണം ഉയർന്നു. സന്ദർഭം മുതലെടുത്ത്, 2014 ൽ അധികാരം പിടിക്കാൻ ബിജെപിക്ക് അവസരമുണ്ടാകുകയും ചെയ്തു. ഈ ചെയ്തികൾ പരിശോധിച്ച് പിശകുകൾ തിരുത്താൻ കോൺഗ്രസ് നേതൃത്വം ഇന്നേവരെ തയ്യാറായിട്ടില്ല.

1948 ൽ ആരംഭിച്ച ബാബ്റി മസ്ജിദ് തർക്കം രൂക്ഷമാക്കി, ഹിന്ദുത്വശക്തികൾ രാജ്യവ്യാപക പ്രചരണം ഉയർത്തിയത് 1980 കളിലാണ്. അയോദ്ധ്യയിൽ തർക്കസ്ഥലത്ത് രാമക്ഷേത്രത്തിന് 'ശിലാന്യാസം' നടത്താൻ, വിശ്വഹിന്ദു പരിഷത്തിന് അനുമതി നൽകിയത് രാജീവ്ഗാന്ധി സർക്കാരായിരുന്നു. മതനിരപേക്ഷ തത്വത്തിൽ വെള്ളം ചേർത്ത നടപടി. രാജീവ് ഗാന്ധി സർക്കാരിന്റെ മൃദുഹിന്ദുത്വനിലപാട്, വി.എച്ച്.പിക്ക് കരുത്ത് നൽകി. 1992 ഡിസംബർ 6 ന് എൽ.കെ. അദ്വാനിയുടെ നേതൃത്വത്തിൽ, സംഘപരിവാർ ആക്രമികൾ ബാബ്റി മസ്ജിദ് തകർക്കുമ്പോൾ, കോൺഗ്രസ്സായിരുന്നു ഭരണത്തിൽ. പ്രധാനമന്ത്രി നരസിംഹറാവുവിന്റെ മൗനാനുവാദമാണ് പള്ളിതകർക്കലിലെത്തിച്ചത്. ഇന്ത്യൻ മതനിരപേക്ഷ പാരമ്പര്യത്തിന്റെ താഴികക്കുടമാണ് യഥാർത്ഥത്തിൽ തകർന്നത്. ഇന്ത്യയിൽ ഇന്നത്തെ "ഹിന്ദുത്വ" ശക്തികളുടെ മുന്നേറ്റത്തിന് വേഗത കൂട്ടിയ സംഭവമാണിത്. ഈ സംഭവത്തെക്കുറിച്ച് ആത്മപരിശോധന നടത്താൻ കോൺഗ്രസ്സ് സന്നദ്ധമായോ?

2002 ൽ മോഡി മുഖ്യമന്ത്രിയായി ഭരണം നടത്തിയിരുന്ന ഗുജറാത്തിൽ, ഇന്ത്യാചരിത്രത്തിലെ ഏറ്റവും ബീഭൽസമായ വംശഹത്യ നടന്നു. രാജ്യത്തെ പ്രബല ന്യൂനപക്ഷ മതവിഭാഗമായ മുസ്ലീം ജനതയിൽ അരക്ഷിതബോധം വളരാനിടയായി. ഇസ്ലാമിക തീവ്രവാദ സംഘടനകൾ പലേടത്തും തലപൊക്കി. ഈ സാഹചര്യം മനസ്സിലാക്കി, ഭരണഘടന പ്രഖ്യാപിച്ച മതനിരപേക്ഷതയെ ശക്തിപ്പെടുത്തുന്ന എന്തെങ്കിലും നടപടികൾ കോൺഗ്രസ്സിൽ നിന്നുണ്ടായോ?

2004 മുതൽ 2014 വരെ അധികാരത്തിലിരുന്ന മൻമോഹൻൻസിംഗ് സർക്കാർ, ഗുജറാത്ത് കലാപത്തിനുത്തരവാദികൾക്കെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. മൃഗീയമായി കൊലചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ആത്മവിശ്വാസം ഉണ്ടാക്കുന്ന ഒരു നടപടിയും സ്വീകരിച്ചില്ല. സംഘപരിവാർ ആക്രമികൾ ചുട്ടുകൊന്ന പ്രമുഖ കോൺഗ്രസ് നേതാവ് അഹമ്മദ് ഇഹ്സാൻ ജാഫ്രിയുടെ വിധവക്ക് പോലും സംരക്ഷണം നൽകാൻ കോൺഗ്രസ്സിന് കഴിഞ്ഞില്ല. രാജ്യത്തെ മുസ്ലീം ജനത കോൺഗ്രസ്സിനെ ഉപേക്ഷിച്ചത് ഈ സാഹചര്യത്തിലാണെന്ന് അവർ മനസ്സിലാക്കുക പോലും ചെയ്യുന്നില്ല.

2014 മുതൽ കേന്ദ്രഭരണം കൈക്കലാക്കിയ 'ഹിന്ദുത്വ' ശക്തികൾ, 'ഹിന്ദു രാഷ്ട്രം' എന്ന ലക്ഷ്യം വെച്ചാണ് നീങ്ങുന്നത്. കാശ്മീരിന്റെ സംസ്ഥാന പദവി എടുത്ത് കളഞ്ഞതും, കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ 370ാം വകുപ്പ് റദ്ദ് ചെയ്തതും ഈ പദ്ധതിയുടെ ഭാഗമാണ്. പൗരത്വ ഭേദഗതിനിയമം, മുത്തലാഖ് നിരോധന നിയമം ഇതിനകം പാസ്സാക്കി. അയോദ്ധ്യയിലെ തർക്കസ്ഥലം സുപ്രീംകോടതി വിധിയിലൂടെ വിശ്വഹിന്ദു പരിഷത്തിന്റെ അധീനതയിലാക്കി. പ്രസ്തുതസ്ഥലത്ത് ശ്രീരാമക്ഷേത്രത്തിന് ശിലാസ്ഥാപനവും നടത്തി 'ഹിന്ദുരാഷ്ട്രം' എന്ന ലക്ഷ്യത്തിലേക്കുള്ള പടവുകളാണിവയെല്ലാം ആർ.എസ്സ്.എസ്സ് രൂപം കൊണ്ടതിന്റെ നൂറാം വാർഷികം 2025 ആണ്. 2024 ലെ തെരഞ്ഞെടുപ്പിലും വിജയിച്ച്, 2025 ൽ 'ഹിന്ദുരാഷ്ട്രം' പ്രഖ്യാപിക്കുക എന്ന ലക്ഷ്യം വെച്ചാണ് സംഘപരിവാർ നീങ്ങുന്നത്. മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ, ഹിറ്റ്ലറുടെ ജർമനി പോലെ ഒരു ഫാസിസ്റ്റ് രാജ്യമായി മാറുക എന്ന ലക്ഷ്യത്തോടെയാണ് സംഘപരിവാർ കരുക്കൾ നീക്കുന്നത്. അതീവ ഗൗരവതരമായ ഈ സാഹചര്യം മനസ്സിലാക്കി, രാജ്യത്തിന്റെ മതനിരപേക്ഷത ജനാധിപത്യസ്വഭാവം സംരക്ഷിക്കാൻ, എന്ത് പരിപാടിയാണ് കോൺഗ്രസ്സിന് ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കാനുള്ളത്?

സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങൾക്കും, വർഗീയതക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നത് ഇടതുപക്ഷ പാർട്ടികളും, തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുമാണ്. 2022 മാർച്ച് 28, 29 തീയതിയിലെ ദേശീയപണിമുടക്കും, ഒരു വർഷം നീണ്ടു നിന്ന കർഷകസമരം മുതലായവ, ഈ ദിശയിലുള്ള ശ്രദ്ധേയമായ മുന്നേറ്റങ്ങളാണ്. ഉദാരവൽക്കരണ നയങ്ങൾക്കും വർഗീയതക്കും ബദൽശക്തിയായി, രാജ്യത്തിനാകെ മാതൃകയും ആവേശവുമായി നിലകൊള്ളുകയാണ് കേരളത്തിലെ എൽഡിഎഫ് സർക്കാർ. ഈ വസ്തുത അംഗീകരിക്കാൻ കോൺഗ്രസ്സ് തയ്യാറാണോ?

രാജ്യം ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ വിപത്ത് സംഘപരിവാർ ഉയർത്തുന്ന ഭീഷണിയാണ്. ഈ വസ്തുത അംഗീകരിക്കുന്നുണ്ടെങ്കിൽ, കോൺഗ്രസ്സിന്റെ ദേശീയ പ്രചരണം, കേന്ദ്രീക

രിക്കേണ്ടത്, ബി.ജെ.പി ശക്തികേന്ദ്രങ്ങളിലല്ലേ? കേരളത്തിൽ 18 ദിവസമാണ് രാഹുൽഗാന്ധി പദയാത്ര നടത്തുന്നത്. “ജനങ്ങൾ ഒന്നിപ്പിച്ച് നിർത്തുന്നതിൽ കേരളം മാതൃകയാണെന്ന്” അദ്ദേഹം പ്രസംഗിച്ചതായി കണ്ടു. എന്നിട്ടും “ഭാരത് ജോഡോ” എന്ന ആശയം ആരെ ബോദ്ധ്യപ്പെടുത്താനാണ്, ദേശീയ തലത്തിലുള്ള ഒരു ജാഥ കൊച്ചു കേരളത്തിൽ 18 ദിവസങ്ങൾ സഞ്ചരിക്കുന്നത് ‘ഹിന്ദുത്വ’ പരീക്ഷണശാല എന്നറിയപ്പെടുന്ന ഗുജറാത്തിലേക്ക്, രാഹുൽ യാത്ര ഒരു ദിവസം പോലും എത്തുന്നില്ല. യോഗി ആദിത്യനാഥ് ഭരിക്കുന്ന യു.പി, ബിജെപി ഭരിക്കുന്ന മദ്ധ്യപ്രദേശ്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലൊന്നും രാഹുൽഗാന്ധി അധിക ദിവസങ്ങൾ യാത്ര ചെയ്യുന്നില്ല. ബി.ജെ.പിയെ നേരിടലാണ് ലക്ഷ്യമെങ്കിൽ വടക്കെ ഇന്ത്യയിലെ, ബിജെപി സ്വാധീന കേന്ദ്രങ്ങളിലല്ലേ, പ്രചരണം ശക്തമായി നടത്തേണ്ടത്.

ഇരുപതോളം ആഡംബര കാരവനുകളുമായി, കേരളത്തിൽ 18 ദിവസം പര്യടനം നടത്തുന്ന രാഹുൽഗാന്ധി, തിരുവനന്തപുരത്ത് ”വിഴിഞ്ഞം പദ്ധതി”ക്കെതിരെ സമരം ചെയ്യുന്നവരെ കണ്ടു. ”സിൽവർലൈൻ” വിരുദ്ധസമരക്കാരെ കാണുമെന്ന് കേൾക്കുന്നു. കേരളത്തിലെ വികസനപദ്ധതികളെ തകർക്കലാണോ രാഹുൽഗാന്ധിയുടെ ലക്ഷ്യം?

കേന്ദ്രസർക്കാർ അടച്ചുപൂട്ടി പട്ടിണിയിലാക്കിയ എൻ.ടി.സി മില്ലിലെ (വിജയമോഹിനി മിൽ തിരുവനന്തപുരത്താണ്) തൊഴിലാളികൾ ഒരു വർഷമായി സമരത്തിലാണ്. അവരെ ഒന്ന് കാണാൻ രാഹുലിന് സമയം ഉണ്ടാകുമോ? സ്വകാര്യവൽക്കരണത്തിനെതിരെ സമരം ചെയ്ത് വരുന്ന കൊച്ചിൻ റിഫൈനറി, കഞ്ചിക്കോട്ടെ ’ബെമൽ’, പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ എന്നീ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളെ അദ്ദേഹം കാണാൻ തയ്യാറാകുമോ? മുതലാളി അടച്ചുപൂട്ടിയതിനാൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ട തിരുവനന്തപുരത്തെ ”ഇംഗ്ലീഷ് ഇന്ത്യാ” കമ്പനിയിലെ തൊഴിലാളികളെ കാണാൻ കോൺഗ്രസ് നേതാവിന് മനസ്സുലിവുണ്ടാവുമോ? കോൺഗ്രസ്സ് സർക്കാർ ഒപ്പിട്ട ആസിയാൻ കരാറിന്റെ ഫലമായി, വില തകർന്ന് കഷ്ടത്തിലായ റബ്ബർ കർഷകരെയോ, തോട്ടം തൊഴിലാളികളെയോ രാഹുൽ സന്ദർശിക്കുമോ?

ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, തൊഴിലാളിക്ഷേമം, സാമൂഹ്യസുരക്ഷ, സാമൂഹ്യനീതി, മതസൗഹാർദം എന്നീ രംഗങ്ങളിലെല്ലാം മികച്ച നേട്ടം കൈവരിച്ച കേരളത്തിലെ എൽഡിഎഫ് സർക്കാരിനെതിരെ, അധികാരം നഷ്ട്ടപ്പെട്ട നിരാശയിൽ അട്ടിമറിസമരം നടത്തുന്ന യുഡിഎഫ് നേതാക്കളുടെ കളിപ്പാവയായി, രാഹുൽഗാന്ധിയെപ്പോലുള്ള ഒരു ദേശീയ നേതാവ് തരം താഴാൻ പാടില്ലായിരുന്നു.

സാമ്പത്തിക ഉപരോധത്തിലൂടെയും, കേന്ദ്ര ഏജൻസികളെയും ഗവർണറെയും ഉപയോഗിച്ചും, കേരള ഭരണം അട്ടിമറിക്കാൻ ശ്രമിക്കുന്ന ബിജെപിയുടെ ഇംഗിതം നടപ്പിലാക്കാൻ, രാഹുൽഗാന്ധി അച്ചാരം വാങ്ങിയോ? തങ്ങളുടെ പാർപ്പിടങ്ങൾക്കും ജീവനും നേരെ ഏത് നിമിഷവും പാഞ്ഞടുക്കുന്ന ബുൾഡോസറുകളെ ദുസ്വപ്നം കാണുന്ന, ഡൽഹി ഉൾപ്പെടെയുള്ള വടക്കെ ഇന്ത്യൻ പ്രദേശങ്ങളിലൊന്നും കോൺഗ്രസ് നേതാക്കളുടെ സാന്നിദ്ധ്യം കണ്ടില്ല. പൗരാവകാശങ്ങൾ തകർത്ത്, രാഷ്ട്രീയ എതിരാളികളെയും, തങ്ങളുടെ നയങ്ങളെ വിമർശിക്കുന്നവരെയും രാജ്യദ്രോഹികളായി മുദ്രകുത്തി. ജയിലലടക്കുന്ന ഈ കെട്ട കാലത്ത്, ജനങ്ങൾക്ക് എന്ത് പ്രതീക്ഷയാണ്, രാഹുലിന്റെ ജാഥ നൽകുന്നത്? യു.പിയിലെ ഹത്രാസിൽ, ബലാൽസംഗത്തിനിരയായി കൊല ചെയ്യപ്പെട്ട ഒരു പാവം ദളിത് യുവതിയുടെ ദയനീയ കഥ റിപ്പോർട്ട് ചെയ്യാൻ പോയതിന്റെ പേരിൽ കൽതുറങ്കിലടക്കപ്പെട്ട പത്രപ്രവർത്തകൻ സിദ്ദീഖ് കാപ്പന്റെ കുടുംബത്തെയെങ്കിലും രാഹുൽഗാന്ധി ആശ്വസിപ്പിക്കുമോ? ഒരു ദേശീയ പാർട്ടിയുടെ ദയനീയ പതനം!!!



### ബിജെപി സർക്കാരിന്റെ

# രാജ്യവിരുദ്ധ കോർപ്പറേറ്റ് പ്രീണന വർഗീയ നയങ്ങൾക്കെതിരെ

### തൊഴിലാളികളുടെയും കർഷകരുടെയും അവകാശങ്ങൾക്കായുള്ള

## അഖിലേന്ത്യ കൺവൻഷൻ പ്രഖ്യാപനം

2022 സെപ്തംബർ 5, തൽക്കത്തോറ സ്റ്റേഡിയം, ന്യൂഡൽഹി




**സ്വാതന്ത്ര്യലബ്ധിക്ക് 75 വർഷം പൂർത്തിയായിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത എന്നിവയിൽ നിന്ന് മുക്തമായ, എല്ലാ ജനങ്ങൾക്കും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളും നിർദ്ദേശതത്വങ്ങളും ഉറപ്പുവരുത്തുന്ന മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിനായി സ്വാതന്ത്ര്യസമരത്തിൽ ജീവത്യാഗം ചെയ്ത നമ്മുടെ മുൻതലമുറ നെഞ്ചേറ്റിയ കാഴ്ചപ്പാട് സാക്ഷാത്കരിക്കാനുള്ള പോരാട്ടം തുടരാനുള്ള പ്രതിബദ്ധത രാജ്യത്തെ അധ്വാനിക്കുന്ന ജനതയുടെ പ്രതിനിധികളായ ഞങ്ങൾ ആവർത്തിക്കുന്നു.**

രാജ്യത്തെ തൊഴിലാളികളും കർഷകരും കർഷക തൊഴിലാളികളും സിഐടിയു, അഖിലേന്ത്യാ കിസാൻ സഭ (എഐകെഎസ്), അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ (എഐഎഡബ്ല്യൂയു) എന്നീ സംഘടനകളുടെ ആഹ്വാന പ്രകാരമാണ് ഈ ദേശീയ കൺവൻഷൻ ചേർന്നത്. 2018 സെപ്തംബർ 5ന് നടന്ന ചരിത്രപ്രസിദ്ധമായ മസ്ദൂർ കിസാൻ സംഘർഷ് റാലിയുടെ നാലാം വാർഷിക വേളയിലാണ് കൺവൻഷൻ ചേർന്നത്. തങ്ങളുടെ അധ്വാനത്തിലൂടെ രാജ്യത്തിന്റെ സമ്പത്ത് ഉൽപ്പാദിപ്പിക്കുന്ന തൊഴിലാളികളുടെയും കർഷകരുടെയും കർഷക തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഐക്യ സമരത്തെ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള നമ്മുടെ നിശ്ചയദാർഢ്യം പുതുക്കുവാനുള്ള അവസരം കൂടിയായി കൺവെൻഷൻ

സ്വാതന്ത്ര്യലബ്ധിക്ക് 75 വർഷം പൂർത്തിയായിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത എന്നിവയിൽ നിന്ന് മുക്തമായ,

എല്ലാ ജനങ്ങൾക്കും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളും നിർദ്ദേശ തത്വങ്ങളും ഉറപ്പുവരുത്തുന്ന മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിനായി സ്വാതന്ത്ര്യസമരത്തിൽ ജീവത്യാഗം ചെയ്ത നമ്മുടെ മുൻതലമുറ നെഞ്ചേറ്റിയ കാഴ്ചപ്പാട് സാക്ഷാത്കരിക്കാനുള്ള പോരാട്ടം തുടരാനുള്ള പ്രതിബദ്ധത രാജ്യത്തെ അധ്വാനിക്കുന്ന ജനതയുടെ പ്രതിനിധികളായ ഞങ്ങൾ ആവർത്തിക്കുന്നു.

കഴിഞ്ഞ 75 വർഷത്തെ പോരാട്ടങ്ങളും ത്യാഗവും കൊണ്ട് നമ്മൾ ഒന്നൊന്നായി കെട്ടിപ്പടുത്തതെല്ലാം ആർഎസ്എസ് നിയന്ത്രണത്തിലുള്ള ബിജെപിയുടെ മോദി സർക്കാർ തകർക്കുകയാണെന്ന് വേദനയോടെ കുറിക്കട്ടെ. ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്നും വംശം, ജാതി, മതം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള അടിച്ചമർത്തലുകളിൽ നിന്നും വിവേചനങ്ങളിൽ നിന്നും മുക്തമായി സ്വാതന്ത്ര്യത്തോടെയും അന്തസ്സോടെയും ജീവിക്കുന്ന ഇന്ത്യ എന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നത്തെയാണ് ഈ സർക്കാർ അട്ടിമറിക്കുന്നത്. 'ആസാദി കാ അമൃത് മഹോത്സവി'ന്റെ പൊള്ളത്തരമാണ് കഴിഞ്ഞ എട്ട് വർഷത്തെ ദുർഭരണത്തിൽ തുറന്നുകാട്ടപ്പെട്ടത്.

നമ്മുടെ സമ്പദ് വ്യവസ്ഥ, നാം നേടിയെടുത്ത ഭക്ഷ്യസുരക്ഷ, ഉൽപ്പാദന ശേഷി, ജനാധിപത്യ, മതേതര, ഫെഡറൽ രാഷ്ട്രീയ സംവിധാനം, ഭരണഘടനാ അവകാശങ്ങൾ, പാർലമെന്ററി മാനദണ്ഡങ്ങൾ, സമ്പ്രദായങ്ങൾ എന്നിവയെല്ലാം അപകടത്തിലാണ്. കോവിഡ് പടരുംമുമ്പേ നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്കു നേരിട്ട പ്രതിസന്ധി മൂലം ജനങ്ങൾ ദുരിതത്തിലായിരുന്നു.

വില വർധിക്കുകയും കൂലി കുറയുകയുമാണ്. അറ്റാദായ മൂല്യവർധനയിൽ കൂലിയുടെ പങ്ക് ഏറ്റവും താഴ്ന്ന നിലയിലാണ്. ചെറുകിട കർഷകർക്കും ഇടത്തരം കർഷകർക്കും കൃഷി ചെയ്യാനാകാത്ത സ്ഥിതി. ഗ്രാമീണ മേഖലയിൽ കൃഷി ഗണ്യമായി കുറഞ്ഞു. തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും കുതിച്ചുയരുന്നതിനൊപ്പം തൊഴിൽ അന്തരീക്ഷവും മോശമായി. സ്ത്രീകൾ, ദളിത്, ആദിവാസി, ന്യൂനപക്ഷം എന്നിവർക്കെതിരായ ആക്രമണങ്ങൾ വലിയ രീതിയിൽ വർധിച്ചു.

ഇന്ത്യൻ എക്കോണമി മോണിറ്ററിങ് സെന്ററിന്റെ റിപ്പോർട് പ്രകാരം 20-24 പ്രായക്കാരിൽ 42ശതമാനത്തിനും തൊഴിലില്ല. തൊഴിൽ പങ്കാളിത്ത നിരക്ക് 38.8ശതമാനമെന്ന എക്കാലത്തെയും താഴ്ന്ന നിലയിലെത്തി. ഗ്രാമീണ മേഖലയിലെ സ്ത്രീകളെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിച്ചത്. അവരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ചരിത്രത്തിലെ ഏറ്റവും

## പ്രവർത്തന പരിപാടി

ആവശ്യങ്ങൾ രാജ്യത്തെ തൊഴിലാളികളിലേക്കും കർഷകരിലേക്കും കർഷകത്തൊഴിലാളികളിലേക്കും എത്തിക്കുന്നതിന്, മൂന്ന് സംഘടനകളുടെയും ഏറ്റവും താഴെത്തട്ടിലുള്ള എല്ലാ യൂണിറ്റുകളോടും വിപുലമായ കാമ്പയിൻ ഏറ്റെടുക്കാൻ ഈ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു:

1) 2022 ഒക്ടോബർ അവസാനത്തോടെ ക്യാമ്പയിൻ ആസൂത്രണം ചെയ്യുന്നതിനായി മൂന്ന് സംഘടനകളുടെയും സംസ്ഥാനതല ഭാരവാഹികൾ സംയുക്ത യോഗങ്ങൾ ചേരണം
2) 2022 നവംബർ ഡിസംബർ മാസത്തോടെ ജില്ലാതല സംയുക്ത യോഗം ചേരണം
3) 2023 ജനുവരി യിൽ സംസ്ഥാനതല സംയുക്ത കൺവെൻഷൻ ചേരണം
4) സംസ്ഥാന ജില്ലാ സംയുക്ത യോഗങ്ങളിൽ ആസൂത്രണം ചെയ്തതുപോലെ, അടുത്ത നാല് മാസത്തിനുള്ളിൽ പ്രാദേശിക ആവശ്യങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിച്ച് ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുകയും ചുമരെഴുത്ത്, ഗ്രൂപ്പ് മീറ്റിങ്ങുകൾ, ജാഥകൾ, എന്നിവ സംഘടിപ്പിക്കുകയും വേണം
5) 2023 ഫെബ്രുവരിയിൽ ജില്ലാ/ പ്രാദേശിക കൺവെൻഷനുകൾ സംഘടിപ്പിക്കണം.
6) ഈ കൺവൻഷന്റെ സന്ദേശം നാടിന്റെ മുക്കിലും മൂലയിലും എത്തിക്കാൻ ജാഥകൾ സംഘടിപ്പിക്കണം
7) പാർലമെന്റിൽ 2023 ബജറ്റ് സമ്മേളനം നടക്കുമ്പോൾ വൻതോതിലുള്ള 'മസ്ദൂർ കിസാൻ സംഘർഷ് റാലി 2.0' സംഘടിപ്പിക്കും

രാജ്യവ്യാപകമായി നടത്തുന്ന ഈ ക്യാമ്പയിനും പരിപാടികൾക്കും പിന്തുണയും ഐക്യദാർഢ്യവും നൽകണമെന്ന് രാജ്യത്തെ എല്ലാ പുരോഗമന/ജനാധിപത്യ വിശ്വാസികളോടും, ദേശസ്നേഹികളോടും കൺവെൻഷൻ അഭ്യർഥിക്കുന്നു

**സിഐടിയു എഐകെഎസ് എഐഎഡബ്ല്യൂയു**

# ആവശ്യങ്ങൾ

1) എല്ലാവർക്കും 26,000 രൂപ മിനിമം വേതനം. 10,000 രൂപ പെൻഷൻ. കരാർ തൊഴിൽ പാടില്ല. അഗ്നിപഥ് സ്കീം പിൻവലിക്കണം.
2) എല്ലാ വിളകൾക്കും 2+50% മിനിമം താങ്ങുവില ഉറപ്പാക്കുക
3) ദരിദ്രരുടെയും ഇടത്തരം കർഷകരുടെ കടങ്ങൾ കേന്ദ്രം എഴുതിതള്ളണം. അറുപത് വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ നൽകണം.
4) നാല് ലേബർ കോഡ്, വൈദ്യുതി ഭേദഗതി ബിൽ 2022 എന്നിവ പിൻവലിക്കണം.
5) എല്ലാവർക്കും തൊഴിൽ സുരക്ഷ ഉറപ്പാക്കണം. ദിവസം 600 രൂപ മിനിമം വേതന പ്രകാരം മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ 200 ദിവസമാക്കണം. കുടിശ്ശിക ഉടൻ നൽകണം. ദേശീയ നഗര തൊഴിലുറപ്പ് നിയമം നടപ്പിലാക്കണം.
6) പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം, നാഷണൽ മോണിറ്റിസൈഷൻ പൈപ്പ്ലൻ(എൻഎംപി) തുടങ്ങിയവ അവസാനിപ്പിക്കണം
7) വിലക്കയറ്റം തടയണം. ഭക്ഷ്യവസ്തുക്കളിലും ആവശ്യവസ്തുക്കളിലുമുള്ള ജിഎസ്ടി പിൻവലിക്കണം. പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയിലെ കേന്ദ്രതീരുവ കുറക്കണം
8) പൊതുവിതരണ സമ്പ്രദായം (പിഡിഎസ്) സാർവത്രികമാക്കുകയും 14 അവശ്യ ഇനങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുകയും വേണം
9) നികുതിദായകരല്ലാത്ത എല്ലാ കുടുംബങ്ങൾക്കും ഭക്ഷണവും വരുമാന പിന്തുണയും ഉറപ്പാക്കണം
10) വനാവകാശ നിയമം (എഫ്ആർഎ) നടപ്പാക്കണം. താമസക്കാരെ പോലും അറിയിക്കാതെ വനം വെട്ടിമാറ്റാൻ കേന്ദ്രസർക്കാരിനെ അനുവദിക്കുന്ന വനം (സംരക്ഷണ) നിയമത്തിലെയും ചട്ടങ്ങളിലെയും ഭേദഗതികൾ പിൻവലിക്കണം
11) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ മേലുള്ള അടിച്ചമർത്തൽ അവസാനിപ്പിക്കണം. സാമൂഹിക നീതി ഉറപ്പാക്കണം
12) എല്ലാവർക്കും സാർവത്രികവും ഗുണനിലവാരമുള്ളതുമായ ആരോഗ്യവും വിദ്യാഭ്യാസവും ഉറപ്പാക്കണം. ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കണം
13) എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കണം
14) അതിസമ്പന്നർക്ക് നികുതി ചുമത്തണം; കോർപ്പറേറ്റ് നികുതി, വെൽത്ത് ടാക്സ് എന്നിവ വർദ്ധിപ്പിക്കണം

താഴ്ന്ന നിരക്കായ 10ശതമാനത്തിലെത്തി. ലക്ഷക്കണക്കിന് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ അടച്ചുപൂട്ടി, കോടിക്കണക്കിന് തൊഴിലവസരങ്ങൾ ഇല്ലാതായി. സ്ഥിരം ജോലികളും ഇല്ലാതാകുകയാണ്. കരാർ ജോലികൾ വർധിക്കുകയാണ്. മോദി ഭരണത്തിന് കീഴിൽ ജോലികളുടെ കരാർവൽക്കരണത്തിന് നിയമ പരിരക്ഷയും ലഭിക്കുകയാണ്.

പൊതുമേഖലാ, ധനകാര്യ സ്ഥാപനങ്ങൾ, പ്രധാന തുറമുഖങ്ങൾ, ടെലികോം മേഖല, ഓയിൽ ആൻഡ് ഗ്യാസ് പൈപ്പ് ലൈനുകൾ, റെയിൽവേ, ഹൈവേ, വിമാനത്താവളങ്ങളും എയർലൈനുകളും, വൈദ്യുതി, സ്റ്റീൽ, പോസ്റ്റൽ സർവീസ് തുടങ്ങി രാജ്യത്തിന്റെ എല്ലാ ഉല്പാദന ആസ്തികളും സമ്പത്തും അന്ധമായ സ്വകാര്യവത്കരണത്തിലൂടെ കുത്തകകൾക്ക് കേന്ദ്രം കൈമാറിയിരിക്കുകയാണ്. ജനങ്ങളുടെ പണത്തിൽ നിന്ന് കെട്ടിപ്പൊക്കിയ അടിസ്ഥാന സൗകര്യങ്ങൾ കൂടെ ഇവർക്ക് കൈമാറുന്നതിനാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ(എംഎംപി) രൂപീകരിച്ചിരിക്കുന്നത്.

ഇത് ജനങ്ങളുടെ മേലുള്ള ഭാരം വർധിപ്പിക്കും. മാത്രമല്ല ദളിതർക്കും ഗോത്രവർഗക്കാർക്കും പിന്നോക്ക സമുദായങ്ങൾക്കും സമൂഹത്തിലെ മറ്റ് അധഃസ്ഥിത വിഭാഗങ്ങൾക്കും സർക്കാർ ജോലികളിൽ നൽകിയിരുന്ന സംവരണമെന്ന ഭരണഘടനാപരമായ അവകാശത്തെ എടുത്തുകളയുകയും ചെയ്യും.

അതേസമയം കേന്ദ്ര സർക്കാർ വൻകിട കുത്തക കമ്പനികളായ അംബാനിയെയും അദാനിയെയും വാരിക്കോരി സഹായിക്കുക

യാണ്. കോർപ്പറേറ്റ് നികുതി നിരക്ക് തുടർച്ചയായി കുറയ്ക്കുക, വെൽത്ത് ടാക്സ് നിർത്തലാക്കുക, ചാർജുകൾ/നികുതികൾ, കടം തിരിച്ചടവ് തുടങ്ങിയവയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക തുടങ്ങി വൻ ഓഫറുകളാണ് കോർപ്പറേറ്റുകൾക്കായി നൽകുന്നത്. കോവിഡ് മഹാമാരിക്കിടയിലും രാജ്യത്തെ മഹാസമ്പന്നർ അവരുടെ സ്വത്ത് പതിമടങ്ങ് വർധിപ്പിച്ചു. രാജ്യത്തെ ജിഡിപിയുടെ 70 ശതമാനത്തെക്കാൾ സ്വത്ത് ഒരു ശതമാനം ധനികർക്കുണ്ടെന്നത് നമ്മുടെ രാജ്യത്തെ അസമത്വത്തെ തുറന്നുകാട്ടുന്നു. കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ തങ്ങളുടെ ചങ്ങാത്ത മുതലാളിമാർക്കായി 10.72 ലക്ഷം കോടി രൂപയാണ് കേന്ദ്രം എഴുതി തള്ളിയത്.

ലോക മുതലാളിത്ത പ്രതിസന്ധിയുടെയും സാമ്രാജിത്വ യുദ്ധങ്ങളുടെയും പശ്ചാത്തലത്തിൽ സ്ഥിഥിഗതികൾ കൂടുതൽ വഷളാവുകയാണ്. മോഡി സർക്കാരിന്റെ ജന കർഷക വിരുദ്ധ കാർഷിക നിയമങ്ങൾക്കെതിരെ പൊരുതുകയും അവ പിൻവലിപ്പിക്കാൻ നിർബന്ധിതരാക്കുകയും ചെയ്ത ലക്ഷകണക്കിന് കർഷകരെ, തൊഴിലാളികളെ ഈ കൺവൻഷൻ അഭിവാദ്യം ചെയ്യുന്നു. ഐതിഹാസിക കർഷക സമരത്തിന് പിന്തുണ നൽകിയ മുഴുവൻ അധ്വാനിക്കുന്ന തൊഴിലാളി വർഗത്തെയും കൺവെൻഷൻ അഭിനന്ദിക്കുന്നു.

കർഷകർക്ക് നൽകിയ ഉറപ്പുകൾ ലംഘിക്കുന്ന മോദി സർക്കാരിനെ ഈ കൺവെൻഷൻ ശക്തമായി അപലപിക്കുന്നു. മുഴുവൻ വിളകൾക്കും താങ്ങുവില ഉറപ്പാക്കും, വൈദ്യുതി ഭേദഗതി നിയമം കർഷകരുമായി ആലോചിച്ച് മാത്രമേ നടപ്പാക്കു, കർഷക സമരങ്ങളുമായി ബന്ധപ്പെട്ട് എടുത്ത കേസുകൾ പിൻവലിക്കും തുടങ്ങി നിരവധി ഉറപ്പുകളാണ് മോഡി സർക്കാർ കർഷകർക്ക് നൽകിയത്. എന്നാൽ ഉറപ്പിന് വിരുദ്ധമായി വൈദ്യുതി സ്വകാര്യവൽക്കരിക്കാനുള്ള വൈദ്യുതി ഭേദഗതി ബിൽ സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചു. ഒടുവിൽ സമ്മർദ്ദം മൂലം ബിൽ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്.

കാർഷിക നിയമങ്ങൾ, തൊഴിൽ നിയമങ്ങൾ, വൈദ്യുതി ബിൽ, സ്വകാര്യവൽക്കരണം എന്നിവയെല്ലാം മോഡി സർക്കാരിന്റെ നവലിബറൽ നയങ്ങളുടെ ഭാഗമാണ്. എതിർപ്പുകളെയെല്ലാം മോഡി സർക്കാർ നിഷ്കരുണം അടിച്ചമർത്തുകയാണ്. മനുഷ്യാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും ആക്രമിക്കപ്പെടുന്നു. ഭരണഘടന പരസ്യമായി ലംഘിക്കുന്നു.

തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും മാത്രമല്ല; യുവാക്കളും വിദ്യാർത്ഥികളും സ്ത്രീകളും മറ്റ് പല വിഭാഗങ്ങളും ഇന്ന് ജോലി, ഭക്ഷണം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യ സുരക്ഷ, ജനാധിപത്യ അവകാശങ്ങളുടെ സംരക്ഷണം, രാജ്യത്തിന്റെ മതേതര സ്വഭാവത്തിന്റെ പരിപക്ഷ എന്നിവയ്ക്കായി പോരാടുകയാണ്.

ഇന്നത്തെ സമരങ്ങൾ ഉപജീവനം, ജീവിത തൊഴിൽ സാഹചര്യം തുടങ്ങി നമ്മുടെ അടിയന്തര ആവശ്യങ്ങൾക്ക് വേണ്ടി മാത്രമുള്ളതല്ലെന്ന് കൺവെൻഷൻ ഉറപ്പിച്ചു പറയുന്നു. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ രക്ഷിക്കാനാണ് ഈ സമരങ്ങൾ. മതേതര ജനാധിപത്യ സ്വഭാവത്തെ കശാപ്പുചെയ്യുന്ന ബിജെപി ആർഎസ്എസ് ഭരണത്തിൽ നിന്നും നമ്മുടെ രാജ്യത്തെ രക്ഷിക്കാനാണ് ഈ സമരങ്ങൾ. 'ഹിന്ദുത്വ' ശക്തികളുടെ ആക്രമണത്തിൽ നിന്ന് നമ്മുടെ ഭരണഘടനയെ രക്ഷിക്കാനാണ്. ഈ ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങളിൽ നിന്നും ശക്തികളിൽ നിന്നും രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാനാണ് നമ്മുടെ സമരങ്ങൾ.

സാമ്രാജ്യത്വ അനുകൂല, നവലിബറൽ, വർഗീയ, സ്വേച്ഛാധിപത്യ ബിജെപി ആർഎസ്എസ് ഭരണത്തെ പരാജയപ്പെടുത്തുന്നതിനായുള്ള പോരാട്ടത്തിനിറങ്ങാൻ രാജ്യത്തെ മുഴുവൻ തൊഴിലാളികളോടും കർഷകരോടും കർഷക തൊഴിലാളികളോടും കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു.

**കേന്ദ്ര സർക്കാർ വൻകിട കുത്തക കമ്പനികളെ വാരിക്കോരി സഹായിക്കുകയാണ്. കോർപ്പറേറ്റ് നികുതി നിരക്ക് തുടർച്ചയായി കുറയ്ക്കുക, വെൽത്ത് ടാക്സ് നിർത്തലാക്കുക, ചാർജുകൾ/നികുതികൾ, കടം തിരിച്ചടവ് തുടങ്ങിയവയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക തുടങ്ങി വൻ ഓഫറുകളാണ് നൽകുന്നത്. കോവിഡ് മഹാമാരിക്കിടയിലും മഹാസമ്പന്നർ സ്വത്ത് പതിന്മടങ്ങ് വർധിപ്പിച്ചു. രാജ്യത്തെ ജിഡിപിയുടെ 70 ശതമാനത്തെക്കാൾ സ്വത്ത് ഒരു ശതമാനം ധനികർക്കുണ്ടെന്നത് അസമത്വത്തെ തുറന്നുകാട്ടുന്നു. ഏഴ് വർഷത്തിനിടയിൽ ചങ്ങാത്ത മുതലാളിമാർക്കായി 10.72 ലക്ഷം കോടി രൂപയാണ് കേന്ദ്രം എഴുതി തള്ളിയത്.**

# കെ.എസ്.ആർ.ടി.സി
# വസ്തുതകൾ




**2016 ൽ എൽഡിഎഫ് അധികാരമേൽക്കുന്ന സമയത്ത്, കെഎസ്ആർടിസി അതീവ ഗുരുതരമായ പ്രതിസന്ധിയിലായിരുന്നു. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന യുഡിഎഫ് സർക്കാരിന്റെയും നയങ്ങളാണ് ഈ പ്രതിസന്ധി സൃഷ്ടിച്ചത്. കെഎസ്ആർടിസിയെ പൊതുമേഖലയിൽ നിലനിർത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. അത് വളരെ എളുപ്പവുമുള്ള കാര്യമല്ല. പൊതുമേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയത്തോട് ഏറ്റുമുട്ടിയേ ഇത് വിജയിക്കൂ. കേന്ദ്രസർക്കാരിന്റെ മോട്ടോർ വാഹന നിയമഭേദഗതി, ഡീസൽ-ഓയിൽ വിലകളിലുണ്ടായ വൻവിലക്കയറ്റം, ട്രാൻസ്പോർട്ട് മേഖലയെ ആകെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.**



എളമരം കരീം

**യുഡിഎഫ് സർക്കാരിന്റെ കാലത്ത്  കെഎസ്ആർടിയുടെ വസ്തുവകകൾ പണയപ്പെടുത്തി കടമെടുത്താണ് ഓരോ മാസത്തെയും ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. കെടിഡിഎഫ്.സി (കേരള ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ), ഹഡ്കോ, വിവിധ ജില്ലാസഹകരണ ബാങ്കുകൾ, എൽഐസി, പവർ ഫിനാൻസ കോർപറേഷൻ തുടങ്ങി കിട്ടാവുന്നിടത്ത് നിന്നെല്ലാം കടം വാങ്ങി. 16 ശതമാനം വരെ കൊള്ളപലിശക്കായിരുന്നു ഈ വായ്പകളെല്ലാം വാങ്ങിയത്. കടം പെരുകി 3100 കോടി രൂപയിലെത്തി. പ്രതിദിന വരുമാനത്തിൽ നിന്ന് പിടിച്ചെടുക്കാമെന്ന വ്യവസ്ഥയിൽ 'എസ് ക്രോ' സംവിധാനത്തിലായിരുന്നു, വായ്പയുടെ വ്യവസ്ഥകൾ. ഒരു ദിവസം ശരാശരി 5 കോടി രൂപ വരുമാനം ലഭിക്കുമ്പോൾ മൂന്ന് കോടി രൂപ വായ്പാ തിരിച്ചടവിലേക്കാണ് പോയത്.**

കെ.എസ്.ആർ.ടി.സിയെ, എൽഡിഎഫ് സർക്കാരിനെ തിരായുള്ള ദുഷ്പ്രചരണത്തിന് ആയുധമാക്കിയിരിക്കുകയാണ് ഇടതുപക്ഷ വിരുദ്ധ മാധ്യമങ്ങൾ. മുതലക്കണ്ണീരുമായി യുഡിഎഫും, ബിജെപിയും തകർത്താടുന്നുണ്ട്. സംസ്ഥാന താൽപ്പര്യമോ, തൊഴിലാളി താൽപ്പര്യമോ, സംരക്ഷിക്കാനല്ല ഇവരാരും ശ്രമിക്കുന്നത്. അവസരം കിട്ടിയാൽ തൊഴിലാളികളെ അധിക്ഷേപിക്കാൻ ആവേശം കാണിക്കുന്നവരാണ് ഇവരെല്ലാവരും. 2022 മാർച്ച് 28, 29 തീയതികളിൽ കേന്ദ്രസർക്കാരിന്റെ തൊഴിലാളി ദ്രോഹജനദ്രോഹ നയങ്ങൾക്കെതിരെ ദേശീയ ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്കിൽ പങ്കെടുത്ത കേരളത്തിലെ തൊഴിലാളികൾക്കെതിരെ, ഉറഞ്ഞ് തുള്ളുകയായിരുന്നുല്ലോ, 'മാധ്യമ' കേസരികൾ. പൊതുമേഖലയെ തകർക്കരുതെന്നായിരുന്നു പ്രസ്തുത പണിമുടക്കിൽ ഉയർത്തിയ ഒരു പ്രധാന മുദ്രാവാക്യം. അന്ന് കാണാത്ത വികാരം, ഇവർക്ക് പെട്ടെന്ന് പൊട്ടിമുളച്ചത് എന്തടിസ്ഥാനത്തിലാണ്?

പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുകയും, വികസിപ്പിക്കുകയും ചെയ്യുക എന്നതാണ്. എൽഡിഎഫ് സർക്കാരിന്റെ പ്രഖ്യാപിത നയം. 1991 മുതൽ ആഗോളവൽക്കരണ നയം ആരംഭിച്ചതിനു ശേഷം, പൊതുമേഖലയെ തകർക്കുന്ന നയം കോൺഗ്രസ്സിന്റെയും ബിജെപിയുടെയും നേതൃത്വത്തിലുള്ള കേന്ദ്രസർക്കാരുകൾ സ്വീകരിച്ചപ്പോഴെല്ലാം, അതിനെ ശക്തിയായി എതിർക്കുകയും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും ചെയ്തവരാണ് 91 ന് ശേഷമുള്ള എൽഡിഎഫ് സർക്കാരുകൾ 2001 ൽ അധികാരമേറ്റ യുഡിഎഫ് സർക്കാർ എഡിബി വായ്പക്കുള്ള വ്യവസ്ഥയുടെ ഭാഗമായി നിയോഗിച്ച "എന്റർ പ്രൈസസ് റിസോഴ്സ് കമ്മിറ്റി"യുടെ ശുപാർശകൾ പ്രകാരം, 26 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചു പൂട്ടിയത്. തൊഴിലാളികൾ ഒറ്റക്കെട്ടായി നടത്തിയ ചെറുത്തുനില്പിന്റെ ഫലമായിട്ടാണ്, സ്വകാര്യ വൽക്കരണവും, വില്പനയും 26 ൽ ഒതുങ്ങിയത്.

2003 ൽ വാജ് പെയി സർക്കാർ വൈദ്യുതി സ്വകാര്യവൽക്കരണ നിയമം കൊണ്ടു വന്നപ്പോൾ, കെഎസ്ഇബിയെ സ്വകാര്യ വൽക്കരിക്കാൻ ശ്രമിച്ചവരാണ്, അന്നത്തെ യുഡിഎഫ്എഫ് സർക്കാർ. ജീവനക്കാരുടെ ശക്തമായ പ്രക്ഷോഭമാണ്, അവരെ പിന്തിരിപ്പിച്ചത്. 2006 ൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ, വൈദ്യുതി ബോർഡിനെ പൊതുമേഖലാ കമ്പനിയാക്കി നിലനിർത്താൻ തീരുമാനിച്ചു. ക്രോസ് സബ്സിഡിയിലൂടെ ചെറുകിട ഉപഭോക്താക്കൾക്ക്, ആശ്വാസം ലഭിച്ചത് വരുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

പൊതുമേഖലയോട് ബിജെപിയും കോൺഗ്രസ്സും കൈക്കൊള്ളുന്ന നിലപാട്, നന്നായറിയാവുന്ന കേരളജനതയെ വിഡ്ഢികളാക്കാമെന്ന വ്യാമോഹത്തിലാണ്, കെഎസ്ആർടിസിയിലെ പ്രശ്നങ്ങൾ, നിറം ചാലിച്ച് പ്രചരണം നടത്താൻ എൽഡിഎഫ് വിരുദ്ധർ ഒന്നിച്ച് ശ്രമിക്കുന്നത്.

2016 ൽ  എൽഡിഎഫ് അധികാരമേൽക്കുന്ന സമയത്ത്, കെഎസ്ആർടിസി അതീവ ഗുരുതരമായ പ്രതിസന്ധിയിലായിരുന്നു. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന യുഡിഎഫ് സർക്കാരിന്റെയും നയങ്ങളാണ് ഈ പ്രതിസന്ധി സൃഷ്ടിച്ചത്. ജീവനക്കാർക്ക് കൃത്യമായി ശമ്പളവും, വിരമിച്ചവർക്ക് പെൻഷനും നൽകാൻ കഴിഞ്ഞിരുന്നില്ല. പെൻഷൻ മുടങ്ങിയതിനാൽ ഒരു മുൻ ജീവനക്കാർ ആത്മഹത്യ ചെയ്ത ദുരനുഭവവും ഉണ്ടായി.

സ്ഥാപനത്തിന്റെ വസ്തുവകകൾ പണയപ്പെടുത്തി. കടമെടുത്താണ് അക്കാലത്ത് ഓരോ മാസത്തെയും ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. കെ.ടി.ഡി.എഫ്.സി (കേരള ടാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർ

പ്പറേഷൻ), ഹഡ്കോ, വിവിധ ജില്ലാസഹകരണ ബാങ്കുകൾ, എൽഐസി, പവർ ഫിനാൻസ കോർ പറേഷൻ തുടങ്ങി കിട്ടാവുന്നിടത്ത് നിന്നെല്ലാം കടം വാങ്ങി. 16 ശതമാനം വരെ കൊള്ളപലിശക്കായിരുന്നു ഈ വായ്പകളെല്ലാം വാങ്ങിയത്. കടം പെരുകി 3100 കോടി രൂപയിലെത്തി.

പ്രതിദിന വരുമാനത്തിൽ നിന്ന് പിടിച്ചെടുക്കാമെന്ന വ്യവസ്ഥയിൽ 'എസ് ക്രോ' സംവിധാനത്തിലായിരുന്നു, വായ്പയുടെ വ്യവസ്ഥകൾ. ഒരു ദിവസം ശരാശരി 5 കോടി രൂപ വരുമാനം ലഭിക്കുമ്പോൾ മൂന്ന് കോടി രൂപ വായ്പാ തിരിച്ചടവിലേക്ക് പോയി. ബാക്കി രണ്ട് കോടി രൂപ മാത്രമാണ്, ഹെഡ്ഡാഫീസിലേക്ക് എത്തിയിരുന്നത്. ഡീസൽ വില നൽകാൻ പോലും ഈ തുക തികയുമായിരുന്നില്ല. ശമ്പളം, പെൻഷൻ, സ്പെയർ പാർട്സ്, ടയർ തുടങ്ങിയ ചെലവുകൾക്ക് വീണ്ടും കടമെടുക്കേണ്ടി വന്നു. ഒരിടത്ത് നിന്നും കടം ലഭിക്കാത്ത സാഹചര്യം വന്നപ്പോൾ ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ മുടങ്ങി. ഓയിൽ കമ്പനികൾ ഡീസൽ നൽകുന്നത് നിർത്തി. 2016 ൽ എൽഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ കെഎസ്ആർടിസിയുടെ പരിതാപകരമായ അവസ്ഥ ഇതായിരുന്നു.

## എൽഡിഎഫ് സർക്കാർ നടത്തിയ ശ്രമങ്ങൾ

2016 ൽ എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്ന ഉടനെ, കെഎസ്ആർടിസിയെ പുനരുദ്ധരിക്കാനുള്ള നടപടികൾ ആരംഭിച്ചു. കോർപറേഷന്റെ അവസ്ഥ പഠിച്ച് പുനരുദ്ധാരണ റിപ്പോർട്ട് തയ്യാറാക്കാൻ പ്രശസ്ത സാമ്പത്തിക വിദഗ്ധൻ പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചു. ആറ് മാസത്തിനകം പ്രൊഫ.സുശീൽ ഖന്ന പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. സർക്കാർ ചെയ്യേണ്ട കാര്യങ്ങളും, മാനേജ്മെന്റും തൊഴിലാളികളും ചെയ്യേണ്ട കാര്യങ്ങളും അടങ്ങുന്നതായിരുന്നു ഖന്നയുടെ റിപ്പോർട്ട്.

## പ്രധാന നിർദ്ദേശങ്ങൾ

(എ) സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ

1. ആസൂത്രണം ഇല്ലാതെയുള്ള കടം വാങ്ങലും ലാഭകരമല്ലാത്ത പ്രവർത്തനങ്ങളും സ്ഥാപനത്തിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കി. (2011 മുതൽ 2016 വരെയുള്ള യുഡിഎഫ് സർക്കാരാണ് ഇതിനുത്തരവാദി) സർക്കാർ സഹായം ലഭ്യമല്ലാത്തതുകൊണ്ട് അടിസ്ഥാനസാമ്പത്തികം കടം വാങ്ങൽ മാത്രമായി ചുരുങ്ങി. ഈ അവസ്ഥക്ക് മാറ്റമുണ്ടാക്കി സാമ്പത്തിക പുന:സംഘടന നടത്തണം.
2. വലിയ പെൻഷൻ ബാദ്ധ്യത സ്ഥിതി ഗുരുതരമാക്കി.
3. ബാങ്ക്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ചെലവുകൾക്കായി വായ്പയെടുത്ത് കൂട്ടുന്നത് കെഎസ്ആർടിസിയുടെ ഉൽപ്പാദനക്ഷമതയെ ബാധിച്ചു.
4. സർക്കാരിന്റെയും ധനകാര്യവകുപ്പിന്റെയും സഹായത്തോടെ കൺസോർഷ്യം രൂപീകരിച്ച്, പൊതുമേഖലാ ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കണം.
5. കൺസഷനും, യാത്രാസൗജന്യങ്ങൾക്കുമുള്ള നഷ്ടപരിഹാരം അനുവദിക്കണം.
6. കഴിവും കാര്യപ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യണം.

**ഖന്ന റിപ്പോർട്ടിലെ ഈ നിർദ്ദേശങ്ങൾ നടപ്പാക്കാനാണ് എൽഡിഎഫ് സർക്കാർ ശ്രമിച്ചത്.**

- കൂടിയ പലിശക്ക് എടുത്ത 3100 കോടി രൂപയുടെ വായ്പകൾ, പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച്, കുറഞ്ഞ പലിശയുള്ള ദീർഘ വായ്പയാക്കി മാറ്റി. ഇത് മൂലം ഒരു ദിവസത്തെ കടം തിരിച്ചടവ് മൂന്ന് കോടി രൂപയിൽ നിന്ന് ഒരു കോടി രൂപയായി കുറഞ്ഞു. കോർപറേഷന് ഒരു വർഷം 730 കോടി രൂപയുടെ ബാദ്ധ്യതയാണ്, ഈ ഒറ്റ നടപടിയിലൂടെ കുറഞ്ഞത്.
- സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച്, പെൻഷൻ വിതരണത്തിന് ബദൽ മാർഗ്ഗം സ്വീകരിച്ചും ഈ ബാദ്ധ്യത നിറവേറ്റുന്നത് സർക്കാരാണ്. കെഎസ്ആർടിസി ജീവനക്കാർക്ക് മുഴുവൻ പെൻഷനും നൽകുന്നത് സർക്കാരാണ്. കേരള ചരിത്രത്തിലാദ്യമായിട്ടാണിത്. ജീവനക്കാരുടെ പെൻഷൻ നൽകുന്ന സഹകരണ ബാങ്കുകൾക്ക് വായ്പയും പലിശയും ചേർത്ത് സർക്കാർ നൽകിക്കൊണ്ടിരിക്കുകയാണ്. ഒരു വർഷം 800 കോടി രൂപയുടെ ബാദ്ധ്യതയാണ്, ഈ നടപടിയിലൂടെ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

ഇനിമേലിൽ, കോർപറേഷൻ എവിടെ നിന്നും കടം എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും, ഓരോ മാസത്തെയും വരവും ചെലവും തമ്മിലുള്ള അന്തരം സാമ്പത്തിക സഹായമായി സർക്കാർ അനുവദിക്കുകയും ചെയ്യുന്നു.

2016 ന് ശേഷം കെഎസ്ആർടിസിക്ക് സാമ്പത്തികസഹായമായി 7366.64 കോടി രൂപയും പദ്ധതി വിഹിതമായി 87.38 കോടി രൂപയും ചേർത്ത് ആകെ 7454.02 കോടി രൂപ സർക്കാർ നൽകി. കെഎസ്ആർടിയുടെ ചരിത്രത്തിൽ, ഏറ്റവും വലിയ സാമ്പത്തിക സഹായമാണിത്. രാജ്യത്തെ മറ്റൊരു സംസ്ഥാനസർക്കാരും ഈ കാലയളവിൽ ഇത്രയും സഹായം ഒരു റോഡ് ട്രാൻസ്പോർട്ട് കോർപറേഷനും നൽകിയിട്ടില്ല.

| വർഷം | സർക്കാർസഹായം | പദ്ധതിവിഹിതം |
|---|---|---|
| 2016-17 | 305.00 കോടി | 20.61 കോടി |
| 2017-18 | 835.00 കോടി | 20.00 കോടി |
| 2018-19 | 1056.35 കോടി | 5.60 കോടി |
| 2019-20 | 987.36 കോടി | |
| 2020-21 | 1739.86 കോടി | .2.73 കോടി |
| 2021-22 | 2037.51 കോടി | 38.44 |
| 2022-23 | 405.56 കോടി | |
| (22.07.2022 വരെ) | 7366.64 കോടി | 87.38 |




കോവിഡ് മഹാമാരിയും, ഇന്ധന വിലവർദ്ധനവും പ്രതിസന്ധി രൂക്ഷമാകുന്നതിന് കാരണമായി. മഹാമാരിയുടെ ഭാഗമായി പ്രഖ്യാപിച്ച ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കുകയും, വരുമാനം കുത്തനെ ഇടിയുകയും ചെയ്തു. ഇന്ധന വില കുത്തനെ ഉയർന്നതോടെ ചെലവ് ഗണ്യമായി വർദ്ധിച്ചു. സർക്കാർ സഹായമുണ്ടായിട്ടും പ്രതിസന്ധി പരിഹരിക്കാൻ കഴിയാതെ പോയതിന്റെ ഒരു കാരണം ഇതാണ്.

## പെൻഷൻ

1984 ൽ ആണ് കെഎസ്ആർടിസി ജീവനക്കാർക്ക് സ്റ്റാറ്റിയൂട്ടറി പെൻഷൻ അനുവദിച്ചത്. രാജ്യത്ത് മറ്റൊരു റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും സ്റ്റാറ്റിയൂട്ടറി പെൻഷൻ ഇന്നേവരെ നടപ്പാക്കിയിട്ടില്ല. കേന്ദ്രസംസ്ഥാന പൊതുമേഖലാ കമ്പനികളിലും സ്റ്റാറ്റിയൂട്ടറി പെൻഷനില്ല. അവർക്കെല്ലാം പ്രോവിഡന്റ് പെൻഷനോ, കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയോ ആണ് നിലവിലുള്ളത്. അതാവട്ടെ തുച്ഛമായ തുകയാണ്. അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് കെഎസ്ആർടിസിയിലെ പെൻഷൻ.

1984 ൽ ഒരു വർഷം പെൻഷൻ നൽകാൻ രണ്ട് കോടി രൂപ മതിയായിരുന്നു. 2016 ആവുമ്പോഴേക്കും പെൻഷൻ നൽകാൻ ഒരു ദിവസം 2 കോടി രൂപ വേണ്ടി വരുന്ന സ്ഥിതിയായി. റവന്യൂ വരുമാനത്തിൽ നിന്നും ഈ തുക കണ്ടെത്തുക അസാദ്ധ്യമായിരുന്നു. സ്ഥാപനം കടക്കെണിയിലായതോടെ, 2013 ൽ തുടർച്ചയായി പെൻഷൻ മുടങ്ങി. 2014 ഡിസംബറിൽ, കെഎസ്ആർടിസി എംപ്ലോയീസ് അസോസിയേഷൻ (സിഐടിയു) നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഫലമായി, പെൻഷൻ ബാദ്ധ്യതയുടെ അമ്പത് ശതമാനം പരമാവധി പ്രതിമാസം 20 കോടി രൂപ സർക്കാർ നൽകുമെന്ന തീരുമാനമുണ്ടായി. എന്നിട്ടും, സാമ്പത്തിക പ്രതിസന്ധി മൂലം ബാക്കി തുക കണ്ടെത്താനോ, പെൻഷൻ കൃത്യമായി നൽകാനോ, കെഎസ്ആർടിസിക്ക് കഴിഞ്ഞില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ അവസ്ഥ ഇതായിരുന്നു. ഇതെല്ലാം വിസ്മരിച്ചും, മറച്ചുവെച്ചുമാണ് യുഡിഎഫും, ബിജെപിയും, എൽഡിഎഫ് വിരുദ്ധ ശക്തികളും പ്രചരണം നടത്തുന്നത്.

**ഖന്ന റിപ്പോർട്ട് പ്രകാരം മാനേജ്മെന്റും തൊഴിലാളികളും നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ നടപ്പിലാക്കാതെ പോയതും പ്രതിസന്ധിയുടെ രൂക്ഷത വർദ്ധിക്കാനിടയാക്കി. പ്രസ്തുത നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. കെഎസ്ആർടിസിയുടെ ഭരണ സംവിധാനം പുന:ക്രമീകരിച്ച് ഗതാഗതസാമ്പത്തിക വിദഗ്ധന്മാരെ ഉൾക്കൊള്ളിച്ച് ഡയറക്ടർ ബോർഡും ജനപ്രതിനിധികൾ, രാഷ്ട്രീയപാർടി പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട അഡ്വൈസറി ബോർഡും രൂപീകരിക്കണം.
2. ജനറൽ മാനേജർമാർ നിയന്ത്രിക്കുന്ന മൂന്ന് സോണുകളായി കെഎസ്ആർടിസിയെ വിഭജിക്കണം. സ്വയം ഭരണാധികാരമുള്ള ലാഭകേന്ദ്രങ്ങളായി ഇവ മാറണം. മൂന്ന് സോണൽ ഓഫീസുകൾ രൂപീകരിച്ചുവെങ്കിലും അധികാര വികേന്ദ്രീകരണം നടക്കാത്തത് മൂലം പരിഷ്കാരം കടലാസിലൊതുക്കി.
3. സർവീസ് ഓപ്പറേഷൻ
   - എ) 8 മണിക്കൂർ സിംഗിൾ ഡ്യൂട്ടി നടപ്പാക്കണം.
   - ബി) ഫ്ളീറ്റ്യൂട്ടിലൈസേഷൻ 95 ശതമാനത്തിലെത്തിക്കണം.
   - സി) റൂട്ടുകളുടെ ശരിയായ വിനിയോഗത്തിലൂടെ വരുമാനം വർദ്ധിപ്പിക്കണം.
   - ഡി) വാഹനങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം.

മാനേജ്മെന്റും തൊഴിലാളികളും ചേർന്ന് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളാണിവ. 1992 ന് ശേഷം കെഎസ്ആർടിസിയിൽ മൾട്ടിപ്പിൾ ഡ്യൂട്ടി സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഒരു 'ക്രൂ' അതിരാവിലെ എത്തി, 16 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി ചെയ്യുന്ന "ഡബിൾ ഡ്യൂട്ടി" സമ്പ്രദായമാണ് അധികവും. രണ്ട് 'ഡ്യൂട്ടി' ഒന്നിച്ചെടുക്കുന്നതു മൂലം ഈ 'ക്രൂ' (സംഘം) ആഴ്ചയിൽ മൂന്ന് ദിവസം മാത്രം ജോലിക്ക് വന്നാൽ മതിയാകും. ഇത് ഉൽപ്പാദന ക്ഷമതയെയും, ഫ്ളീറ്റ് യൂട്ടിലൈസേഷനെയും ഒരുപോലെ ബാധിക്കുന്നുവെന്നതിനാലാണ് സിംഗിൾ ഡ്യൂട്ടി സമ്പ്രദായത്തിലേക്ക് മാറണമെന്ന് സുശീൽ ഖന്ന നിർദ്ദേശിച്ചത്.

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് (1961), ചട്ടം 1962 പ്രകാരം, മോട്ടോർ തൊഴിലാളികൾക്ക്, പരമാവധി 12 മണിക്കൂറിനുള്ളിൽ 8 മണിക്കൂർ ജോലി നിശ്ചയിച്ച് നൽകാവുന്നതാണ്. (സ്പ്രെഡ് ഓവർ) ഇപ്രകാരം, നിയമാനുസൃതം ഡ്യൂട്ടി ക്രമീകരിച്ച് നൽകുന്നതിനെക്കുറിച്ച്, തെറ്റിദ്ധാരണ പരത്തുന്ന കുപ്രചരണങ്ങളാണ് ചിലർ നടത്തുന്നത്. കെഎസ്ആർടിസി ജീവനക്കാരെ ഒരു ദിവസം അര മണിക്കൂർ ചെയ്യാൻ മാനേജ്മെന്റ് നിർബന്ധിക്കുന്നു എന്നാണ് കള്ള പ്രചരണം. ഒരു ദിവസത്തെ വേതനത്തിന് പ്രസ്തുത ദിവസം 8 മണിക്കൂർ ജോലി ചെയ്യുക എന്ന തത്വത്തിൽ നിന്ന് ഒരു വ്യതിചലനവും കെഎസ്ആർടിസി മാനേജ്മെന്റ് നടത്തുന്നില്ല. ഒരു ജീവനക്കാരൻ ഒരു ദിവസം 8 മണിക്കൂർ ജോലി ചെയ്യേണ്ടത്, 1961 ലെ മോട്ടോർ വാഹന നിയമപ്രകാരം ക്രമീകരിക്കുക മാത്രമാണ് ചെയ്യുന്നത്.

12 മണിക്കൂർ സ്പ്രെഡ് ഓവർ സമയത്തിനുള്ളിൽ 8 മണിക്കൂർ ജോലി എന്ന ക്രമീകരണം കെഎസ്ഇബിയിൽ വർഷങ്ങളായി നടന്നു വരികയാണ്. 16000 ത്തിൽ പരം 'ഇലക്ട്രിസിറ്റി വർക്കർ' തസ്തികയിലുള്ള ജീവനക്കാർ, 12 മണിക്കൂർ ജോലി സ്ഥലത്ത് ഉണ്ടാവണം. ചില അടിയന്തിര ഘട്ടങ്ങളിൽ കൂടുതൽ സമയവും ഡ്യൂട്ടിയിൽ നിൽക്കേണ്ടി വരും. ജോലി 8 മണിക്കൂർ എന്ന് കണക്കാക്കിയാണ് ശമ്പളം നൽകുന്നത്.

പാർസൽ സർവീസ് നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളിൽ ഡ്രൈവർ, ക്ലീനർ എന്നിവരുടെ ജോലിസമയം കണക്കാക്കുന്നത്, 1961 ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചാണ്. കേരളത്തിലെ സ്വകാര്യബസ്സുകളിലെയും ഡ്യൂട്ടി നിശ്ചയിക്കുന്നത് ഇതേ നിയമപ്രകാരമാണ്. ഷോപ്പിംഗ് മാളുകൾ, ടെക്സ്റ്റൈൽഷാപ്പുകൾ, മറ്റ് വാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്നവരുടെയും തൊഴിൽ സമയം '8' മണിക്കൂർ നിശ്ചയിക്കുന്നത് 12 മണിക്കൂർ സ്പ്രെഡ് ഓവറിനുള്ളിലാണ്. ഇതെല്ലാം മറച്ച് വെച്ചാണ് ട്രാൻസ്പോർട്ട് കോർപറേഷനിലെ ചില ടി.യു നേതാക്കളും, യു.ഡി.എഫ്, ബി.ജെ.പി നേതാ

ക്കളും ഒരു പറ്റ മാധ്യങ്ങളും സർക്കാരിനെതിരെ കുപ്രചരണം നടത്തുന്നത്.

കർണ്ണാടക, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം സിംഗിൾ ഡ്യൂട്ടി  സമ്പ്രദായവുമുണ്ട്. 8 മണിക്കൂർ മുതൽ 12 മണിക്കൂർ വരെ 'സ്പ്രെഡ് ഓവർ' സമയത്തിനുള്ളിലാണ്, ഒരു തൊഴിലാളി 8 മണിക്കൂർ ഡ്യൂട്ടി ചെയ്യേണ്ടത് സ്റ്റിയറിംഗ് ജോലിയും അനുബന്ധജോലികളും 8 മണിക്കൂറിൽ അധികരിക്കുന്ന പക്ഷം, അധികവേതനം നൽകുന്നു. ഈ സമ്പ്രദായം കെഎസ്ആർടിസിയിൽ നടപ്പാക്കുന്നത് തൊഴിലാളി വിരുദ്ധമോ, നിയമവിരുദ്ധമോ അല്ല.

കെഎസ്ആർടിസിയുടെ വർക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഖന്ന റിപ്പോർട്ടിൽ നിർദ്ദേശങ്ങളുണ്ട്. കൂടാതെ മാനേജ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കണമെന്നും ഖന്ന നിർദ്ദേശിച്ചിട്ടുണ്ട്.

കെഎസ്ആർടിസിയുടെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ, സുശീൽഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ മാത്രം ചെയ്യാൽ പോര. 2016–2017 ൽ 325 കോടി രൂപ സഹായം നൽകിയേടത്ത് കോവിഡ് സഹാചര്യവും കൂടി കണക്കിലെടുത്ത്, 2021–22 ൽ 2076 കോടി രൂപ സർക്കാർ സഹായം നൽകിയിട്ടും ശമ്പളം പോലും കൃത്യമായി നൽകാൻ കഴിയാതെ വരുന്നത്, മാനേജ്മെന്റും ജീവനക്കാരും ഗൗരവമായി കണക്കിലെടുക്കണം. ഡ്യൂട്ടി പാറ്റേണിലെ മാറ്റങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ജീവനക്കാരും, മാനേജ്മെന്റും കർശന നിലപാട് സ്വീകരിക്കണം. കെഎസ്ആർടിസി ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ, സർക്കാർ നടത്തുന്ന ആത്മാർത്ഥമായ പരിശ്രമങ്ങളോട് എല്ലാ ജീവനക്കാരും പൂർണമായി സഹകരിക്കണം.

കെഎസ്ആർടിസിയെ പൊതുമേഖലയിൽ നിലനിർത്തുക എന്നതാണ്, സർക്കാരിന്റെ പ്രഖ്യാപിതനയം. അത് വളരെ എളുപ്പവുമുള്ള കാര്യമല്ല. പൊതുമേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയത്തോട് ഏറ്റുമുട്ടിയേ ഇത് വിജയിക്കൂ. കേന്ദ്ര സർക്കാരിന്റെ 'മോട്ടോർ വാഹന നിയമഭേദഗതി, ഡീസൽഓയിൽ വിലകളിലുണ്ടായ വൻവിലക്കയറ്റം, ട്രാൻസ്പോർട്ട് മേഖലയെ ആകെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. കേരളത്തിൽ അരലക്ഷത്തോളം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നത് പതിനായിരത്തോളം മാത്രമായി കുറഞ്ഞു. ഒന്നരലക്ഷത്തിലധികം തൊഴിലാളികൾക് ജോലി നഷ്ടപ്പെട്ടു. ബിജെപി നേതൃത്വം നൽകുന്ന കേന്ദ്രസർക്കാരിന്റെ ഇത്തരം നയങ്ങളെ എതിർക്കുന്നതിന് പകരം,  പൊതുമേഖലയെ എന്ത് ത്യാഗം സഹിച്ചും സംരക്ഷിക്കാൻ ശ്രമിക്കുന്ന എൽഡിഎഫ് സർക്കാരിനെ ആക്ഷേപിക്കാൻ ബിഎംഎസും, യുഡിഎഫും നടത്തുന്ന ഹീനമായ ശ്രമങ്ങൾ തൊഴിലാളികൾ തിരിച്ചറിയണം. കേരള

**സുശീൽഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ മാത്രം ചെയ്യാൽ പോര. 2016-2017 ൽ 325 കോടി രൂപ സഹായം നൽകിയേടത്ത് കോവിഡ് സഹാചര്യവും കൂടി കണക്കിലെടുത്ത്, 2021-22 ൽ 2076 കോടി രൂപ സർക്കാർ സഹായം നൽകിയിട്ടും ശമ്പളം പോലും കൃത്യമായി നൽകാൻ കഴിയാതെ വരുന്നത്, മാനേജ്മെന്റും ജീവനക്കാരും ഗൗരവമായി കണക്കിലെടുക്കണം**

സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ അടച്ച്, സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്ന കേന്ദ്രസർക്കാരിന്റെ ദ്രോഹനടപടികൾക്ക് വിധേയമാവുമ്പോഴാണ്, സംസ്ഥാനസർക്കാർ കെഎസ്ആർടിസിയെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നത്. ഇപ്പോൾ തൊഴിലാളികൾക്ക് വേണ്ടി മുതലക്കണ്ണീരൊഴുക്കുന്ന മാധ്യമങ്ങൾ, ഏതാനും മാസങ്ങൾക്ക് മുമ്പ്, കെഎസ്ആർടിസിയെ തകർത്തത് ട്രേഡ് യൂണിയനുകളും തൊഴിലാളികളുമാണെന്ന് പ്രചരിപ്പിച്ചവരാണ്. ഏതാനും ചില തൊഴിലാളികൾ, കെഎസ്ആർടിസിയുടെ പ്രശ്നങ്ങൾ പൂർണമായി മനസ്സിലാക്കാതെ, സർക്കാരിനെതിരെ ചില വിമർശനങ്ങൾ ഉയർത്തിയപ്പോൾ, തൊഴിലാളികൾ മ–മാദ്ധ്യമങ്ങൾക്ക് ചക്കരയായി. ഇത് തൊഴിലാളിസ്നേഹം കൊണ്ടല്ലെന്ന് വ്യക്തമാണല്ലോ.

# കോ ലെൻഡിങ്: കർഷകരെ പുനർ കോളനിവൽകരിക്കാനും കോർപറേറ്റ് തന്ത്രം



പ്രഭാത് പട്നായിക്

കൊളോണിയൽ കാലത്ത് കർഷകർ സ്വകാര്യ വട്ടിപ്പലിശക്കാരിൽ നിന്ന് പണം കടം വാങ്ങാൻ നിർബന്ധിതരായിരുന്നു. പ്രോവിൻഷ്യൽ ബാങ്കിംഗ് എൻക്വയറി സമിതി റിപ്പോർട്ട് പ്രകാരം ഈ വട്ടിപ്പലിശക്കാർ പണം കടമെടുത്തത് വാണിജ്യ ബാങ്കുകളിൽ നിന്നാണ്. കർഷകർക്ക് വായ്പ നൽകുമ്പോൾ കനത്ത പലിശ ഈടാക്കിയിരുന്നു എങ്കിലും ഈ ഇടപാടുകളുടെ റിസ്ക് അത്രയും ഏറ്റെടുത്തത്

**അദാനി - എസ്ബിഐ കരാർ രാജ്യത്തെ ഭൂമി വിനിയോഗത്തിന്റെ ഘടന മാറ്റാനുള്ള വഴി തേടലാണ്. മൂന്ന് കാർഷിക നിയമങ്ങൾ വഴി നേടാൻ കഴിയാത്ത ലക്ഷ്യമാണ് ദേശസാൽകൃത ബാങ്കുകളും എൻബിഎഫ്സികളും തമ്മിലുള്ള ഉടമ്പടിയിലൂടെ നേടാൻ സർക്കാർ ശ്രമിക്കുന്നത്. കാർഷിക നിയമങ്ങളെ ഒറ്റ മനസ്സോടെ ചെറുത്ത അതേ തീവ്രതയോടെ ഈ കരാറുകളെയും എതിർക്കണം.**

പലിശക്കാരൻ തന്നെ ആയിരുന്നു. വട്ടിപ്പലിശക്കാരിൽ നിന്ന് എടുത്ത വായ്പ തിരിച്ചടക്കാൻ കർഷകർക്ക് കഴിയാതെ വന്നാൽ പലിശക്കാർക്ക് പണം കടം നൽകിയ ബാങ്കുകൾ ഒരു റിസ്കും ഏറ്റിരുന്നില്ല. കടക്കാരുമായി ബാങ്കിന് ഒരു ബന്ധവും ഉണ്ടായിരുന്നില്ല എന്നർത്ഥം.

എന്നാൽ പുതുതായി രൂപം കൊണ്ട സംവിധാനത്തിൽ കാര്യങ്ങളിങ്ങനെയല്ല. അദാനി കാപ്പിറ്റലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും തമ്മിലുള്ള ഇടപാട് ഉദാഹരണം. അവിടെ കോ ലെന്റിങ് ആണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 80 ശതമാനം നല്കുമ്പോൾ അദാനി കാപ്പിറ്റൽ പോലുള്ള നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി(NBFC) വായ്പയുടെ 20 ശതമാനം നൽകും. ആർക്കൊക്കെ എന്തൊക്കെ ഉപാധിയിൻമേൽ വായ്പ






**കോ ലെൻഡിങ് സംവിധാനത്തിൽ എൻബിഎഫ്സി ഉടമകളായ മുതലാളിമാർക്കല്ലാതെ കർഷകർക്കോ, എംഎസ്എഇ (Medium, Small and Micro Enterprises) കൾക്കോ ദേശസാൽകൃത ബാങ്കുകൾക്കോ ഗുണത്തിന്റെ ഒരംശമെങ്കിലും കിട്ടുന്നുണ്ടോ? ഇല്ല എന്ന മുഴങ്ങുന്ന ഉത്തരമാണ് അതിനു ലഭിക്കുക.**

നൽകണമെന്ന് എൻ ബി എഫ് സി തീരുമാനിക്കും. അത് ആർബിഐ ചുമത്തിയ നിയന്ത്രണങ്ങൾ അടിസ്ഥാനമാക്കി ആണെന്നാണ് പലരും അനുമാനിക്കുക.

അതേസമയം അവസാനത്തെ കടക്കാരൻ വായ്പ തിരിച്ചടക്കാൻ പരാജയപ്പെട്ടാൽ നഷ്ടം ബാങ്കും എൻ ബി എഫ് സിയും സഹിക്കണം. അവസാനത്തെ കടക്കാരനിൽ ഒരു നിയന്ത്രണവും ഇല്ലാതെ വായ്പ നൽകുന്ന ബാങ്ക് എല്ലാ റിസ്കും സഹിക്കണം. (കടമെടുക്കുന്നവരിൽ ബാങ്കിന് നിയന്ത്രണം ഉണ്ടെങ്കിൽ അത് ഒരു നേരിട്ടുള്ള ഉഭയകക്ഷി ഇടപാട് ആകുമായിരുന്നു. കോ ലെന്റിങ് ആവശ്യവും ഉണ്ടാകില്ല).

എൻബിഎഫ്സിയുടെ അവസ്ഥ കോളനിക്കാലത്തെ വട്ടിപ്പലിശക്കാരുടെ അവസ്ഥയേക്കാൾ എത്രയോ മെച്ചമാണ്. ഏതൊക്കെ വ്യവസ്ഥയിൽ ആർക്കൊക്കെ പണം നൽകാമെന്ന് അവർക്ക് നിശ്ചയിക്കാം. കോളോണിയൽ കാലത്തെ വട്ടിപ്പലിശക്കാരുടെ അത്ര റിസ്ക് ഒട്ടില്ലതാനും. അതേസമയം ബാങ്കുകളുടെ അവസ്ഥ കൊളോണിയൽ കാലത്തേതിനേക്കാൾ തീർത്തും മോശമായിരിക്കുന്നു. അവസാനത്തെ വായ്പക്കാരനിൽ ബാങ്കുകൾക്ക് ഒരു നിയന്ത്രണവും ഇല്ലാത്ത സ്ഥിതി ഉണ്ടാകുകയും ഒപ്പം വായ്പ നൽകുന്നതിന്റെ റിസ്ക് വർധിക്കുകയും ചെയ്യുന്നു. എൻബിഎഫ്സികളുടെ ഉടമകളായ മുതലാളിമാരെ സഹായിക്കുകയാണ് നരേന്ദ്രമോഡി സർക്കാർ ഇതുവഴി ചെയ്യുന്നത്. ആ മുതലാളിമാരുടെ ബിസിനസ് പൊടുന്നനെ വിപുലീകരിക്കപ്പെടുകയും കാര്യമായ റിസ്ക് സാധ്യത ഇല്ലാതെ തന്നെ ലാഭം കുന്നുകൂടുകയും ചെയ്യുന്നു. ദേശസാൽകൃത ബാങ്കുകളുടെ ചെലവിലാണ് എൻബിഎഫ്സികൾക്ക് ഈ സഹായം ലഭിക്കുന്നത്. ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപകർക്ക് ഈ റിസ്കിന്റെ ഭാരം കൈമാറാനുള്ള പദ്ധതികളാണ് തുടങ്ങിവച്ചിട്ടുള്ളത്. ഇത്തരം ബാങ്കുകൾക്കുണ്ടാവുന്ന നഷ്ടം നികത്താൻ ബജറ്റിൽ ഒരു പദ്ധതിയും ഇല്ലാതെയാകുന്നതുകൊണ്ട് നഷ്ടം നിക്ഷേപകർക്കായിരിക്കും. നഷ്ടം കുന്നുകൂടുമ്പോൾ ചുളുവിലയ്ക്ക് ഈ ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങും. സ്വകാര്യവൽക്കരണത്തിന് ഒരു ന്യായീകരണം തേടുമ്പോൾ ഈ പ്രക്രിയക്ക് ആക്കം കൂടും.

ഇക്കാര്യങ്ങളെല്ലാം തുടരുമ്പോഴും എന്താണിത് ചെയ്യുന്നത് എന്ന സുപ്രധാന ചോദ്യത്തിന് ഉത്തരമില്ല. ഈ സംവിധാനത്തിൽ എൻബിഎഫ്സി ഉടമകളായ മുതലാളിമാർക്കല്ലാതെ കർഷകർക്കോ, എംഎസ്എഇ (Medium, Small and Micro Enterprises)കൾക്കോ ദേശസാൽകൃത ബാങ്കുകൾക്കോ ഗുണത്തിന്റെ ഒരംശമെങ്കിലും കിട്ടുന്നുണ്ടോ? ഇല്ല എന്ന മുഴങ്ങുന്ന ഉത്തരമാണ് അതിനു ലഭിക്കുക. ഇല്ല എന്ന ഉത്തരത്തെ ചോദ്യം ചെയ്യാൻ തയ്യാറുള്ള ഒരു സർക്കാർ വക്താവിനെപ്പോലും നമ്മളാരും കണ്ടിട്ടുമില്ല. അദാനി കാപ്പിറ്റലുമായുള്ള കോ ലെൻഡിങ് ഉടമ്പടി ഉപഭോക്താക്കളുടെ എണ്ണം വർധിപ്പിക്കാനും സഹായം ലഭിക്കാത്ത കാർഷിക മേഖലയുമായി ബന്ധം വയ്ക്കാനും അതുവഴി ഇന്ത്യൻ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകാനും വേണ്ടിയാണെന്നാണ് എസ്ബിഐയുടെ ഔദ്യോഗികമായ അവകാശവാദം. എന്നാൽ ഇത് ചിരിക്കു വകനൽകുന്നതാണ്.

അദാനി കാപ്പിറ്റലിന് 60 ശാഖകളുള്ളപ്പോൾ എസ്ബിഐ എന്ന രാജ്യത്തെ ഏറ്റവും വലിയ ഭീമൻ ബാങ്കിന് ഇന്ത്യയിലെമ്പാടും 22000 ശാഖകളാണുള്ളത്. എസ്ബിഐക്ക് 1.4 കോടി ക്രെഡിറ്റ് അക്കൗണ്ടും 2ലക്ഷം കോടിയുടെ കാർഷിക വായ്പയും ഉള്ളപ്പോൾ അദാനി കാപ്പിറ്റലിന് ഇത് യഥാക്രമം 28000 രൂപയും 1300 കോടിയുമാണ്. എസ്ബിഐയുടെ ഉപഭോക്തൃ അടിത്തറ അദാനി കാപ്പിറ്റൽ വിപുലമാക്കുമെന്ന് പറയുന്നത് ഐഎസ്ആർഒ(ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ)യുടെ റോക്കറ്റ് വിക്ഷേപണ ശേഷി വർധിപ്പിക്കാനായി ശിവകാശിയിലെ പടക്കക്കമ്പനിയുമായി കരാർ ഒപ്പിടുന്നതു പോലെയാണ്! ഇതിനെ പൊതു സ്വകാര്യ പങ്കാളിത്തം എന്ന നിർവചനത്തിൽപ്പെടുത്തുന്നത് തന്നെ കടുപ്പമാണ്. പൊതു സ്വകാര്യ പങ്കാളിത്തത്തിന്റെ ഒരു സവിശേഷത പൊതുമേഖലയുടെ റിസ്കിൽ സ്വകാര്യമേഖല ലാഭമുണ്ടാക്കുക എന്നതാണ്. സ്വകാര്യമേഖല ഉടമ്പടിക്കായി വരുമ്പോൾ എന്തെങ്കിലും ഉണ്ടാകും. കാര്യമായി ഒന്നുമില്ലെന്ന് കരുതിയാൽ പോലും അവർ വെറുംകൈയോടെ വരാറുമില്ല. എന്നാൽ ഇവിടെ സ്ഥിതി അങ്ങനെയല്ല. എസ്ബിഐയുമായി അദാനി കാപ്പിറ്റൽ കരാറിലേർപ്പെടുന്നത് വെറുംകൈയോടെ വന്നാണ്. എസ്ബിഐ അതിന്റെ സാമ്പത്തിക ശേഷി ഉപയോഗിച്ച് അദാനി കാപ്പിറ്റലിനെ സഹായിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഈ കരാറിന്റെ എല്ലാ റിസ്കും ഏറ്റെടുക്കുന്നത് എസ്ബിഐ അല്ലാതെ മറ്റാരുമല്ല. മാത്രവുമല്ല, അദാനി കാപ്പിറ്റൽ അതിന്റെ ബിസിനസ് വിപുലമാക്കുമ്പോൾ എസ്ബിഐക്ക് പകരമായി ഒന്നും ലഭിക്കുന്നുമില്ല.

സർക്കാർ അതിന്റെ കൂട്ടാളികൾക്കുവേണ്ടി ഒരു പൊതുമേഖലാ ബാങ്കിനെ ദുരുപയോഗിക്കുന്ന നഗ്നമായ ചങ്ങാത്ത മുതലാളിത്തത്തിന്റെ

ഏറ്റവും നിന്ദ്യമായ ഉദാഹരണമാണ്. ഇത്തരം കെണിയിൽ എസ്ബിഐ വീണത് അങ്ങേയറ്റം അപമാനകരവും. രാജ്യത്തെ ബാങ്കിങ് മേഖലയുടെ മൊത്തത്തലുള്ള മേൽനോട്ടത്തിന് ചുമതലപ്പെട്ട ആർബിഐ ഈ ഉടമ്പടിക്ക് അനുമതി നൽകിയത് അതിലേറെ നിന്ദ്യമായ പ്രവൃത്തിയാണ്. എസ്ബിഐയുടെ ചെയർപേഴ്സൺ വിരമിച്ച ശേഷം അദാനിമാരുടെ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. അങ്ങനെയൊരു സ്ഥാപനത്തിന്റെ ബോർഡ് അദാനി കമ്പനിക്ക് ഗുണം ചെയ്യുന്ന ഒരു ഉടമ്പടിക്ക് അംഗീകാരം നൽകാതെ മറ്റെന്തു ചെയ്യും.

ഈ പരിപാടി വെറും ചങ്ങാത്ത മുതലാളിത്തമായോ എൻബിഎഫ്സിയുടെ മുതലാളിമാരായ കോർപറേറ്റുകൾക്കു ഗുണമുണ്ടാക്കുന്ന ഉടമ്പടിയായോ മാത്രമല്ല കാണേണ്ടത്. ഈയിടെ റദ്ദാക്കിയ കാർഷിക നിയമങ്ങളുടെ പ്രധാന ലക്ഷ്യം തന്നെ കൃഷിഭൂമി ഉപയോഗത്തിന്റെ ഘടന മാറ്റി മറിക്കുകയും ഭക്ഷ്യോൽപ്പാദനത്തിൽനിന്ന് അകറ്റുകയുമാണ്. മെട്രോപൊളിറ്റൻ രാജ്യങ്ങളുടെ ദീർഘകാലത്തെ ഈ ആവശ്യം വിശ്വസ്തതയോടെ ഏറ്റുപിടിച്ചത് കോർപറേറ്റ് ഭീമൻമാരും സാമ്രാജ്യത്വാനുകൂല സാമ്പത്തിക വിദഗ്ധരുമായിരുന്നു. ഇന്ത്യയിലെ കാർഷിക മേഖല ഇപ്പോൾ പ്രധാനമായും ഉപയോഗിക്കുന്ന ഭക്ഷ്യധാന്യ ഉൽപ്പാദനത്തിനാണ്. തങ്ങളാഗ്രഹിക്കുന്ന തരത്തിൽ അവർക്കാവശ്യമായ ഉൽപ്പന്നങ്ങൾക്കായി ഈ ഭൂമിയെ ഉപയോഗിക്കണമെന്ന ആവശ്യമാണ് സമ്പന്ന രാജ്യങ്ങൾ ഉന്നയിച്ചത്. അവർക്കാവട്ടെ അവരുടെ രാജ്യങ്ങളിൽ കുന്നുകൂടിയ ഭക്ഷ്യധാന്യശേഖരം ഇന്ത്യയടക്കമുള്ള മൂന്നാംലോകരാജ്യങ്ങളിൽ വിറ്റഴിക്കുകയും വേണം. ആ രാജ്യങ്ങൾക്കു വേണ്ട ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള കോളനിയായി ഇന്ത്യയെ മാറ്റിയെടുക്കണം. നിലവിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംഭരിക്കുകയും മുൻകൂട്ടി പ്രഖ്യാപിച്ച വില ഉറപ്പാക്കുകയും അവ പൊതുവിതരണ സംവിധാനം വഴി വിറ്റഴിക്കുകയും ചെയ്യുന്ന വ്യവസ്ഥയിൽ കടന്നുകയറി ആഭ്യന്തര കോർപറേറ്റ് പ്രഭുക്കൾക്ക് ലാഭം കൊയ്യാനുള്ള സാഹചര്യമില്ല.

സാമ്രാജ്യത്വ ശക്തികൾക്കു മാത്രമല്ല, ധനാഢ്യരായ ആഭ്യന്തര കോർപറേറ്റ് മുതലാളിമാർക്കും ഈ വിഷയത്തിൽ താൽപര്യമുണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല. മാത്രവുമല്ല, ഈ താൽപര്യ സംരക്ഷണത്തിനുവേണ്ടി മിനിമം താങ്ങുവില റദ്ദാക്കണമെന്നും താങ്ങുവിലയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭക്ഷ്യധാന്യം സംഭരിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നും വാദിക്കുന്ന സാമ്പത്തിക വിദഗ്ധർക്ക് രാജ്യത്ത് ഒരു പഞ്ഞവുമില്ല. കർഷകരോട് ഭക്ഷ്യധാന്യം ഉൽപ്പാദനം നിർത്തണമെന്ന് അവർ നിരന്തരം ഉപദേശിച്ചുകൊണ്ടിരിക്കുകയാണ്.

രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന നിലവിലുള്ള സംവിധാനത്തെ മാറ്റാനാണ് മൂന്നു കാർഷിക നിയമങ്ങൾ കൊണ്ട് മോഡി സർക്കാർ ലക്ഷ്യമിട്ടത്. കർഷകരുടെ ധീരോദാത്തമായ ചെറുത്തുനിൽപ്പിനെ തുടർന്ന് കാർഷിക നിയമങ്ങൾ പിൻവലിച്ചത് സർക്കാരിനെയും അന്താരാഷ്ട്ര അഗ്രിബിസിനസ് ലോബിയെയും അവരെ പിന്തുണയ്ക്കുന്ന ആഭ്യന്തര കോർപറേറ്റ് ഭീമന്മാരെയും രോഷാകുലരാക്കിയിരുന്നു.

അതുകൊണ്ട് ഭക്ഷ്യധാന്യോൽപ്പാദനത്തിന്റെ ഘടനമാറ്റാനും ഭൂമി വിനിയോഗം അട്ടിമറിക്കാനും ശ്രമിച്ചവർ ഇപ്പോൾ സർക്കാരിന്റെ വായ്പാരീതികൾ എൻബിഎഫ്സികളിലൂടെ ആഭ്യന്തര കോർപറേറ്റ് പ്രഭുക്കളിലേക്ക് മാറ്റാൻ നോക്കുകയാണ്. ഈ ഉടമ്പടിയോടെ ഇന്ത്യയിലെ ഭൂവിനിയോഗത്തിന്റെ ഘടനയിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാകും. ആ മാറ്റം ഇന്ത്യയിലെ ലക്ഷക്കണക്കിന് ചെറുകിട ഭൂവുടമകൾക്കുമേൽ വൻകിട കോർപറേറ്റുകൾ പിടിമുറുക്കുന്നതിൽ എത്തും.

നമ്മൾ വീണ്ടും കൊളോണിയൽ മാതൃകയിലുള്ള സംവിധാനത്തിന്റെ പുനരുജ്ജീവനത്തിന് സാക്ഷിയാകാൻ പോകുകയാണ്. കൊളോണിയലിസത്തിനു കീഴിൽ ഭൂനികുതി പ്രത്യേക ദിവസങ്ങളിലും സമയങ്ങളിലുമാണ് അടക്കേണ്ടിയിരുന്നത്. അതിനായി കർഷകർ പണം കടമെടുക്കാറുണ്ടായിരുന്നു. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ സ്വന്തം ഏജന്റുമാരായ വ്യാപാരികൾ

**നമ്മൾ വീണ്ടും കൊളോണിയൽ മാതൃകയിലുള്ള സംവിധാനത്തിന്റെ പുനരുജ്ജീവനത്തിന് സാക്ഷിയാകാൻ പോകുകയാണ്. ഈയിടെ റദ്ദാക്കിയ കാർഷിക നിയമങ്ങളുടെ പ്രധാന ലക്ഷ്യം തന്നെ കൃഷിഭൂമി ഉപയോഗത്തിന്റെ ഘടന മാറ്റി മറിക്കുകയും ഭക്ഷ്യോൽപ്പാദനത്തിൽനിന്ന് അകറ്റുകയുമാണ്. മെട്രോപൊളിറ്റൻ രാജ്യങ്ങളുടെ ദീർഘകാലത്തെ ഈ ആവശ്യം വിശ്വസ്തതയോടെ ഏറ്റുപിടിച്ചത് കോർപറേറ്റ് ഭീമൻമാരും സാമ്രാജ്യത്വാനുകൂല സാമ്പത്തിക വിദഗ്ധരുമായിരുന്നു.**



ആവട്ടെ അവർക്കാവശ്യമായ വിളകൾ ഉത്പാദിപ്പിച്ച് മുൻകൂട്ടി നിശ്ചയിച്ച വിലയിൽ അവരുടെ ഏജന്റുമാർക്ക് വിതരണം ചെയ്യണം എന്ന ഉപാധിയിൽ കർഷകർക്ക് പണം അഡ്വാൻസ് ആയി നൽകിയിരുന്നു. കറുപ്പ്, നീലം എന്നീ കൃഷികൾക്ക് ഇന്ത്യയിൽ പ്രോത്സാഹനം ലഭിച്ചത് അങ്ങനെയാണ്.

വായ്പ എന്നത് കൃഷി ഭൂമിയുടെ വിനിയോഗം മാറ്റുന്നതിനുള്ള ഒരു ഉപാധി ആണെന്നിരിക്കെ, അദാനി എസ്ബിഐ കരാർ രാജ്യത്തെ ഭൂമി വിനിയോഗത്തിന്റെ ഘടന മാറ്റാനുള്ള വഴി തേടലാണ്. മൂന്ന് കാർഷിക നിയമങ്ങൾ വഴി നേടാൻ കഴിയാത്ത ലക്ഷ്യമാണ് ദേശസാൽകൃത ബാങ്കുകളും എൻബിഎഫ്സികളും തമ്മിലുള്ള ഉടമ്പടിയിലൂടെ നേടാൻ സർക്കാർ ശ്രമിക്കുന്നത്. കാർഷിക നിയമങ്ങളെ ഒറ്റ മനസ്സോടെ ചെറുത്ത അതെ തീവ്രതയോടെ ഈ കരാറുകളെയും എതിർക്കണം.

## കുടിയേറ്റ തൊഴിലാളികളുടെ

# അവകാശങ്ങൾ അവഗണിക്കപ്പെടുന്നു

അമിതാവ ഗുഹ



**നാഷണൽ സാംപിൾ സർവെ ഓർഗനൈസേഷന്റെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം സ്ഥിരം തൊഴിലാളികളുടെ കുടിയേറ്റത്തേക്കാൾ ഏഴിരട്ടി യാണ് താൽക്കാലിക തൊഴിലാളികളുടെ കുടിയേറ്റം. തികച്ചും ദയനീയവും അപകടസാധ്യതയുള്ളതുമായ തൊഴിൽസാഹചര്യങ്ങളാണ് ഈ മേഖലയിലുള്ളത്. കുടിയേറ്റത്തൊഴിലാളികൾ ഒരു മുഖ്യശക്തി ആയി കാണപ്പെടുന്നത് കാർഷിക, മാനുഫാക്ചറിങ്, നിർമാണ മേഖലകളിലാണ്. ഇന്ത്യയുടെ ജിഡിപിയിൽ 10 ശതമാനവും കുടിയേറ്റ തൊഴിലാളികളുടെ സംഭാവനയാണ്.**

കാർഷിക മേഖലയിലും ഉത്പന്ന നിർമാണ മേഖലയിലും മറ്റും വിവിധ തരത്തിലുള്ള കുടിയേറ്റ തൊഴിലാളികളുണ്ടെങ്കിലും അവർ ഒരു മുഖ്യശക്തി ആയി കാണപ്പെടുന്നത് കാർഷിക, മാന്യുഫാക്ചറിങ്, നിർമാണ മേഖലകളിലാണ്.ഇന്ത്യയുടെ ജിഡിപിയിൽ 10 ശതമാനവും കുടിയേറ്റ തൊഴിലാളികളുടെ സംഭാവനയാണ്.

കുടിയേറ്റത്തൊഴിലാളികളുടെ ഫോൺനമ്പറുകളോ അവർ പ്രവർത്തിക്കുന്ന മേഖലകളോ അവർ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് നീങ്ങുന്നതോ അറിയാൻ ഒരു മാർഗവുമില്ല. നാഷണൽ സാംപിൾ സർവെ ഓർഗനൈസേഷന്റെ ചില സ്ഥിതിവിവരക്കണക്കുകൾ പ്രകാരം സ്ഥിരം തൊഴിലാളികളുടെ കുടിയേറ്റത്തേക്കാൾ ഏഴിരട്ടിയാണ് താൽക്കാലിക തൊഴിലാളികളുടെ കുടിയേറ്റം. തികച്ചും ദയനീയവും അപകടസാധ്യതയുള്ളതുമായ തൊഴിൽസാഹചര്യങ്ങളാണ് ഈ മേഖലയിലുള്ളത്. 2011ലെ സെൻസസ് പ്രകാരം 456 ദശലക്ഷം കുടിയേറ്റത്തൊഴിലാളികളിൽ 41.1 ശതമാനവും സ്വമേധയാ കുടിയേറി വന്നവരല്ല. അവരവരുടെ തൊഴിലിടങ്ങളിലെ അവസ്ഥ മൂലം കുടിയേറാൻ നിർബന്ധിതരായവരാണ് ഈ തൊഴിലാളികൾ. എന്നാൽ രാജ്യത്തെ താൽക്കാലിക ആഭ്യന്തര കുടിയേറ്റം 15 ദശലക്ഷം മുതൽ 100 ദശലക്ഷം വരെയാണ് എന്ന യുനെസ്കോയുടെ മതിപ്പുകണക്ക് (Social Inclusion of Internal Migrants in India 2013) വന്നതോടെ സെൻസസ് കണക്കുകളെ ആശ്രയിക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. ഏതു കണക്കുകളായാലും ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം എത്രയോ വലുതാണെന്നു കാണാം. അതുകൊണ്ടു തന്നെ ഈ മേഖലയിൽ കൂടുതൽ ശ്രദ്ധാപൂർണമായ പ്രവർത്തനം നടത്തേണ്ട സാഹചര്യമാണ്.

ദാരിദ്ര്യം, അപകടാവസ്ഥ, തൊഴിലിന്റെ പ്രത്യേകതകൾ, തൊഴിലാളികളുടെ സാമൂഹ്യാവസ്ഥ എന്നിവ കൂടി മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ഈ സാഹചര്യങ്ങൾ കൊണ്ടു കൂടിയാണ് തൊഴിലാളികൾ കൂടുതൽ അപകടസാധ്യതയുള്ളതും കുറഞ്ഞ വേതനമുള്ളതുമായ തൊഴിലുകൾ ജാതിലിംഗ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ നിർബന്ധിതരാകുന്നത്. കുടിയേറ്റ തൊഴിലാളികൾ ഇല്ലാതെ നിർണായകമായ കാർഷിക, ഉത്പന്ന നിർമാണ(എംഎസ്എംഇ ഉൾപ്പെടെ), നിർമാണ മേഖലയിലൊന്നും ഒരു പ്രവർത്തനവും നടക്കാത്ത സ്ഥിതി ആണെങ്കിലും ഈ തൊഴിലാളികളുടെ സുരക്ഷയുടെയോ മാന്യമായ വേതനത്തിന്റെയോ കാര്യം ആരും പരിഗണിക്കുന്നില്ല. കുടിയേറ്റ തൊഴിലാളികൾക്ക് ബാധകമാകുംവിധം നിലവിലുള്ള ലേബർ കോഡുകൾ വിജ്ഞാപനം ചെയ്യാൻ സർക്കാർ തയ്യാറായിട്ടില്ല. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്മെൻ ആക്ട് 1979, ദ ബിൽഡിംഗ് ആൻഡ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടിഷൻസ് ഓഫ് സർവീസ്) ആക്ട് 1966, അൺ ഓർഗനൈസഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് ആൻഡ് 2008 എന്നീ നിയമങ്ങൾ നിലവിലുണ്ട്.

കോവിഡ് മഹാമാരിയുടെ ആരംഭത്തോടെ കുടിയേറ്റ തൊഴിലാളി

കൾ നേരിടുന്ന ദുരന്തവും അവർക്ക് ആരോഗ്യ  സാമൂഹ്യ സുരക്ഷാ പരിരക്ഷ ഇല്ലാത്തതും ശ്രദ്ധയിൽ പെട്ട സുപ്രീംകോടതി ഇക്കാര്യത്തിൽ സ്വമേധയാ കേസെടുത്ത് ചില അനുമാനങ്ങളിൽ എത്തി. എന്നാൽ സർക്കാർ ഇതിനിടയിൽ മൈഗ്രന്റ് വർക്കേഴ്സ് ആക്ട്  1997 റദ്ദാക്കി. എന്നിട്ടും സുപ്രീംകോടതി ചില ഉത്തരവുകളും നിർദേശങ്ങളും മുന്നോട്ടുവച്ചു. ഈ ഇടപെടലുകളുടെ ഫലമായി 2020 മെയ് 28, 2020 ജൂൺ 9 എന്നീ തീയതികളിൽ സുപ്രീംകോടതി വിധികളിൽ തൊഴിലാളികളുടെ കാര്യത്തിൽ കേന്ദ്ര  സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് സുപ്രധാനമായ വീഴ്ചകളും അവഗണനകളും ഉണ്ടായതായി സൂചിപ്പിച്ചു. തുടർന്ന് തൊഴിലാളികളുടെ ക്ഷേമത്തിനായി ചില നിർദേശങ്ങളും നൽകി. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി ഉള്ള നയങ്ങളുടെയും സ്കീമുകളുടെയും കാര്യത്തിലും സ്വന്തം സംസ്ഥാനത്തേക്ക് തിരിച്ചെത്തുന്ന തൊഴിലാളികളുടെ രജിസ്ട്രി സൂക്ഷിക്കുന്ന  കാര്യത്തിലുമാണ് കോടതി  ഉത്കണ്ഠ പ്രകടിപ്പിച്ചത്. 2020 ജൂലായ് 31 ന് പുറപ്പെടുവിച്ച ഉത്തരവിൽ മേൽപറഞ്ഞ മൂന്ന് തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരുകളുടെ റിപ്പോർട്ട് തേടുകയാണ് സുപ്രീംകോടതി ചെയ്തത്.

പല സംസ്ഥാനങ്ങളും തുടക്കത്തിൽ തന്നെ ട്രെയിനുകളും ബസ്സുകളും ഏർപ്പാടാക്കി തൊഴിലാളികൾക്ക് ആശ്വാസമേകുന്ന നടപടികൾ സ്വീകരിച്ചപ്പോൾ കേന്ദ്രസർക്കാർ മൂകസാക്ഷിയായി നിന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കണം. തങ്ങളുടെ നിർദേശ പ്രകാരം സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സമർപ്പിച്ച സത്യവാങ്മൂലത്തിൽ ആവശ്യമായ വിവരങ്ങളും കണക്കുകളും ഇല്ലാത്തത് സുപ്രീംകോടതി എടുത്തുപറഞ്ഞിരുന്നു. തുടർന്ന് നിയമങ്ങൾ നടപ്പിലാക്കാൻ വേണ്ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനും ലൈസൻസ് അനുവദിക്കാനും സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.

കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങളും ദുരിതങ്ങളും സംബന്ധിച്ച് 2021 മെയ് 24-ന് പുറപ്പെടുവിച്ച ഉത്തരവിൽ അസംഘടിത തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വിശദമായ  സത്യവാങ്മൂലം നൽകാൻ നിർദേശിച്ചെങ്കിലും സർക്കാർ പ്രതികരണത്തിൽ കോടതി സംതൃപ്തി പ്രകടിപ്പിച്ചില്ല. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക്  704 കോടി രൂപ ചെലവിട്ട് 2021 ആഗസ്റ്റ് 26ന് ഇ ശ്രം പോർട്ടൽ ഉണ്ടാകാൻ സർക്കാരിനെ നിർബന്ധിതമാക്കിയത് ഈ ഇടപെടലാണ്. അസംഘടിത / കുടിയേറ്റ തൊഴിലാളികളുടെ  രജിസ്ട്രേഷൻ പ്രക്രിയ എത്രയും പെട്ടെന്ന് അതായത് 2021 ഡിസംബർ 31-ന് മുമ്പായി പൂർത്തിയാക്കാൻ കോടതി പ്രത്യേക നിർദേശം നൽകി. രജിസ്ട്രേഷൻ പ്രക്രിയ ഉപഭോക്തൃ സൗഹൃദം അല്ലാത്തതിനാൽ തൊഴിലാളികളിൽ നിന്നുള്ള പ്രതികരണം മോശമായിരുന്നു. വിരളമാണെങ്കിലും ക്ഷേമ നടപടികളെക്കുറിച്ചും മറ്റ് പദ്ധതികളെക്കുറിച്ചും വിവരങ്ങൾ പോർട്ടലിൽ ലഭ്യമല്ലാത്ത സ്ഥിതി ആയിരുന്നു.

വാസ്തവത്തിൽ 140 തരം തൊഴിലുകൾ കണ്ടെത്തിയതായി സർക്കാർ പ്രഖ്യാപിച്ചുവെങ്കിലും അവയ്ക്ക് ഏതൊക്കെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുമെന്ന് തീരുമാനം എടുത്തിരുന്നില്ല.

പ്രോവിഡന്റ് ഫണ്ട്, ഇഎസ്ഐ എന്നിവ ഇല്ലാത്തതാണ് ഇ ശ്രമം പോർട്ടലിലെ യോഗ്യതാ മാനദണ്ഡം. ഈ രണ്ട് ആനുകൂല്യങ്ങളും ലഭിക്കുന്ന സംഘടിത മേഖലയിലെ ലക്ഷക്കണക്കിന് കരാർ തൊഴിലാളികളും ചെറുകിട ഇടത്തരം സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരും പോർട്ടലിൽ രജിസ്റ്റർ ചെയ്യാനാവാതെ ബുദ്ധിമുട്ടി. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പകരം സാമൂഹ്യ സുരക്ഷ കോഡിൽ 1972 -ലെ കുടിയേറ്റ തൊഴിലാളി നിയമം റദ്ദാക്കിയതായി പ്രഖ്യാപിച്ചു.  ഈ കോഡിന്റെ ഫലമായി കുടിയേറ്റ തൊഴിലാളികളുടെ ദുരിതം ഇരട്ടിയാകും.

തൊഴിലുടമകൾ, കരാറുകാർ, ഉപകരാറുകാർ പോലുള്ളവരെ നിർവചിക്കാൻ 1979-ലെ നിയമത്തിൽ നിശ്ചിതമായ ചില നിർദേശങ്ങൾ ഉണ്ടായിരുന്നു. കുടിയേറ്റ തൊഴിലാളികളെ ജോലിക്ക് നിർത്തുന്നവർ അവരെ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. ഓരോ തൊഴിലാളിയുടെയും രജിസ്ട്രേഷൻ സൂക്ഷിക്കുന്നതും  അവർക്ക് കൂലി നൽകുന്നതും സംബന്ധിച്ച് നിർദേശങ്ങൾ നിയമത്തിൽ നൽകിയിരുന്നു. ഇത്തരം എല്ലാ വ്യവസ്ഥകളും റദ്ദാക്കപ്പെട്ടു.  അടുത്തിടെ ഉണ്ടായ തീപ്പിടുത്തത്തിൽ  തൊഴിലാളികൾ മരിച്ചപ്പോൾ അവരെക്കുറിച്ചുള്ള ഒരു വിവരവും ലഭ്യമായിരുന്നില്ല. തിരിച്ചറിയാൻ  ഡിഎൻഎ ടെസ്റ്റ് പോലും നടത്തേണ്ടി വന്നു. നിയമനം, രജിസ്ട്രേഷൻ, ഒരിടത്ത് നിന്ന് മറ്റൊരിടത്ത് എത്തിക്കൽ, താമസം, മിനിമം കൂലി നിർണയിക്കൽ, സമയത്തിന് കൂലി നൽകൽ എന്നീ കാര്യങ്ങളിൽ 1979 ലെ നിയമത്തിൽ തൊഴിലുടമകൾക്ക് കർശന നിർദേശം നൽകിയിരുന്നു.

കുടിയേറ്റ  തൊഴിലാളികൾക്ക് അവരുടെ സ്വന്തം സംസ്ഥാനത്തെയും ജോലി ചെയ്യുന്ന സംസ്ഥാനത്തെയും വ്യവസായ തർക്ക സംവിധാനങ്ങൾ ഉപയോഗിക്കാമെന്ന സുപ്രധാന വ്യവസ്ഥ 1979-ലെ നിയമത്തിലുണ്ടായിരുന്നു. നാല് നിയമങ്ങൾ ബാധകമായ സ്ഥാനത്ത് ഒരു കോഡ് നടപ്പാക്കിയതിനെ തുടർന്ന് എല്ലാം ഇല്ലാതായി.

വേതനം, മെഡിക്കൽ സംവിധാനം, ജോലി ചെയ്യുമ്പോൾ സുരക്ഷയ്ക്ക് ആവശ്യമായ വേഷങ്ങൾ, കുടിവെള്ള ലഭ്യത, കാന്റീൻ, കക്കൂസ്, മൂത്രപ്പുര, വിശ്രമ മുറി, യാത്രാ ബത്ത എന്നിവ ഉറപ്പാക്കാൻ ലൈസൻസിങ് ഓഫീസർക്ക് 40 ശതമാനത്തിൽ കൂടാത്ത ജാമ്യത്തുക കെട്ടിവയ്ക്കാൻ ആവശ്യപ്പെടാനും വ്യവസ്ഥ ഉണ്ടായിരുന്നു. ഇത് പാലിക്കാൻ കരാറുകാരനെ പ്രധാന തൊഴിലുടമയോ പരാജയപ്പെട്ടാൽ തത്തുല്യ തുക ഈടാക്കാനും വ്യവസ്ഥ ഉണ്ടായിരുന്നു. ഈ ഉറപ്പുകൾ എല്ലാം കോഡിൽ നിന്ന് പിൻവലിക്കപ്പെട്ടു. വഴിയോര കച്ചവടക്കാർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പു നൽകുമെന്നാണ് തൊഴിൽമന്ത്രിയുടെ വെളിപ്പെടുത്തൽ. എന്നാലിത് വരെ ഒരു സ്കീമും തയ്യാറായിട്ടില്ല. അതിന് വിരുദ്ധമായി കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് കാലപരിധി അഞ്ച് മാസത്തിൽ നിന്ന് പത്ത് മാസമാക്കി ഉയർത്തി. അതോടെ വലിയൊരു വിഭാഗം തൊഴിലാളികൾ മുമ്പ് അവർക്ക് ലഭ്യമായ ക്ഷേമപദ്ധതികളിൽനിന്ന് പുറത്താകും.

## കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും

# ജനങ്ങളെ ചേർത്തുപിടിച്ച് എൽഡിഎഫ് സർക്കാർ






ഈ ഓണക്കാലത്ത് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും സർക്കാരിന്റെ സഹായങ്ങൾ സമയബന്ധിതമായി എത്തിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ.

- സംസ്ഥാനത്തെ 90 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്തു.
- 60 ലക്ഷത്തോളം വരുന്ന ആളുകൾക്ക് 3200 രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ വീടുകളിലെത്തിച്ചു.
- അഞ്ചര ലക്ഷത്തോളം വരുന്ന  തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആയിരം രൂപ വീതം ഓണം അലവൻസ് നൽകി.
- പരമ്പരാഗത തൊഴിൽ മേഖലകളിലെ പൂട്ടി കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2000 രൂപ എക്സ് ഗ്രേഷ്യ ധനസഹായം നൽകി.
- പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റ് നൽകി.
- സംസ്ഥാനത്തെ  മുഴുവൻ സർക്കാർ ജീവനക്കാർക്കും ബോണസ്/ ഉത്സവ ബത്ത / അഡ്വാൻസ് അനുവദിച്ചു.
- 4000 രൂപ ബോണസും 2750 രൂപ ഓണം അലവൻസും 15,000 രൂപ ഓണം അഡ്വാൻസും നൽകി.
- സർവീസ് പെൻഷൻകാർക്ക് 1000 രൂപ ഓണം ഉത്സവബത്ത നൽകി.

**ലോകം മുഴുവൻ കോവിഡാനന്തരം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്ന ഘട്ടത്തിലും കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിക്കുകയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ.**

# ലഭിച്ച 325 ബോണസ് തർക്കങ്ങളും രമ്യമായി പരിഹരിച്ച് റിക്കോർഡ് നേട്ടവുമായി തൊഴിൽ വകുപ്പ്



**ഓണത്തോടനുബന്ധിച്ച് ലഭിച്ച 325 ബോണസ് തർക്കങ്ങളും രമ്യമായി പരിഹരിച്ച് തൊഴിൽ വകുപ്പ്. ഈ റിക്കോർഡ് നേട്ടത്തിനായി വിപുലമായ തയ്യാറെടുപ്പുകളും മുന്നൊരുക്കങ്ങളുമാണ് തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടെ നേതൃത്വത്തിൽ വകുപ്പ് നടത്തിയത്.**

ബോണസ് സംബന്ധിച്ച പൊതുവിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സംസ്ഥാനത്തെ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ മന്ത്രിതല യോഗം വിളിച്ചു ചേർക്കുകയും ബോണസ് സംബന്ധിച്ച് പൊതുവായ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പൊതുമേഖലയിലെ ബോണസ് തർക്കങ്ങൾ ഒഴിവാക്കുന്നതിനായി ജൂലായ് മാസത്തിൽ തന്നെ സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ആഗസ്റ്റ് മാസത്തിൽ ലേബർ കമ്മിഷണർ നവ്ജോത്ഖോസ വകുപ്പിലെ എല്ലാ അനുരഞ്ജന ഓഫീസർമാർക്കുമായി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിലെ തർക്ക പരിഹാരത്തിന് പ്രത്യേക മാർഗനിർദ്ദേശങ്ങൾ പുറത്തിറക്കുകയും ചെയ്തു. ഇത്തരത്തിൽ ചിട്ടയോടെയുള്ള ഒരുക്കങ്ങളുടെയും നയപരമായ സമീപനത്തിന്റെയും ഫലമായാണ് റെക്കോഡ് സമയത്തിനുള്ളിൽ തന്നെ തർക്കങ്ങളെല്ലാം പരിഹരിക്കാനായത്.

തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിലെ ആവശ്യപ്രകാരം തിരുവനന്തപുരം വേളിയിലെ ഇംഗ്ലീഷ് ഇൻഡ്യൻ ക്ലേ കമ്പനിയിലെ 101 തൊഴലാളികൾക്ക് 2000/ രൂപ നിരക്കിൽ എക്സ്ഗ്രേഷ്യ അനുവദിച്ചതും റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ബോണസ് വിഷയം ഒത്തുതീർപ്പാക്കി ഒരുകോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചതും ഏറെ ശ്രദ്ധേയമായി. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലായിരുന്നു തീരുമാനം. ബോണസ് തർക്ക പരിഹാരത്തിന് വിവിധ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യവും ഏറെ ഗുണകരമായി.പൊതുമേഖലാ സ്ഥാപനമായ ഔഷധിയിലെ തൊഴിലാളികളുടെ ബോണസ് തർക്കത്തിന് ആരോഗ്യമന്ത്രി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായപ്പോൾ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവും തൊഴിൽ വകുപ്പു മന്ത്രി വി ശിവൻകുട്ടിയും സംയുക്തമായി വിളിച്ചുചേർത്ത കശുവണ്ടി വ്യവസായ ബന്ധസമതി യോഗത്തിൽ കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ ബോണസ് ശതമാനത്തിലും അഡ്വാൻസ് ബോണസ് തുക സംബന്ധിച്ച് സമയവായത്തിനും തീരുമാനമായി.

ലേബർ കമ്മീഷണർ നവജോത് ഖോസയുടെ അദ്ധ്യക്ഷതയിൽ നടന്ന കയർ വ്യവസായ ബന്ധ സമിതിയുടെ യോഗത്തിൽ സംസ്ഥാനത്തെ കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ബോണസും സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് ബോണസിനു പുറമേ നൽകേണ്ടതായ അറ്റൻഡൻസ് ഇൻസെന്റീവ് സംബന്ധിച്ചും തീരുമാനമായി. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന എൽ.പി.ജി. സിലിണ്ടർ ട്രക്ക് തൊഴിലാളികളുടെയും, എൽ.പി.ജി. ഡിസ്ട്രിബ്യൂട്ടിംഗ് തൊഴിലാളികളുടെയും ബോണസ് സംബന്ധിച്ച തർക്കം അഡീഷണൽ ലേബർ കമ്മീഷണർ കെ. ശ്രീലാൽ വിളിച്ചുചേർത്ത ചർച്ചയിൽ ഒത്തുതീർപ്പായി സെക്യൂരിറ്റി & ഹൗസ് കീപ്പിംഗ് സർവ്വീസ് തൊഴിലാളികളുടെയും ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ജീവനക്കാരുടെയും, സോമിൽ തൊഴിലാളികളുടെയും ബോണസ് സംബന്ധിച്ച തർക്കം ഡെപ്യൂട്ടി ലേബർ കമ്മീഷണർ കെ.എസ്. സിന്ധു വിളിച്ചുചേർത്ത യോഗത്തിലും ഒത്തുതീർപ്പായി.

സംസ്ഥാനമൊട്ടാകെ 14 ജില്ലാ ഓഫീസുകളിലും, മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസുകളിലുമായി ലഭിക്കുന്ന ബോണസ് സംബന്ധിച്ച തർക്കങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതു കൂടാതെ ലഭിക്കുന്ന അപേക്ഷകളിൽ അനുരഞ്ജന ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന നടപടികൾ ദിനംപ്രതി വീക്ഷിക്കുന്നതിനായി ഒരു ഗൂഗിൾ സ്പ്രെഡ്ഷീറ്റ് തയ്യാറാക്കി നൽകുകയും ദിനംപ്രതി അത് അപ്ഡേറ്റ് ചെയ്യുകയും ചെയ്തിരുന്നു.

**ഓണത്തിന് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് അനുവദിച്ചത്**

**52.34 കോടി**

**രൂപയുടെ ആനുകൂല്യങ്ങൾ**

എല്ലാവർക്കും ഓണാശംസകൾ നേർന്ന് തൊഴിൽ - നൈപുണ്യ വകുപ്പ് മന്ത്രി വി ശിവൻകുട്ടി.

### 1. കാഷ്യു എക്സ്ഗ്രേഷ്യ

ഒരു വർഷത്തിലധികമായി പൂട്ടി കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2000 രൂപ എക്സ്ഗ്രേഷ്യ ധനസഹായവും 10 കിലോ അരിയുടെ വിലയായ 250 രൂപയും ഉൾപ്പെടെ ഒരു തൊഴിലാളിക്ക് 2,250 രൂപ നിരക്കിൽ ആകെ 23,573 തൊഴിലാളികൾക്കായി 5,30,39,250 രൂപ സർക്കാർ അനുവദിച്ചു.

### 2. ഓണക്കിറ്റ്

പൂട്ടി കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 20 കിലോ അരിയും ഒരു ലിറ്റർ വെളിച്ചെണ്ണയും , ഒരു കിലോ പഞ്ചസാരയും അടങ്ങുന്ന 989.14 രൂപയുടെ ഓണക്കിറ്റ് 1850കാർഡു ഉടമകളായ തൊഴിലാളികൾക്ക് നൽകുന്നതിനായി 18,38, 811 രൂപ സർക്കാർ അനുവദിച്ചു.

### 3. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് ഒരുകോടി രൂപ

തൊഴിലാളികൾക്ക് ബോണസിനും വേതനത്തിനും മറ്റു അനുബന്ധച്ചെലവുകൾക്കുമായി ഒരു കോടി രൂപ അനുവദിച്ചു.

### 4. ഇൻകം സപ്പോർട്ട് സ്കീം

കയർ, ഫിഷറീസ്, ഖാദി, ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് , ഈറ്റ & കാട്ടുവള്ളി, ബീഡി & സിഗാർ, കൈത്തറി എന്നീ മേഖലകളിലെ തൊഴിലാളികൾക്കായി ഓണക്കാലത്ത് എക്സ്ഗ്രേഷ്യ ഇനത്തിൽ 40, 96, 69, 111 രൂപ അനുവദിച്ചു.

### 5. മരം കയറ്റത്തൊഴിലാളി അവശതാ പെൻഷൻ

അവശത അനുഭവിക്കുന്ന മരം കയറ്റ് തൊഴിലാളികൾക്കായുള്ള പെൻഷൻ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി 1,98,61, 700 രൂപ അനുവദിച്ചു.

### 6. അസംഘടിത തൊഴിലാളി ക്ഷേമ ബോർഡിന് 50 ലക്ഷം

കേരള അസംഘടിത തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ആനുകുല്യങ്ങൾ നൽകുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചു.

### 7. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡിലെ തൊഴിലാളികൾക്ക് 2 ലക്ഷം

ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ലിമിറ്റഡ്, കൊച്ചുവേളി എന്ന സ്ഥാപനം ഒരു വർഷത്തിലധികമായി അടച്ചുപൂട്ടിയിട്ട്. ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഓണം എക്സ് ഗ്രേഷ്യ നൽകുന്നതിനായി 2,02,000 രൂപ അനുവദിച്ചു.

### 8. മരം കയറ്റ ധനസഹായ പദ്ധതി

മരം കയറുന്നതിനിടയിൽ മരത്തിൽ നിന്നും വീണ് പരിക്കേൽക്കുന്നവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കുമായി അനുവദിക്കുന്ന ധനസഹായം നൽകുന്നതിനായി 42,20,000 രൂപ അനുവദിച്ചു.

### 9. ഓണം എക്സ് ഗ്രേഷ്യ

ഒരു വർഷത്തിലധികമായി പൂട്ടി കിടക്കുന്ന പൊതുമേഖല / സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും തോട്ടങ്ങളിലെ തൊഴിലാളികൾക്കും കയർ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ഓണം എക്സ് ഗ്രേഷ്യ ധനസഹായം 2,000 രൂപ നിരക്കിൽ 9,788 തൊഴിലാളികൾക്കു നൽകുന്നതിനായി 1,95,76,000 രൂപ അനുവദിച്ചു.


സെപ്റ്റംബർ 2022 / സിഐടിയു സന്ദേശം ● 25

# ജിഗ് വർക്കേഴ്സ് & പ്ലാറ്റ് ഫോം വർക്കേഴ്സിന്റെ തൊഴിൽ പ്രശ്നങ്ങൾ




ജിഗ് വർക്കേഴ്സും പ്ലാറ്റ് ഫോം വർക്കേഴ്സും അടുത്ത കാലത്തായി തൊഴിൽ മേഖലയിൽ ഉണ്ടായ പുതിയ മുതലാളി തൊഴിലാളി ബന്ധങ്ങളോടെയുള്ള തൊഴിലാളികൾ ആണ്. ആദ്യമായി ആരെയാണ് ജിഗ് വർക്കേഴ്സ് എന്നു വിളിക്കുന്നതെന്നു നോക്കാം.

## ജിഗ് വർക്കേഴ്സ്

കോഡ് ഓൺ സോഷ്യൽ സോക്യൂരിറ്റി 2020 സെക്ഷൻ 2(35) ജിഗ്‌വർക്കേഴ്സിനെ നിർവചിക്കുന്നത് ഇങ്ങനെയാണ് "പരമ്പരാഗത തൊഴിൽ ദാതാവ് തൊഴിലാളി ബന്ധങ്ങളിൽ നിന്ന് വ്യത്യസ്തമായ തൊഴിൽ ബന്ധങ്ങളിൽ ഏർപ്പെട്ട് വരുമാനം സമ്പാദിക്കുന്നവർ"

- ജിഗ് സംവിധാനത്തിൽ തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിലുള്ള ബന്ധം പരമ്പരാഗതരീതിയിലുള്ളതല്ല, സാധാരണഗതിയിൽ സ്ഥിരമായ ഒരു തൊഴിലായിരിക്കില്ല, നിശ്ചിത സമയത്തേക്കുള്ള ഒരു പ്രത്യേക ജോലിയായിരിക്കും.
- സ്വതന്ത്രമായി, സ്ഥിരമല്ലാത്ത ജോലി ചെയ്യുന്നവർ (Freelancers, Contingent Workers) പാർട്ട് ടൈം പ്രൊഫഷണലുകൾ തുടങ്ങിയവരെ ജിഗ് വർക്കേഴ്സ് എന്നു വിളിക്കാം.

## പ്ലാറ്റ്ഫോം വർക്കേഴ്സ്

ഒരു പ്രത്യേക സേവനം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വ്യക്തികൾക്കോ, സേവനദാതാക്കൾക്കോ എത്തിച്ചു കൊടുക്കുന്ന ഒരു സ്ഥാപനത്തിനായി ജോലി ചെയ്യുന്ന തൊഴിലാളികളെയാണ് പ്ലാറ്റ് ഫോം വർക്കർ എന്നു വിളിക്കുന്നത്.

- ഓലെ, യൂബർ ഡ്രൈവർമാർ സ്വിഗ്ഗി സൊമാറ്റോ വിതരണ ഏജന്റുമാർ.
- സോഷ്യൽ സെക്യൂരിറ്റി കോഡ് സെക്ഷൻ 2(55) ആണ് പ്ലാറ്റ്ഫോം വർക്കറെ നിർവചിച്ചിട്ടുള്ളത്. "പരമ്പരാഗത തൊഴിൽ ദാതാവ്, തൊഴിലാളി ബന്ധങ്ങൾ ഇല്ലാതെ ഒരു പ്ലാറ്റ്ഫോം മുഖേന ജോലി ചെയ്യുന്നവർ.

**കോഡ് ഓഫ് വേജൻസിന്റയും ഇൻഡസ്ട്രിയൽ റിലേഷൻ കോഡിന്റെയും പരിധിയിൽ ഈ തൊഴിലാളികൾ ഉൾപ്പെടാത്തത് ഐഎൽഒയുടെ തൊഴിൽ അവകാശങ്ങളുടെ മൗലികാവകാശ പ്രഖ്യാപനത്തിന്റെ ലംഘനമാണ്. ഏറ്റവും കുറഞ്ഞത് ഈ വിഭാഗത്തിന് ജോലി സുരക്ഷിതത്വം ആരോഗ്യ സുരക്ഷിതത്വം എന്നിവയെങ്കിലും കേന്ദ്രഭരണം ഉറപ്പാക്കണം.**

## പ്രശ്നങ്ങൾ

- പരമ്പരാഗത തൊഴിലാളികൾക്കുള്ള യാതൊരു ആനുകൂല്യങ്ങളും ജിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് ലഭ്യമല്ല. ആരോഗ്യ ഇൻഷ്വറൻസ്, ഇഎസ്ഐ, പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങൾ ഇല്ല.
- ജോലിയിലോ, വരുമാനം അല്ലെങ്കിൽ കൂലിയിലോ സ്ഥിരതയില്ല.
- ജോലിക്ക് നിയതമായ നിയമങ്ങളോ, സമയമോ ഒന്നുമില്ല.
- നീതി ആയോഗ് സമീപകാലത്ത് ഇന്ത്യയിൽ ജിഗ് –പ്ലാറ്റ്ഫോം സമ്പദ്വ്യവസ്ഥയെക്കുറിച്ചും അതിലെ തൊഴിലാളികളെക്കുറിച്ചും ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. "Indias booming Gig and platform economy"
- നീതി ആയോഗ് പറയുന്നത് 2020–21ൽ ഇന്ത്യയിൽ 77 ലക്ഷം തൊഴിലാളികൾ "ജിഗ് ഇക്കണോമിയിൽ ജോലി ചെയ്തിരുന്നു എന്നും അത് ഇന്ത്യയിൽ മൊത്തം തൊഴിലെടുക്കുന്നവരുടെ 1.5 ശതമാനം വരും എന്നുമാണ്.
- 202930 തോടെ ഈ രംഗത്ത് പണിയെടുക്കുന്നവരുടെ എണ്ണം2.38 കോടിയായി ഉയരും എന്നും അപ്പോൾ അവരുടെ സംഖ്യ മൊത്തം തൊഴിലാളികളുടെ 4.1% ആയി ഉയരും എന്നുമാണ് റിപ്പോർട്ട് പറയുന്നത്.
- റീട്ടെയിൽ ട്രേഡ്, സെയിൽസ് മേഖലയിൽ 27 ലക്ഷം, ഗതാഗതത്തിൽ 13 ലക്ഷം എന്നിങ്ങനെയാണ് ഏകദേശ കണക്ക്.
- ജിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് അവരുടെ മുതലാളിയുമായോ, സ്ഥാപനവുമായോ സാങ്കേതികമായി ബന്ധമില്ല. മുതലാളിയെ കാണാറില്ല. അവർ എവിടെയാണെന്നു പോലും അറിയില്ല.
- ജിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്ക്, അവർ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയുടെ സ്വഭാവത്തിൽ യാതൊരു മാറ്റവും, ഉയർച്ചയും ഉണ്ടാകുന്നില്ല. ജോലിയുടെ സ്വഭാവത്തിലെ മാറ്റമില്ലായ്മ ഈ തൊഴിലാളികൾക്ക് വലിയ മടുപ്പുളവാക്കുന്നുണ്ട്.
- യാതൊരു തൊഴിലവകാശങ്ങളും ഇവർക്കില്ല. മാത്രമല്ല ഒറ്റപ്പെട്ട് ഒറ്റപ്പെട്ട് ജോലി ചെയ്യുന്നതിനാൽ സംഘടിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും കഴിയാറില്ല.
- ഗതാഗതമേഖലയിലും, ഭക്ഷണ വിതരണ രംഗത്തും മറ്റും പ്രവർത്തിക്കുന്ന തൊഴിലാളികൾ 10 മുതൽ 15 മണിക്കൂർ വരെയാണ് ജോലി ചെയ്യുന്നത്. ബൈക്കിലും മറ്റും നിരന്തരമായി യാത്ര ചെയ്ത് ജോലി ചെയ്യുന്നതിന്റെ ആരോഗ്യ പ്രശ്നങ്ങളും അവർ നേരിടുന്നുണ്ട്.
- പുതിയ ലേബർ കോഡുകളിൽ ജിഗ്വർക്കേഴ്സിനെയും പ്ലാറ്റ് ഫോം വർക്കേഴ്സിനെയും പരാമർശിക്കുന്ന ഒരേയൊരു കോഡ് സോഷ്യൽ സെക്യൂരിറ്റി കോഡാണ്. അതിൽത്തന്നെ അവരുടെ നിർവചനങ്ങളും ചില പരാമർശങ്ങളും മാത്രമേയുള്ളൂ. അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്ന ഒന്നുംതന്നെയില്ല.
- ഈ വിഭാഗം ജോലിക്കാരുടെ ജോലി സ്ഥലമോ ജോലി സ്ഥലത്തെ സുരക്ഷിതത്വമോ മാന്യമായ ജോലി സാഹചര്യമോ ഒന്നും വ്യക്തമല്ല.
- ബോസ്റ്റൺ കൺസൽട്ടൻസി ഗ്രൂപ്പിന്റെ ഒരു റിപ്പോർട്ടിൽ പറയുന്നത് "ഈ വിഭാഗം ജീവനക്കാരിൽ 78% ത്തിനും 20000 രൂപയിൽ കുറവ് വരുമാനമേ ഒരു മാസം ലഭിക്കുന്നുള്ളൂ.
- ഇവരെ കോഡ് വേജൻസിന്റയും ഇൻഡസ്ട്രീയൽ റിലേഷൻ കോഡിന്റെയും പരിധിയിൽപ്പെടുത്താത്തത് ഐഎൽഒയുടെ തൊഴിൽ അവകാശങ്ങളുടെ മൗലികാവകാശ പ്രഖ്യാപനത്തിന്റെ ലംഘനമാണ്.
- ഏറ്റവും കുറഞ്ഞത് ഈ വിഭാഗത്തിന് ജോലി സുരക്ഷിതത്വം ആരോഗ്യ സുരക്ഷിതത്വം എന്നിവയെങ്കിലും കേന്ദ്രഭരണം ഉറപ്പാക്കണം.

# ബാങ്ക് കിട്ടാക്കടം എഴുതി തള്ളുന്നത് 69%

ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ് സംവിധാനത്തിലാണ് ബാങ്കുകളുടെ കിട്ടാക്കടങ്ങൾ ഒത്തുതീർപ്പാക്കി സെറ്റിൽ ചെയ്യുന്നത്.

ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്സി കോഡ് സെക്ഷൻ 7 അനുസരിച്ച് ഒരു കോർപ്പറേറ്റിന് കടം നൽകിയ സാമ്പത്തിക സ്ഥാപനങ്ങൾക്കും, ഇതര ഏജൻസികൾക്കും നാഷണൽ കമ്പനി ലോ ട്രിബ്യൂണിൽ (NCHI) കടം തിരിച്ചടക്കുന്നത് സംബന്ധിച്ച് കേസ് ഫയൽ ചെയ്യാം. കമ്പനി തിരിച്ചടവിൽ വീഴ്ച വരുത്തിയെന്ന് തീരുമാനമായാൽ ആ കമ്പനിയുടെ ആസ്ഥി ബാധ്യതകൾ വിറ്റോ അല്ലാതെയോ ഒരു സെറ്റിൽമെന്റിന് ശ്രമിക്കും ഇൻസോൾവൻസി ബാങ്ക് റപ്സി കോഡ് ബോർഡിന്റെ തീരുമാനപ്രകാരം ഒരു സെറിൽ മെന്റിലെത്താം.

**മേൽപ്പറഞ്ഞ രീതിയിൽ ഒരു സെറ്റിൽമെന്റിലേക്കെത്തുമ്പോൾ ബാങ്കുകൾ വലിയ രൂപത്തിൽ കടം എഴുതിത്തള്ളിയാണ് അന്തിമ തീരുമാനത്തിലെത്തുന്നത്. ഇത്തരം എഴുതിത്തള്ളലിന് ''ഹെയർ കട്ട്'' എന്നാണ് പൊതുവെ പറയുന്നത്. 2022 ജൂൺ 30 ന് 'ഐബിബിഐ' പുറത്തു വിട്ട കണക്കു പ്രകാരം ശരാശരി ബാങ്കുകൾ നൽകിയ ഹെയർ കട്ട് 100 രൂപക്ക് 69 രൂപ എന്ന നിലയിലാണ് അതായത് വായ്പ നൽകിയ തുകയുടെ ഏതാണ്ട് മൂന്നിൽ രണ്ടിൽ കൂടുതൽ എഴുതിത്തള്ളിയാണ് സെറ്റിൽമെന്റ് നടക്കുന്നത്.**




2022 ജൂൺ വരെ 517 കേസുകളാണ് ഐബിസി നടപടിയിലൂടെ സെറ്റിൽ ചെയ്തത് മൊത്ത 7.67 ലക്ഷം കോടിയുടെ കടം സെറ്റിൽമെന്റ് ചെയ്തത് 2.35 ലക്ഷം കോടി രൂപക്ക്. സെറ്റിൽമെന്റ് നടപടികളിലെ താമസമാണ് പലപ്പോഴും ഇത്രയും കുറഞ്ഞ തുകക്ക് സെറ്റിലു ചെയ്യാൻ ബാങ്കുകൾ നിർബന്ധിതമാകുന്നത് എന്നാണ് ഒരു നിരീക്ഷണം. എന്നാൽ ഇത്തരത്തിൽ ഭീമമായ ഹെയർകട്ടോടെ സെറ്റിൽമെന്റിലെത്തുന്നതു വഴി വൻ കമ്പനികൾക്ക് വലിയ ലാഭമാണ് കിട്ടുന്നത്. നാഷണൽ കമ്പനി ലോ ട്രിബ്യൂണലും ഇത്തരത്തിൽ വലിയ ഹെയർകട്ട് നല്കുന്നത് ചോദ്യം ചെയ്തിട്ടുണ്ട്.

### സെറ്റിൽ ചെയ്ത ചില കേസുകൾ

* ദിവാൻ ഹൗസിംഗ് ആന്റ് ഫിനാൻസ് കമ്പനിയുടെ 87082 കോടിയുടെ കടം സെറ്റിൽ ചെയ്തത്. 37,250 കോടിക്ക്
* വീഡിയോകോൺ ഇൻഡസ്ട്രീസിന്റെ 62,000 കോടി രൂപയുടെ സെറ്റിൽമെന്റ് 2962 കോടി രൂപക്ക്.
* ഭൂഷൺ സ്റ്റീലിന്റെ 56051 കോടിരൂപയുടെ കടം ടാറ്റാകമ്പനി ഏറ്റെടുത്തു തീർപ്പാക്കിയത് 35200 കോടി രൂപക്ക്

# റെയിൽ ഭൂമി ചുളുവിലയ്ക്ക്

മോദി സർക്കാരിന്റെ മുഖമുദ്രയാണ്. കഴുത്തറുപ്പൻ സ്വകാര്യവൽക്കരണമാണ് അതിൽ പ്രധാനം. നവരത്ന സ്ഥാപനങ്ങളടക്കം ലാഭകരമായി പ്രവർത്തിക്കുന്ന എല്ലാം വിറ്റുതുലയ്ക്കുകയാണ്. പ്രതിരോധ, റെയിൽ, ബാങ്കിങ്, ഇൻഷുറൻസ്, വ്യോമയാന, കപ്പൽ മേഖലകളെല്ലാം കൈമാറാനുള്ള ഗൂഢപദ്ധതികൾ ത്വരിതഗതിയിലും. റെയിൽ ഭൂമി കുറഞ്ഞ തുകയ്ക്ക് വ്യക്തികൾക്കും കമ്പനികൾക്കും പാട്ടത്തിനു നൽകാൻ നരേന്ദ്ര മോദി സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

പ്രധാൻമന്ത്രി ഗതിശക്തി ശൃംഖലയുടെ ഭാഗമായി കാർഗോ ടെർമിനലുകൾ നിർമിക്കുന്നതിന് പൊന്നുംവിലയുള്ള ഭൂമി കുറഞ്ഞ തുകയ്ക്ക് മൂന്നരപ്പതിറ്റാണ്ട് കാലയളവിലേക്ക് സ്വകാര്യസംരംഭകർക്ക് പാട്ടത്തിനു നൽകുന്ന പദ്ധതിക്ക് കഴിഞ്ഞ ദിവസമാണ് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകിയത്. പൊതുഭൂമി ചുളുവിലയ്ക്ക് കുത്തകകൾക്ക് കാണിക്കവയ്ക്കുമെന്നർഥം. ചരക്ക് കൈകാര്യം ചെയ്യുന്ന കാർഗോ ടെർമിനൽ മുതൽ വൈദ്യുതി, ഗ്യാസ്, ജലവിതരണം, അഴുക്കുചാൽ, നഗരഗതാഗതം, മേൽപ്പാലം, റോഡ്, പൈപ്പ് ലൈൻ, ടെലികോം കേബിൾ, പ്രാദേശിക റെയിൽ ഗതാഗതം തുടങ്ങിയവയുമായി ബന്ധപ്പെട്ട സൗകര്യങ്ങൾക്ക് റെയിൽ ഭൂമി അനുവദിക്കും. ടെർമിനലിന് വിട്ടുകൊടുക്കുന്ന ഭൂമിക്ക് നൽകേണ്ടത് വർഷത്തിൽ കമ്പോളനിരക്കിന്റെ ഒന്നര ശതമാനംമാത്രം. സ്വകാര്യ ട്രെയിൻ പദ്ധതി നേരത്തേ പ്രഖ്യാപിച്ചിരുന്നു. മേഖലയിൽ സ്വകാര്യനിക്ഷേപം ആകർഷിക്കാൻ ഇത്തരം സൗജന്യങ്ങൾ അനിവാര്യമാണെന്നാണ് നിതി ആയോഗിന്റെ ശുപാർശ.



നിലവിൽ പിന്തുടരുന്ന അഞ്ചുവർഷ പാട്ടക്കരാർ രീതി ഇതോടെ അവസാനിക്കും. റെയിൽ ഭൂമി ഇപ്പോൾ കാർഗോ ടെർമിനലിന് ഉപയോഗിക്കുന്ന സംരംഭങ്ങൾക്ക് നയംമാറ്റം കാരണം ഭൂമി അനന്തമായി പാട്ടത്തിന് എടുക്കാം. അഞ്ചു വർഷത്തിനുള്ളിൽ രാജ്യമാകെ 300 കാർഗോ ടെർമിനൽ നിർമാണത്തിന് അവസരമൊരുക്കുമെന്നും ചരക്കുകടത്തിന് റെയിലിനെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യമുണ്ടാക്കുകയാണ് ലക്ഷ്യമെന്നും സർക്കാർ വാർത്താകുറിപ്പിൽ വിശദീകരിച്ചു.

ലേലം വഴിയാകും പാട്ടനടപടികൾ ആരംഭിക്കുക. റെയിൽ ഭൂമിയുടെ ഉപയോഗവ്യവസ്ഥകൾ അതിലളിതമാക്കുമെന്നതിന്റെ വ്യാപ്തി സ്വകാര്യ ഷൈലോക്കുമാർക്ക് സൗജന്യം എന്നതാണ്. പാളങ്ങളിലൂടെ ഒപ്ടിക്കൽ ഫൈബർ കേബിൾ ഇടാനും അനുവദിക്കും. അതിന് ഈടാക്കുന്നതാകട്ടെ ഒറ്റവട്ടം 1000 രൂപ മാത്രം. റെയിൽ ഭൂമിയിൽ സൗരോർജ പ്ലാന്റ് സ്ഥാപിക്കാനും സമ്മതമുണ്ട്. വിദ്യാഭ്യാസ, ചികിത്സാ സൗകര്യങ്ങൾക്കാണെങ്കിൽ ഭൂമിവില ചതുരശ്ര മീറ്ററിന് ഒരു രൂപയേ വേണ്ടൂ. പുതിയ നയം ഒന്നേകാൽ ലക്ഷം തൊഴിൽ ഉറപ്പാക്കുമെന്നാണ് സർക്കാരിന്റെ അവകാശവാദം. സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിസഭാ ഉപസമിതി (സിസിഇഎ)യുടെ പുതിയ ഇളവുകൾ കണ്ടെയ്നർ കോർപറേഷനെ (കോൺകോർ)യാണ് പ്രധാനമായും സഹായിക്കുക. ഈവർഷം കോൺകോറിനെ സ്വകാര്യവൽക്കരിക്കാനാണ് കേന്ദ്ര നീക്കം. അതിലൂടെ 8000 കോടി പ്രതീക്ഷിക്കുന്നു. അദാനി പോർട്സിനും തീരുമാനം വൻനേട്ടമാണ്. റെയിൽവേയോടു ചേർന്ന് കണ്ടെയ്നർ ഹബ്ബുകൾ ആരംഭിക്കുമെന്ന് കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്. കോൺകോർ ഓഹരികൾ വ്യാഴാഴ്ച 15 ശതമാനത്തിലധികവും അദാനി പോർട്സിന്റേത് മൂന്നു ശതമാനവും കയറ്റം രേഖപ്പെടുത്തിയത് വ്യക്തമായ സൂചനയാണ്.

# പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ വാചാലത




**അടിസ്ഥാന സൗകര്യവും സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്ന നിരവധി പദ്ധതികളാണ് കേന്ദ്രതീരുമാനം കാത്തുകിടക്കുന്നത്. അർഹമായ വിഹിതവും സംസ്ഥാനത്തിന്റെ വൻകിട പദ്ധതികളും തഴഞ്ഞു. സിൽവർലൈൻ അനുമതി അടക്കമുള്ളവയെപ്പറ്റി ഒരക്ഷരം പോലും കൊച്ചിയിലെത്തിയ പ്രധാനമന്ത്രി പറഞ്ഞില്ല. കൈ ഫോണിന് സഹായം, പിഎംഎവൈ ഗ്രാമ, നഗര പദ്ധതി വിഹിതം ഉയർത്തൽ, 590 കിലോമീറ്റർ വരുന്ന തീര സംരക്ഷണം, മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ഉറപ്പാക്കൽ, ദേശീയപാതയടക്കം ഗതാഗത സൗകര്യം ഉയർത്തൽ, തൊഴിലുറപ്പ്, പ്രവാസി പ്രശ്നങ്ങൾ, പരിസ്ഥിതി ലോലമേഖല പ്രതിസന്ധി തുടങ്ങിയവയിലൊന്നും കേരളത്തിന്റെ ആവശ്യങ്ങൾക്ക് കേന്ദ്രം ചെവി കൊടുക്കുന്നില്ല. ഇതെല്ലാം നിൽക്കുമ്പോഴാണ് ലക്ഷം കോടിയുടെ പ്രഖ്യാപന നാടകം.**

## പദ്ധതികളെപ്പറ്റി മിണ്ടാട്ടമില്ല

കേരളത്തിലെത്തി വികസന വാഗ്ദാരി മുഴക്കിയ പ്രധാനമന്ത്രിക്ക് സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങളെക്കുറിച്ച് മിണ്ടാട്ടമില്ല. അടിസ്ഥാന സൗകര്യവും സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്ന നിരവധി പദ്ധതികളാണ് കേന്ദ്രതീരുമാനം കാത്തുകിടക്കുന്നത്. ഇവയ്ക്ക് തീർപ്പുണ്ടാക്കാതെയാണ് കൊച്ചിയിലെത്തിയ പ്രധാനമന്ത്രി വികസനത്തെക്കുറിച്ച് വാചാലനായത്. എന്നാൽ, സിൽവർലൈൻ അനുമതി അടക്കമുള്ളവയെപ്പറ്റി ഒരക്ഷരം പറഞ്ഞില്ല. അർഹമായ വിഹിതവും സംസ്ഥാനത്തിന്റെ വൻകിട പദ്ധതികളും തഴഞ്ഞു. കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരത്തെ തുടർന്നാണ് സിൽവർലൈൻ പദ്ധതിയിൽ നിക്ഷേപപൂർവ പ്രവർത്തനം തുടങ്ങിയത്.

ഭൂമി ഏറ്റെടുക്കൽ നടപടി തുടങ്ങാമെന്ന് ധനമന്ത്രാലയവും വ്യക്തമാക്കി. ഇതും മറ്റു ക്ലിയറൻസുകളും വേഗത്തിലാക്കാൻ കേന്ദ്ര ധനമന്ത്രി കത്തിൽ ആവശ്യപ്പെട്ടു. വിശദ പദ്ധതിരേഖ റെയിൽവേ ബോർഡ് അംഗീകരിച്ചു. സാമ്പത്തിക കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരത്തിനായി പദ്ധതി ശുപാർശ ചെയ്തു. റെയിൽവേ മന്ത്രിക്കും ബോർഡ് ചെയർമാനും മുഖ്യമന്ത്രി കത്തയച്ചു. കേന്ദ്രമന്ത്രിയെ നേരിൽക്കണ്ടു. മാർച്ച് 24ന് പ്രധാനമന്ത്രിയെ കണ്ട് പദ്ധതി വിശദീകരിച്ചു. പ്രത്യേക നിവേദനവും നൽകി.

കേന്ദ്രം കേരളത്തെ സാമ്പത്തികമായും ഞെരുക്കുന്നു. ഈ വർഷം

7000 കോടി രൂപയുടെ റവന്യു കമ്മി ഗ്രാന്റ് കുറച്ചു. 12,000 കോടിയോളം ജിഎസ്ടി നഷ്ടപരിഹാരം ഇല്ലാതാക്കി. വായ്പാ പരിധി 3.5 ശതമാനമാക്കി. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയ്ക്കുള്ള സർക്കാർ ഗ്യാരന്റിയുടെ പേരിൽ ഈവർഷം 3,578 കോടി കടമെടുപ്പ് പരിധിയിൽ കുറച്ചു. ഇവയിലൂടെ 23,000 കോടി ഈവർഷം വരുമാനത്തിൽ കുറയും. ക്ഷേമ, ഭവന, വിദ്യാഭ്യാസ, ആരോഗ്യ പദ്ധതികളെല്ലാം അവതാളത്തിലാകും.




കെ ഫോണിന് സഹായം, പിഎംഎവൈ ഗ്രാമ, നഗര പദ്ധതി വിഹിതം ഉയർത്തൽ, 590 കിലോമീറ്റർ വരുന്ന തീര സംരക്ഷണം, മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ഉറപ്പാക്കൽ, ദേശീയപാതയടക്കം ഗതാഗത സൗകര്യം ഉയർത്തൽ, തൊഴിലുറപ്പ്, പ്രവാസി പ്രശ്നങ്ങൾ, പരിസ്ഥിതിലോലമേഖല പ്രതിസന്ധി തുടങ്ങിയവയിലൊന്നും കേരളത്തിന്റെ ആവശ്യങ്ങൾക്ക് കേന്ദ്രം ചെവി കൊടുക്കുന്നില്ല. ഇതെല്ലാം നിൽക്കുമ്പോഴാണ് ലക്ഷം കോടിയുടെ പ്രഖ്യാപന നാടകം.

## തൊഴിലുറപ്പിനും ഉറപ്പില്ല

അടിസ്ഥാനവിഷയങ്ങളും ആവശ്യങ്ങളും അവഗണിച്ചാണ് കേന്ദ്ര സർക്കാരും പ്രധാനമന്ത്രിയും കേരള വികസനത്തിൽ അവകാശവാദങ്ങൾ ഉയർത്തുന്നത്.




MGNREGA, Kerala

**തൊഴിലുറപ്പ് പദ്ധതിയിൽ ഈവർഷം കേരളം 10.32 കോടി തൊഴിൽദിനം ആവശ്യപ്പെട്ടപ്പോൾ അനുവദിച്ചത് ആറു കോടി. അതിലേറെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന സംസ്ഥാനത്തോടാണ് അവഗണന. കഴിഞ്ഞവർഷം 10 കോടി തൊഴിൽദിനം അനുവദിച്ചു. സൃഷ്ടിച്ചത് 10.59 കോടി. 16.45 ലക്ഷം കുടുംബത്തിന് തൊഴിലുറപ്പാക്കി.**

## കേരളത്തിന്റെ സ്വത്ത് വിറ്റുതുലയ്ക്കുന്നു

കേരളത്തിന്റെ മണ്ണും മനസ്സും അധ്വാനവും കൊടുത്തുവളർത്തിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കേന്ദ്രം വിറ്റ്തുലയ്ക്കുകയാണ്. എച്ച്എൽഎല്ലിനെ കച്ചവടം ഉറപ്പിച്ച് മാർക്കറ്റിൽ വച്ചു. തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് കൈമാറി. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്



ലിമിറ്റഡ്, ബിഎച്ച്ഇഎൽഇഎംഎൽ എന്നിവ വിൽക്കാൻവച്ചെങ്കിലും കേരളം സ്വന്തമാക്കി. എച്ച്എൽഎല്ലിൽ ഇതിനുള്ള അവസരവും നിഷേധിക്കുന്നു.

## പ്രവാസിക്ക് വിമാനമില്ല

വിമാന യാത്രാനിരക്ക് വർധന നിയന്ത്രിക്കാൻ സർവീസുകളും സീറ്റുകളും വർധിപ്പിക്കണമെന്ന നിരന്തര ആവശ്യത്തിനും ചെവികൊടുക്കുന്നില്ല. യാത്രാനിരക്ക് നിർണയാധികാരം വിമാന കമ്പനികൾക്ക് വിട്ടുനൽകി കൈയുംകെട്ടിനിൽക്കുകയാണ് വ്യോമയാന മന്ത്രാലയം

ഉഡാൻ പദ്ധതിയിൽ ബേക്കൽ കണ്ണൂർ, ഇടുക്കിതിരുവനന്തപുരം, ഇടുക്കികൊച്ചി റൂട്ടുകൾ വ്യോമയാന മന്ത്രാലയത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടും മറുപടിയില്ല. വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് അത്യാവശ്യ പദ്ധതിയാണിത്.

## കൊലക്കയറാകുന്ന സർഫാസി



വായ്പ തിരിച്ചടവിൽ മുടക്കംവരുന്ന സാഹചര്യത്തിൽ വസ്തുക്കൾ ബാങ്കുകൾ പിടിച്ചെടുക്കുന്ന സർഫാസി നിയമത്തിന്റെ പരിധിയിൽനിന്ന് അതിദരിദ്രരെ ഒഴിവാക്കണമെന്ന ആവശ്യം കേന്ദ്രം പരിഗണിക്കുന്നില്ല. അഞ്ചു സെന്റിൽ താഴെ കിടപ്പാടം ജാമ്യമായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് സർഫാസി നിയമവ്യവസ്ഥ ബാധകമാക്കരുതെന്നാണ് ആവശ്യപ്പെട്ടത്. നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്രമേയത്തിൽ പ്രതികരിക്കാൻപോലും തയ്യാറായില്ല.

## സഹകരണ സംഘങ്ങളെ തകർക്കുന്നു

സംസ്ഥാനത്തിന്റെ ബദൽ സാമ്പത്തിക സങ്കേതമായ സഹകരണ മേഖലയെ തകർക്കുന്ന നയങ്ങളാണ് കേന്ദ്രം അടിച്ചേൽപ്പിക്കുന്നത്. ഇതിന് ഇഡിയെയും ആർബിഐയെയും ദുരുപയോഗം ചെയ്യുന്നു. അംഗങ്ങളെ ഭയപ്പെടുത്തി സഹകരണ നിക്ഷേപം ഇല്ലാതാക്കാനാണ് ശ്രമം. പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ബാങ്കിങ് ബിസിനസ് പാടില്ലെന്ന് പറഞ്ഞ് ആദായനികുതി ഈടാക്കാൻ നോട്ടീസ് നൽകുന്നു.

ഉറവിടത്തിൽ ആദായനികുതി വ്യവസ്ഥ അടിച്ചേൽപ്പിക്കാനും ശ്രമിക്കുന്നു.

## പിഎംഎവൈ അല്ല ലൈഫ്

### കേന്ദ്രം നൽകുന്നത് 72,000, സംസ്ഥാനം 3.28 ലക്ഷം

**സംസ്ഥാന സർക്കാരിന്റെ 'ലൈഫ്' കേന്ദ്ര പദ്ധതിയാണെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അവകാശവാദം വസ്തുതകൾക്ക് നിരക്കാത്തത്.**

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി വഴി കേരളത്തിൽ രണ്ട് ലക്ഷത്തോളം വീട് നിർമിക്കുകയാണെന്നും ഒരു ലക്ഷത്തോളം പൂർത്തിയായെന്നുമാണ് കൊച്ചിയിൽ പ്രധാനമന്ത്രി പ്രസംഗിച്ചത്. എന്നാൽ തുച്ഛമായ വിഹിതം മാത്രം കിട്ടുന്ന പദ്ധതികളെ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് സംസ്ഥാന സർക്കാരാണ് പൂർത്തിയാക്കിയത്.

### കേന്ദ്രത്തിന്റെ പിഎംഎവൈ

പ്രധാനമന്ത്രി ആവാസ് യോജന(പിഎംഎവൈ) ഗ്രാമീൺ പദ്ധതിയിൽ വഴി ഒരു വീടിന് ആകെ ചെലവ് നിശ്ചയിച്ചത് 1.2 ലക്ഷം രൂപയാണ്. ഇതിൽ കേന്ദ്രവിഹിതം വെറും 72 ,000 രൂപ. ബാക്കി നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. പിഎംഎവൈ അർബൻ പദ്ധതിയിൽ മൂന്ന് ലക്ഷം രൂപ കണക്കാക്കിയതിൽ കേന്ദ്രം നൽകുന്നത് ഒന്നര ലക്ഷം. ഒരു ലക്ഷം സംസ്ഥാന സർക്കാരും അര ലക്ഷം ഉപയോക്താവും കണ്ടെത്തണം. ഒറ്റമുറി വീടാണ് കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്നത്.

### കേരളത്തിന്റെ 'ലൈഫ്'

ലൈഫ് പദ്ധതിയിൽ 3,00,598 ലക്ഷം വീടുകൾ പൂർത്തിയായി. 25,664 എണ്ണം നിർമാണത്തിലാണ്. ഇതിന് ഗുണഭോക്തൃവിഹിതം ഇല്ല. ലൈഫ് പദ്ധതിയുടെ ഭാഗമായാണ് കേരളത്തിൽ പിഎംഎവൈ പദ്ധതിയും നടപ്പാക്കുന്നത്. ലൈഫ് പിഎംഎവൈ റൂറൽ, ലൈഫ് പിഎംഎവൈ അർബൻ എന്നീ പേരുകളിലാണിവ. എന്നാൽ ഇതിന് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി നാല് ലക്ഷം രൂപയാണ് നൽകുന്നത്. കേന്ദ്രവിഹിതം കിഴിച്ചുള്ള ബാക്കി തുക കേരള സർക്കാരാണ് നൽകുന്നത്.

| പദ്ധതി | പിഎംഎവൈ റൂറൽ | പിഎംഎവൈ അർബൻ | ലൈഫ് |
|---|---|---|---|
| പൂർത്തിയായ വീടുകൾ | 21,161 | 74,200 | 3,00,598 |
| കേന്ദ്രവിഹിതം | 72,000 | 1.5 ലക്ഷം | 0 |
| സംസ്ഥാനവിഹിതം | 3.28 ലക്ഷം | 2.5 ലക്ഷം | 4 ലക്ഷം |

## കഴിഞ്ഞ 5 വർഷങ്ങളിൽ ആധുനിക അടിമത്വം വർദ്ധിച്ചു അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐ എൽ ഒ )

നിർബന്ധിപ്പിച്ച് പണിയെടുപ്പിക്കൽ, നിർബന്ധിത വിവാഹം തുടങ്ങിയ ചൂഷണങ്ങളുടെ ഫലമായി ആധുനിക അടിമത്വത്തിലേക്ക് തള്ളിവിടപ്പെട്ട ജനങ്ങളുടെ എണ്ണം 2016–ലെ 4 കോടിയിൽ നിന്ന് വർദ്ധിച്ച് 2021ൽ 5 കോടിക്ക് അടുത്തെത്തി എന്ന് അന്തർദേശീയ തൊഴിൽ സംഘടനയുടെ (ILO) യുടെ ആധുനിക അടിമത്വത്തിന്റെ ആഗോള കണക്കുകൾ എന്ന റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

ഇതിന് പ്രധാന കാരണം കോവിഡ് മഹാമാരി, സായുധ ഏറ്റുമുട്ടലുകൾ, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ഫലമായി തൊഴിലവസരങ്ങളിലും വിദ്യാഭ്യാസമേഖലയിലും ഉണ്ടായ തിരിച്ചടികൾ ദാരിദ്ര്യത്തെ കൂടുതൽ രൂക്ഷമാക്കിയതാണ്.

കോവിഡ് മഹാമാരിയുടെ ആദ്യ മാസങ്ങളിൽ അടച്ചുപൂട്ടലുകൾ കാരണം തൊഴിലാളികളുടെ വരുമാനം ഇല്ലാതാകുകയോ അല്ലെങ്കിൽ വരുമാനത്തിൽ വലിയ ഇടിവുണ്ടാകുകയോ ചെയ്തു. ഇത് വ്യവസ്ഥാപിത വായ്പാ സംവിധാനങ്ങൾ അപ്രാപ്യമായ തൊഴിലാളികളുടെ കടബാധ്യത ഗണ്യമായി ഉയരുന്നതിലേക്കും കടം വീട്ടുന്നതിനായി അവരെ താൽപ്പര്യമില്ലാത്ത തൊഴിലുകൾ ചെയ്യുന്നതിന് നിർബന്ധിതരാക്കുന്നതിലേക്കും നയിച്ചു.

മഹാമാരിയുടെ സമയത്ത് കൂടുതൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നിർബന്ധിത വിവാഹങ്ങളുടെ എണ്ണത്തിലും വലിയ വർദ്ധനവ് ഉണ്ടാക്കി. വലിയ ആൾക്കൂട്ടങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയതിനെ തുടർന്ന് വിവാഹ ചിലവ് കുറഞ്ഞത് നിർബന്ധിത വിവാഹങ്ങൾ നടത്തുന്നത് എളുപ്പമാക്കി.

ഇന്ന് 4.96 കോടി ജനങ്ങളാണ് ആധുനിക അടിമത്തത്തിന്റ ദുരിതം അനുഭവിക്കുന്നത്. ഇതിൽ 2.76 കോടി പേർ ഇഷ്ടമില്ലാത്ത തൊഴിലുകൾ ചെയ്യുവാൻ നിർബന്ധിക്കപ്പെട്ടവരാണ്. 2.2 കോടി നിർബന്ധിത വിവാഹം സ്വീകരിക്കേണ്ടി വന്നവരും.

# വില വർദ്ധനവ് കുറവ് കേരളത്തിൽ 4.8%
# ദേശീയ വില വർദ്ധനവ് 6.8%

ഏപ്രിൽ മാസത്തെ ദേശീയ ശരാശരി വിലവർദ്ധനവ് 7.79% ആയിരുന്നത് ജൂലൈ മാസമായപ്പോൾ 6.7% ആയി കുറഞ്ഞു. ജനുവരി മുതൽ ജൂലൈ മാസം വരെയുള്ള കാലയളവിലെ ശരാശരി വിലവർദ്ധനവ് 6.8% ആണ്. ഇപ്പോഴും റിസർവ് ബാങ്ക് വിലവർദ്ധനവിന് നിശ്ചയിച്ചിട്ടുള്ള 6% പരിധിയേക്കാൾ ഉയർന്നാണ് വിലവർദ്ധനവ് നിൽക്കുന്നത്. ജൂലൈയിലെ ദേശീയ ശരാശരി വർദ്ധനവ് 6.7% ആണെങ്കിലും പല സംസ്ഥാനങ്ങളിലെ വിലവർദ്ധനവിന്റെ നില വ്യത്യസ്തമാണ്.

2022 ജനുവരി മുതൽ ജൂലൈ മാസം വരെയുള്ള ദേശീയ ശരാശരി വില വർദ്ധനവ് 6.8% ആയിരിക്കുമ്പോഴും വിവിധ സംസ്ഥാനങ്ങളിൽ വിവിധ നിരക്കിലാണ് വിലവർദ്ധനവ്. 14 സംസ്ഥാനങ്ങളിലെ ജനുവരി ജൂലൈ കാലയളവിലെ വിലവർദ്ധനവ് ദേശീയ ശരാശരിയേക്കാൾ ഉയർന്നാണ് നിൽക്കുന്നത്. ഏറ്റവും മുൻപിൽ തെലുങ്കാനയാണ് 8.32% പശ്ചിമബംഗാൾ 8.06%, സിക്കിം 8% മഹാരാഷ്ട്രയും ഹരിയാനയും 7.7% മദ്ധ്യപ്രദേശ് 7.52%, ആസ്സാം 7.37%, ഉത്തർപ്രദേശ് 7.27% ഗുജറാത്തും ജമ്മുകാശ്മീരും 7.2% വീതം, രാജസ്ഥാനിൽ 7.1% എന്നിങ്ങനെയാണ് നില.



എന്നാൽ കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെ വിലനിലവാരം ദേശീയ ശരാശരിയെക്കാൾ കുറവാണ്. കേരളത്തിൽ വിലക്കയറ്റം കുറവ് 4.8%. തമിഴ്നാട് 5.01% പഞ്ചാബ് 5.35% ഡൽഹി 5.56% കർണാടക 5.84%.

മണിപ്പൂർ, ഗോവ, മേഘാലയ എന്നീ സംസ്ഥാനങ്ങളിലെ വിലക്കയറ്റം 4% ത്തിനും താഴെയാണ് മണിപ്പൂരിൽ 1.07%, ഗോവ 3.66% മേഘാലയ 3.89% എന്നിങ്ങനെ.

വില നിലവാരത്തിൽ ഇത്തരത്തിൽ ഒരു വലിയ വ്യത്യാസത്തിന് രണ്ട് കാരണങ്ങളാണ് ചീഫ് ഇക്കണോമിസ്റ്റ് മദൻ ഫഡ്നാവിസ് ചൂണ്ടിക്കാട്ടുന്നത്. ഒന്ന് ഭക്ഷ്യ ഉല്പാദന സംസ്ഥാനങ്ങളിൽ ആപേക്ഷികമായി വില കുറഞ്ഞിരിക്കുന്നു. കാരണം കടത്തുകൂലി കുറവാണ് എന്നതാണ്. രണ്ട് പെട്രോൾ ഡീസൽ വിലയിൽ കുറവ് വരുത്തിയ സംസ്ഥാനങ്ങളിലാണ് വില കുറഞ്ഞിരിക്കുന്നത്. ഫഡ്നാവിസിന്റെ ഈ വാദങ്ങൾ പൂർണമായി ശരിയല്ല എന്നതിന് കേരളം തന്നെ ഉദാഹരണമാണ്. കേരളം ഭക്ഷ്യവസ്തുക്കൾ വലിയതോതിൽ ഉല്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമല്ല, അതേപോലെ കേരളം പെട്രോൾ, ഡീസൽ വില കുറച്ചിട്ടുമില്ല. പിന്നെങ്ങനെയാണ് കേരളത്തിൽ വില കുറഞ്ഞിരിക്കന്നത്. അതിന് കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ കമ്പോളത്തിലെ ഇടപെടൽ മാത്രമാണ് കാരണം. ശക്തമായ പൊതുവിതരണ സമ്പ്രദായം, കൺസ്യൂമർ ഫെഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കാര്യക്ഷമമായ റേഷൻ വിതരണം, ഹരിത സ്റ്റോറുകൾ വഴിയുള്ള പഴം, പച്ചക്കറി വിതരണം എല്ലാം കേരളത്തിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നു.

കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെതിരെ കെട്ടിചമച്ച, ജനജീവിതത്തെ ഒരു തരത്തിലും ബാധിക്കാത്ത വിഷയങ്ങൾ ഉയർത്തിക്കൊണ്ട് ദൃശ്യ–അച്ചടി മാധ്യമങ്ങൾക്ക് ഇതൊന്നും വാർത്തയല്ല എന്നതാണ് ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയം.

2022 ലെ വിലക്കയറ്റത്തിൽ ദൃശ്യമാകുന്ന മറ്റൊരു പ്രവണത, ഗ്രാമീണ മേഖലയിൽ വിലക്കയറ്റം ഉയർന്നിരിക്കുന്നു എന്നതും നഗരമേഖലയിൽ കുറഞ്ഞിരിക്കുന്നു എന്നതുമാണ് ഗ്രാമീണ വിലക്കയറ്റം നിർണയിക്കുന്നതിൽ ഭക്ഷ്യവസ്തുക്കൾക്ക് പ്രാധാന്യം കൂടുതലാണ് എന്നാണ് ഇതിനു കാരണം.

## 2022 ഒക്ടോബർ 3

# ഡബ്ല്യുഎഫ്ടിയു അന്തർദേശിയ കർമ്മ ദിനം

**ആരോഗ്യം, കൂട്ടായ വിലപേശൽ, സംഘടിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവകാശവും, പരിസ്ഥിതി സംരക്ഷണം, വംശീയതയേയും വിദേശീയ വിദ്വേഷത്തെയും ഇല്ലായ്മ ചെയ്യൽ, തൊഴിലാളി ഐക്യം തുടങ്ങിയ അവകാശങ്ങൾ/മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒക്ടോബർ 3-മായി ബന്ധപ്പെട്ട് തൊഴിലാളികളുടെ വൻ പങ്കാളിത്തത്തോടു കൂടിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഡബ്ല്യുഎഫ്ടിയു തൊഴിലാളി സംഘടനകളെ ആഹ്വാനം ചെയ്യുകയാണ്.**

1945 ഒക്ടോബർ 3ന് WFTU സ്ഥാപിതമായതിന് ശേഷം 77 വർഷങ്ങൾ പിന്നിടുമ്പോൾ, ലോകത്താകെയുള്ള തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന്, പോരാട്ടങ്ങൾ വ്യാപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ഏക മാർഗ്ഗമാണ് നമ്മുടെ മുന്നിലുള്ളത്.

### സംഘടന തന്നെയാണ് തൊഴിലാളി വർഗ്ഗത്തിന്റെ ശക്തി

ലോകത്താകെ അധ്വാനിക്കുന്ന വിഭാഗങ്ങൾ കഷ്ടപ്പാടുകളെ നേരിടുമ്പോൾ കുത്തകകളും സാമ്രാജ്യത്വ ശക്തികളും ജനങ്ങളുടെ സമ്പത്ത് അപഹരിക്കുകയും വിപണികളെ പങ്കിട്ടെടുക്കുകയും എണ്ണ വിതരണത്തിനായുള്ള പാതകൾ പിടിച്ചടക്കുകയുമാണ്. ഈ സംഭവവികാസങ്ങളെ തൊഴിലാളി വർഗ്ഗം ഗൗരവമായി എടുക്കണം. മറ്റൊരു സാമ്രാജ്യത്വ യുദ്ധത്തിന്റെ ലക്ഷണങ്ങൾ നമ്മുടെ മുന്നിൽ ദൃശ്യമാകുകയാണ്. ഇതിൽ തങ്ങളെ ചൂഷണം ചെയ്യുന്നവരിൽ ആരുടെ പക്ഷമാണ് ചേരേണ്ടത് എന്ന തീരുമാനമല്ല അധ്വാനിക്കുന്ന ജനങ്ങൾ എടുക്കേണ്ടത്.

എണ്ണയ്ക്കു വേണ്ടിയുള്ള മത്സരം തൊഴിലാളികളെ ദുരിതാവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. കുത്തകകളുടെ ലാഭം വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികൾ കൂടുതൽ വില നൽകുന്നതിന് നിർബന്ധിക്കപ്പെടുകയാണ്. സർക്കാരുകൾ ഊർജ്ജ വിപണികളെ ഉദാരവൽക്കരിക്കുന്നത് തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയുമാണ് പ്രതികൂലമായി ബാധിക്കുന്നത്. ഹരിത ഊർജ്ജത്തിലേക്കുള്ള മാറ്റത്തിനായി എടുക്കുന്ന നടപടികളാകട്ടെ രാജ്യങ്ങളുടെ ഊർജ്ജ സ്രോതസ്സുകളുടെ മൂല്യം ഇടിയുന്നതിലേക്ക് നയിക്കുകയുമാണ്. ഇവിടെ തൊഴിലാളികളുടെ താൽപ്പര്യമല്ല സംരക്ഷിക്കപ്പെടുന്നത്. നികുതി ഇളവുകൾക്കു പുറമേ 'നിക്ഷേപങ്ങൾ' നടത്തുന്നതിന്റെ പേരിൽ ശതകോടിക്കണക്കിന് ഡോളർ ആനുകൂല്യങ്ങൾ ലഭിക്കുന്ന വൻ കുത്തകകൾക്കാണ് ഇതുകൊണ്ട് ഗുണമുണ്ടാകുന്നത്. തൊഴിലാളികൾക്കു

മേൽ അമിതമായ നികുതി ഭാരം ചുമത്തുകയും ചെയ്യുന്നു.

വൻ വ്യവസായ ഗ്രൂപ്പുകൾ ലാഭം കുന്നുകൂട്ടുമ്പോൾ ഭക്ഷണം, മരുന്ന്, വസ്ത്രം, ഊർജം തുടങ്ങിയ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റാനാകാതെ തൊഴിലാളികൾ നട്ടം തിരിയുകയാണ്. വിതരണം ചെയ്യപ്പെടുന്ന ദിവസം തന്നെ ശമ്പളം പൂർണമായും തീർന്നു പോകുന്ന അവസ്ഥയിലാണ് തൊഴിലാളികൾ. കൂട്ടായ അവകാശങ്ങളും, കൂട്ടായ കരാറുകളും, കൂട്ടായ സമ്മതപത്രങ്ങളും റദ്ദാക്കപ്പെടുകയാണ്. കൂലി വെട്ടിച്ചുരുക്കുന്നു. തൊഴിലുടമകളും ഭരണകൂടങ്ങളും ചേർന്ന് കൂട്ടായി ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനെയും വിലപേശുന്നതിനെയും പണിമുടക്കുന്നതിനുള്ള അവകാശത്തെയും എന്തിന് തൊഴിലാളി സംഘടനകളെപ്പോലും ആക്രമിക്കുകയാണ്.

കൂലിയും പെൻഷനും സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങളും അടിയന്തരമായി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രക്ഷോഭപരിപാടികൾ തൊഴിലാളി സംഘടനകൾ ഏറ്റെടുക്കണം. ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ചികിത്സാരംഗത്ത് ഡോക്ടർമാർ നഴ്സുമാർ എന്നിവരുടെ സേവനത്തിന്റെയും അഭാവത്തിൽ ലക്ഷക്കണക്കിന് ആളുകളുടെ ജീവനെടുത്തുകൊണ്ട് കോവിഡ് മഹാമാരിയുടെ വ്യാപനം തുടരുകയാണ്.

തൊഴിലാളി വർഗ്ഗത്തിന്റെ എതിർപ്പുകളെ നിശബ്ദമാക്കുന്നതിനും ആരോഗ്യമേഖലയിലെ തൊഴിലാളികളെക്കൊണ്ട് അടിമപ്പണി ചെയ്യിക്കുന്നതിനും ലക്ഷ്യമിടുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരെ തൊഴിലാളിവർഗ്ഗം നടത്തിയ പ്രക്ഷോഭങ്ങൾ മഹാമാരികാലത്ത് പ്രതീക്ഷയുടെ രജതരേഖകളായിരുന്നു. ആരോഗ്യമേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾ എതിർപ്പുമായി തെരുവിലിറങ്ങിയത് ഭീഷണികളെയും അടിച്ചമർത്തലുകളെയും ഭയപ്പെടാതെ സൗജന്യവും സാർവത്രികവുമായ പൊതു ആരോഗ്യപരിരക്ഷാ സംവിധാനത്തിനു വേണ്ടി പോരാടുന്നതിനുള്ള ആത്മവിശ്വാസവും കരുത്തും തൊഴിലാളിവർഗ്ഗത്തിന് പകർന്നു നൽകി. അരോഗ്യം ഒരു വില്പന ചരക്കല്ല. അത് ഒരു സാമൂഹിക വിഷയമാണ് അതുകൊണ്ട് മരുന്നുകൾക്ക് പാറ്റന്റ് അവകാശം നൽകുന്നത് നിരോധിക്കണം.

കാത്തിരിപ്പിന്റെയും സഹനത്തിന്റെയും നാളുകൾക്ക് വിട പറയേണ്ട ഘട്ടം എത്തിയിരിക്കുകയാണ്.

സംഘടിത പോരാട്ടങ്ങളെ ശക്തിപ്പെടുത്തികൊണ്ടു മാത്രമേ നമ്മുടെ പ്രതീക്ഷകളെ യാഥാർത്ഥ്യമാക്കുന്ന ഭാവി കെട്ടിപ്പടുക്കുവാനാകുകയുള്ളൂ. തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും കുത്തക വ്യവസായികളുടെയും അവരുടെ രാഷ്ട്രീയ ചങ്ങാതിമാരുടെയും ഔദാര്യത്തിന് കാത്തുനിൽക്കാതെ വർഗ്ഗ ഐക്യത്തിലൂടെ പോരാടുന്നതിന് തൊഴിലാളികളെ സജ്ജമാക്കിക്കൊണ്ട് ഡബ്ലിയു എഫ്ടി യു ലോകത്താകെ പ്രവർത്തിച്ചുവരികയാണ്.

**വൻ വ്യവസായ ഗ്രൂപ്പുകൾ ലാഭം കുന്നുകൂട്ടുമ്പോൾ ഭക്ഷണം, മരുന്ന്, വസ്ത്രം, ഊർജം തുടങ്ങിയ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റാനാകാതെ തൊഴിലാളികൾ നട്ടം തിരിയുകയാണ്. വിതരണം ചെയ്യപ്പെടുന്ന ദിവസം തന്നെ ശമ്പളം പൂർണമായും തീർന്നു പോകുന്ന അവസ്ഥയിലാണ് തൊഴിലാളികൾ. കൂട്ടായ അവകാശങ്ങളും, കൂട്ടായ കരാറുകളും, കൂട്ടായ സമ്മതപത്രങ്ങളും റദ്ദാക്കപ്പെടുകയാണ്. കൂലി വെട്ടിച്ചുരുക്കുന്നു.**

ആരോഗ്യം, കൂട്ടായ വിലപേശൽ, സംഘടിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവകാശവും, പരിസ്ഥിതി സംരക്ഷണം, വംശീയതയേയും വിദേശീയ വിദ്വേഷത്തെയും ഇല്ലായ്മ ചെയ്യൽ, തൊഴിലാളി ഐക്യം തുടങ്ങിയ അവകാശങ്ങൾ/ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒക്ടോബർ 3മായി ബന്ധപ്പെട്ട് തൊഴിലാളികളുടെ വൻ പങ്കാളിത്തത്തോടു കൂടിയുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഡബ്ല്യൂഎഫ്ടിയു തൊഴിലാളി സംഘടനകളെ ആഹ്വാനം ചെയ്യുകയാണ്.




# സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി സമരങ്ങളും

**വിലക്കയറ്റത്തിന് അനുസരിച്ച് വേതനവും കൂലിയും വർദ്ധിക്കുന്നുമില്ല. 2008ലെ സാമ്പത്തിക പ്രതിസന്ധിക്കു മുമ്പുള്ള നിലയിലേക്ക് പോലും വേതന നിരക്കുകൾ ഇപ്പോഴും എത്തിയിട്ടില്ല. വേതനം ഉയരാത്തത് മൂലവും വിലക്കയറ്റംമൂലം ഉണ്ടായിരിക്കുന്ന ചെലവിലെ വർദ്ധനവും മൂലം ജനങ്ങൾ വലിയതോതിൽ കടമെടുക്കാൻ നിർബന്ധിതമായിരിക്കുകയാണ്. അതോടൊപ്പം ആണ് പലിശ നിരക്ക് ഉയർന്നത് മൂലം തിരിച്ചടവ് ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. പലിശ നിരക്ക് ഉയർന്നത് മൂലവും ഉപഭോഗത്തിലെ ഇടിവും കാരണം വ്യവസായികൾ നിക്ഷേപം നടത്തുന്നില്ല. അതോടെ തൊഴിലില്ലായ്മയും ഉയർന്നു കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ജനജീവിതം ആകെ ദുസ്സഹമായിരിക്കുകയാണ്.**



ജോസ് ടി എബ്രഹാം

ആഗോള സമ്പദ് രംഗം അതീവ ഗുരുതരാവസ്ഥയിൽ ആണെന്ന് വികസിത -അവികസിത രാജ്യങ്ങളിൽ നിന്നുള്ള എല്ലാ റിപ്പോർട്ടുകളും പറയുന്നു. സമ്പദ് രംഗത്തെ പ്രതിസന്ധി ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് സാധാരണ ജനങ്ങളെയും തൊഴിലാളികളെയുമാണ്. പ്രതിസന്ധിയിലാകുന്ന തൊഴിലാളികളും ജനങ്ങളും തെരുവിലിറങ്ങുകയും പ്രതിഷേധിക്കുകയും ചെയ്യും. സമ്പദ്രംഗത്തെ പ്രതിസന്ധി ഗുരുതരമായ കാലങ്ങളിലെല്ലാം തൊഴിലാളികളുടെ പ്രതിരോധവും ഉയർന്നിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി ഏറ്റവും രൂക്ഷമായി ബാധിച്ച ഒരു രാജ്യമാണ് ശ്രീലങ്ക. അവിടത്തെ ജനങ്ങളുടെ രോഷവും പ്രക്ഷോഭവും നാം കണ്ടതാണ്. പ്രതിസന്ധി ഏറ്റവും രൂക്ഷമായി പിടികൂടിയിരിക്കുന്ന ഒരു വികസിത രാജ്യമാണ് ഇംഗ്ലണ്ട്. ഇംഗ്ലണ്ടിലെ റെയിൽവേ, പോസ്റ്റൽ, പോർട്ട് തുടങ്ങി മിക്ക മേഖലയിലേയും തൊഴിലാളികൾ പ്രക്ഷോഭ രംഗത്താണ്.

**1930കളിലെ സാമ്പത്തിക പ്രതിസന്ധി കാലത്തും വലിയ തൊഴിലാളി പ്രക്ഷോഭങ്ങൾ അരങ്ങേറിയത് തൊഴിലാളികളുടെ സംഘടന ഉയർത്തി എന്ന് മാത്രമല്ല രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സാമൂഹ്യ സാമ്പത്തിക രംഗത്ത് വലിയ മാറ്റത്തിന് കാരണമായി. ഇന്നിപ്പോൾ ഉരുത്തിരിഞ്ഞു വരുന്ന സാഹചര്യം ഈ രൂപത്തിലായി ഉള്ള സാമൂഹ്യ മാറ്റങ്ങളുടെ സാധ്യം തുറന്നിട്ടുണ്ട്.**

## ഇംഗ്ലണ്ടിലെ സാമ്പത്തികപ്രതിസന്ധി

റഷ്യഉക്രൈൻ സംഘർഷത്തിൽ നിന്നും ഉടലെടുത്ത ഊർജ്ജ വിലക്കയറ്റം, ഭക്ഷ്യവിലക്കയറ്റം, യൂറോപ്യൻ യൂണിയനിൽ നിന്നും പിരിഞ്ഞത് മൂലമുണ്ടായ പ്രശ്നങ്ങൾ, കോവിഡ് 19 മഹാമാരി മൂലമുണ്ടായ പ്രശ്നങ്ങൾ എല്ലാം ഇംഗ്ലണ്ടിലെ സ്ഥിതി അതിരൂക്ഷമാക്കിയിരിക്കുകയാണ്. ഇംഗ്ലണ്ടിലെ സാമൂഹ്യരാഷ്ട്രീയസാമ്പത്തികസ്ഥിതി ഒരു പൊട്ടിത്തെറിയുടെ വക്കിലാണെന്നാണ് ചില റിപ്പോർട്ടുകൾ പറയുന്നത്.

കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (CPI) 2022 ജൂലൈയിൽ ഉയർന്നത് 10.1% ആണ്. 40 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ജൂണിൽ CPI ഉയർന്നത് 9.4% ആണ്. ബാങ്ക് ഓഫ് ഇംഗ്ലണ്ടിനോ ബ്രിട്ടീഷ് സർക്കാരിനോ വിലക്കയറ്റം നിയന്ത്രിക്കാൻ ഒന്നും ചെയ്യാൻ കഴിയുന്നില്ല. ജൂലൈയിൽ വിലക്കയറ്റത്തിന് ഏറ്റവും പ്രധാന കാരണം ഭക്ഷ്യ വിലക്കയറ്റമാണ്. വിലക്കയറ്റം ഊർജ്ജ മേഖലയിൽ നിന്നും എല്ലാ രംഗത്തേക്കും പടരുന്നു എന്നാണ് ഇത് കാണിക്കുന്നത്. പാചകവാതകത്തിന്റെയും ഇലക്ട്രിസിറ്റിയുടെയും വില കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മൂന്നിരട്ടിയാണ് വർധിച്ചത്. വില ഇനിയും ഉയരുമെന്നാണ് റിപ്പോർട്ടുകൾ. തണുപ്പു കാലത്തേക്കു കടക്കുമ്പോൾ സ്ഥിതി ഇനിയും വഷളാകും. വിലക്കയറ്റം വർദ്ധിച്ചതോടെ ബാങ്ക് ഓഫ് ഇംഗ്ലണ്ട് പലിശ നിരക്കുകൾ വർധിപ്പിച്ചു. പലിശ നിരക്ക് ഉയർന്നതോടെ വായ്പാ തിരിച്ചടവുകൾ ഉയർന്നു, ഇതും ജനങ്ങളെ ബുദ്ധിമുട്ടിലാക്കി.

വിലക്കയറ്റത്തിന് അനുസരിച്ച് വേതനവും കൂലിയും വർദ്ധിക്കുന്നുമില്ല. 2008ലെ സാമ്പത്തിക പ്രതിസന്ധിക്കു മുമ്പുള്ള നിലയിലേക്ക് പോലും വേതന നിരക്കുകൾ ഇപ്പോഴും എത്തിയിട്ടില്ല. വേതനം ഉയരാത്തത് മൂലവും വിലക്കയറ്റംമൂലം ഉണ്ടായിരിക്കുന്ന ചെലവിലെ വർദ്ധനവും മൂലം ജനങ്ങൾ വലിയതോതിൽ കടമെടുക്കാൻ നിർബന്ധിതമായിരിക്കുകയാണ്. അതോടൊപ്പം ആണ് പലിശ നിരക്ക് ഉയർന്നത് മൂലം തിരിച്ചടവ് ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. 2022 ൽ മാത്രം കുറഞ്ഞ വരുമാനക്കാർ 12.5 ബില്യൻ പൗണ്ട് കടം എടുത്തിട്ടുണ്ട്. ഇതിൽ വലിയ പങ്ക് വട്ടിപ്പലിശകാരിൽ നിന്നും ഉയർന്ന നിരക്കിൽ എടുത്ത കടം ആണ്. പലിശ നിരക്ക് ഉയർന്നത് മൂലവും ഉപഭോഗത്തിലെ ഇടിവും കാരണം വ്യവസായികൾ നിക്ഷേപം നടത്തുന്നില്ല. അതോടെ തൊഴിലില്ലായ്മയും ഉയർന്നു കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ജനജീവിതം ആകെ ദുസ്സഹമായതോടെ നാനാ മേഖലകളിൽ തൊഴിലാളികളുടെ പ്രക്ഷോഭവും പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുകയാണ്.

## റെയിൽവേ തൊഴിലാളികൾ നിരന്തര സമരത്തിൽ

ഇംഗ്ലണ്ടിലെ റെയിൽവേ തൊഴിലാളികൾ മാസങ്ങളായി നിരന്തര സമരത്തിലാണ്. 1989 നുശേഷം റെയിൽവേ മേഖലയിൽ നടക്കുന്ന ഏറ്റവും വലിയ സമരങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അരലക്ഷത്തോളം റെയിൽവേ തൊഴിലാളികളാണ് സമരത്തിൽ അണിനിരക്കുന്നത്. ഭൂഗർഭ റേയിൽവേ ആയാലും സമരത്തിൽ നിശ്ചലം ആവുകയാണ്. പൊതുമേഖലാ സ്ഥാപനമായ നാഷണൽ റേൽ ഉൾപ്പെടെ 14 ഓപ്പറേറ്റിംഗ് കമ്പനികൾ ആണ് ഇംഗ്ലണ്ടിലുള്ളത്. എല്ലാ കമ്പനികളുടെയും തൊഴിലാളികൾ ഒറ്റക്കെട്ടായാണ് പണിമുടക്കിൽ അണിനിരക്കുന്നത്. 7% എങ്കിലും വേതന വർദ്ധനവ് അനുവദിക്കുക ആരോഗ്യകരമായ തൊഴിൽ ഉറപ്പാക്കുക കൂട്ടപ്പിരിച്ചുവിടൽ നീക്കം ഉപേക്ഷിക്കുക പെൻഷൻ മാനദണ്ഡങ്ങളിലെ തൊഴിലാളി വിരുദ്ധ നയങ്ങൾ ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് തൊഴിലാളികൾ മുന്നോട്ടുവച്ചിരിക്കുന്നത്. അമിത സ്വകാര്യവൽക്കരണം ടിക്കറ്റ് നിരക്കിലെ വർദ്ധനവ് തുടങ്ങിയ നടപടികൾക്കെതിരെയും തൊഴിലാളികൾ മുദ്രാവാക്യം ഉയർത്തുന്നുണ്ട്. റെയിൽമാരിടൈം യൂണിയനാണ് സമരങ്ങൾക്ക് നേതൃത്വം നൽകുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൂന്ന് ദിവസം വീതം സമരം നടന്നു കഴിഞ്ഞു. ഇനി സെപ്റ്റംബർ മാസത്തിലും സമരത്തിന് തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ് തൊഴിലാളികൾ. സർക്കാരും സർക്കാരിനെ നയിക്കുന്ന കൺസർവേറ്റീവ് പാർട്ടിയും സമരക്കാർക്കെതിരെ പ്രചരണവും അടിച്ചമർത്തലും നടത്തിക്കൊണ്ടിരിക്കുകയാണ്.

## സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു

റെയിൽമാറിടൈം (സിആർഎംടി) യൂണിയൻ ദേശീയ പ്രസിഡന്റ് അലക്സ് ഗോൾഡന് സഖാവ് എളമരം കരീം എംപി കത്തെഴുതുകയുണ്ടായി. അതിന് അയച്ച മറുപടി ശ്രദ്ധേയമാണ് 'ഇന്ത്യൻ റെയിൽവേ തൊഴിലാളികൾ അടക്കമുള്ള ഇന്ത്യൻ തൊഴിലാളിവർഗ്ഗം ഞങ്ങളുടെ സമരത്തിന് പിന്തുണ നൽകുന്ന ചിത്രങ്ങൾ ഞങ്ങൾക്ക് ആഹ്ലാദം നൽകുന്നു ബ്രിട്ടനിലെയും ഇന്ത്യയിലെയും തൊഴിലാളിവർഗ്ഗം തമ്മിലുള്ള ബന്ധം ആഴമേറിയതും ആണ്. ബ്രിട്ടീഷ് രാജിന്റെ കൊളോണിയൽ ചൂഷണത്തിന്റെ ചരിത്രം വർഗീയതയുടെ വളർച്ച ജനാധിപത്യ അവകാശങ്ങളുടെ ധ്വംസനം, വംശീയഅടിച്ചമർത്തലുകൾ എന്നിവയ്ക്കെല്ലാം രണ്ടുരാജ്യങ്ങളിലേയും തൊഴിലാളി വർഗ്ഗം ഒരുമിച്ച് സാക്ഷിയായിട്ടുണ്ട്.'

## തുറമുഖ തൊഴിലാളികളുടെ സമരം

ഇംഗ്ലണ്ടിലെ ഫെലിസ്റ്റോ തുറമുഖ തൊഴിലാളികൾ ഓഗസ്റ്റ് 21 മുതൽ 8 ദിവസത്തെ സമരം നടത്തി വരികയാണ് തുറമുഖത്തെ രണ്ടായിരത്തോളം തൊഴിലാളികൾ സമരത്തിലാണ്. ഹോങ്കോങ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയുടെ ഉടമസ്ഥതയിലാണ് ഫെലിസ്റ്റോ തുറമുഖം ഇംഗ്ലണ്ടിലെ ഏറ്റവും വലിയ കണ്ടെയ്നർ തുറമുഖമാണ് കണ്ടെയ്നർ കടത്തിന്റെ 48% കൈകാര്യം ചെയ്യുന്നത് ഫിലിസ്റ്റോ ആണ്.

'യുണൈറ്റ്' ട്രേഡ് യൂണിയനാണ് സമരം നയിക്കുന്നത്. യുണൈറ്റ് ജനറൽ സെക്രട്ടറി ഷാറോൺ ഗ്രഹം പറഞ്ഞത് സമരം ഈ വർഷം അവസാനം വരെ തുടരുമെന്നാണ് തൊഴിലാളികൾ പത്തു ശതമാനം വേതന വർദ്ധനവാണ് ആവശ്യപ്പെടുന്നത്. കമ്പനി ഏഴ് ശതമാനം മാത്രമേ നൽകാൻ തയ്യാറുള്ളൂ. കമ്പനി വലിയ ലാഭത്തിലാണ് പ്രവർത്തിക്കുന്നത് വേതനത്തിൽ 50 ശതമാനം വർദ്ധനവ് തന്നാൽ പോലും കമ്പനിയുടെ ലാഭം ഉയർന്നതായിരിക്കും ആ സ്ഥിതിയിൽ 10% തരാൻ കമ്പനിക്ക് എന്താണ് പ്രശ്നം എന്നാണ് ഷാറോൺ ഗ്രഹം ചോദിക്കുന്നത്. ഷെയർ ഹോൾഡേഴ്സിന് കമ്പനി വലിയ ഡിവിഡന്റ് ആണ് നൽകുന്നത്. എന്നാലും തൊഴിലാളികളുടെ ന്യായമായ ആവശ്യം പോലും അംഗീകരിക്കാൻ കമ്പനി തയ്യാറല്ല. ഫെലിസ്റ്റോ സമരം ചരക്ക് വിതരണ ശൃംഖലയെ വലിയതോതിൽ താറുമാറാക്കുകയും ഇംഗ്ലണ്ടിലെ വിലക്കയറ്റത്തെയും സാമ്പത്തിക സ്ഥിതിയെപോലും വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

## പോസ്റ്റൽ സമരം

ഇംഗ്ലണ്ടിലെ റോയൽ മെയിൽ ജീവനക്കാരും പോസ്റ്റ് ഓഫീസ് ജീവനക്കാരും ആഗസ്റ്റ് 26 മുതൽ സമരത്തിലാണ് തുടർച്ചയായ സമരത്തിനാണ് പോസ്റ്റൽ ജീവനക്കാർ തീരുമാനിച്ചിരിക്കുന്നത്. ടെലികോം ജീവനക്കാരും സമരത്തിലണിനിരക്കുന്നുണ്ട്. പോസ്റ്റൽ സമരം കത്തുകളുടെയും പാഴ്സലുകളുടെയും വിതരണത്തെ ബാധിച്ചു കഴിഞ്ഞു. 150000 തൊഴിലാളികൾ സമരത്തിലാണ്. വലിയ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ വേതന വർദ്ധനവിനായാണ് പണിമുടക്ക്. രണ്ടുശതമാനം മാത്രമാണ് മാനേജ്മെൻറ് മുന്നോട്ടുവച്ചത് അതംഗീകരിക്കാൻ തൊഴിലാളികൾ തയ്യാറല്ല. ഇംഗ്ലണ്ടിലെ പോസ്റ്റൽ പോർട്ട് റെയിൽവേ മാത്രമല്ല നാനാ മേഖലകളിലും സമരം നടക്കുകയാണ്. ബസ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങി എല്ലാവരും പ്രക്ഷോഭത്തിലാണ്.

തൊഴിലാളി സമരം ഇംഗ്ലണ്ടിൽ മാത്രമല്ല യൂറോപ്പിൽ ആകെ പടർന്നു പിടിച്ചിരിക്കുകയാണ്. യൂറോപ്പിലെ എയർപോർട്ട്, എയർലൈൻ ജീവനക്കാർ ഉൾപ്പെടുന്ന മിക്ക കമ്പനികളിലും സമരമാണ്. റയൻ എയറിലെ ക്യാബിൻക്രൂ പല ദിവസങ്ങളിലായി സമരത്തിലാണ്. ജൂലൈയിൽ റയൻ എയറിന്റെ മുന്നൂറിലധികം ഫ്ളൈറ്റുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നു. പ്രതികാര നടപടിയായി റയൻ എയർ അനേകം തൊഴിലാളികളെ പിരിച്ചുവിട്ടു. സ്പാനിഷ് എയറിലെ ഈസി ജെറ്റിലെ തൊഴിലാളികൾ ആഗസ്റ്റ് 26 മുതൽ 3 ദിവസം പണിമുടക്കി. ഈസി ജെറ്റിലെ ജീവനക്കാർ സെപ്റ്റംബറിൽ ഇനിയും മൂന്നുദിവസം പണിമുടക്കാൻ തയ്യാറെടുക്കുകയാണ്.

ജർമ്മനിയിലെ ഫ്രാങ്ക് ഫ്രാർട്ട് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ജീവനക്കാർ ആഗസ്റ്റ് 25, 26 തീയതികളിൽ പണിമുടക്കി ബുദ്ധിമുട്ടുപിടിച്ച തൊഴിൽ സാഹചര്യവും ജീവനക്കാരുടെ കുറവുമാണ് ജീവനക്കാരെ സമരത്തിന് നിർബന്ധിതമാക്കിയത് 4000ത്തോളം തൊഴിലാളികളാണ് സമരത്തിൽ. ജർമ്മനിയിലെ മറ്റു പല മേഖലകളിലും സമരങ്ങൾ അരങ്ങേറി കൊണ്ടിരിക്കുകയാണ്. ലുഫ്താൻസ എയർപോർട്ട് ലൈനിലെ ജീവനക്കാർ ഉൾപ്പെടെ പ്രക്ഷോഭത്തിലാണ്. ഓസ്ട്രേലിയയിലും തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്.

ലോകമാകെ തന്നെ ഭക്ഷ്യ മേഖലയിലും ഊർജ്ജമേഖലയിലും വലിയ വിലക്കയറ്റം ആണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത് കേന്ദ്ര സർക്കാരുകളും കേന്ദ്ര ബാങ്കുകളും സർക്കാരുകളും എല്ലാ മാർഗങ്ങളും ഉപയോഗിച്ചിട്ടും വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയുന്നില്ല. സാമ്പത്തിക പ്രതിസന്ധി എല്ലാകാലത്തും ഏറ്റവും രൂക്ഷമായി ബാധിക്കുന്ന തൊഴിലാളികളെയാണ്. തൊഴിലാളികൾ സ്വാഭാവികമായി പ്രക്ഷോഭത്തിൽ ഇറങ്ങുകയും ചെയ്യും. 1930കളിലെ സാമ്പത്തിക പ്രതിസന്ധി കാലത്തും വലിയ തൊഴിലാളി പ്രക്ഷോഭങ്ങൾ അരങ്ങേറിയത് തൊഴിലാളികളുടെ സംഘടനാശക്തിയെ ഉയർത്തി എന്ന് മാത്രമല്ല രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സാമൂഹ്യ സാമ്പത്തിക രംഗത്ത് വലിയ മാറ്റത്തിന് കാരണമായി. ഇന്നിപ്പോൾ ഉരുത്തിരിഞ്ഞു വരുന്ന സാഹചര്യം ഈ രൂപത്തിലായി ഉള്ള സാമൂഹ്യ മാറ്റങ്ങളുടെ സാധ്യത തുറന്നിട്ടുണ്ട്.

## സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടൽ

# ആസ്തികൾ കോർപറേറ്റുകൾക്ക് കൈമാറാൻ

ഡോ.ആർ.രാംകുമാർ



ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ ഇതുവരെയില്ലാത്ത പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ മുപ്പതുവർഷമായി രാജ്യത്ത് നവലിബറൽ നയങ്ങൾ നടപ്പാക്കി വരികയാണല്ലോ. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ധനമേഖലയിലെ പരിഷ്കാരങ്ങൾ. ധനമേഖലയിലെ പരിഷ്കാരങ്ങൾക്കകത്ത് പൊതുമേഖലാ ബാങ്കുകളെ ദുർബലപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് ഉള്ളത്. ഇതിന്റെ ഫലമായി സാമൂഹ്യ ബാങ്കിംഗ് സംവിധാനം നിരന്തരം ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പല രൂപത്തിൽ, ഭാവത്തിൽ കഴിഞ്ഞ മുപ്പതുവർഷമായി ഇത് അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യവൽക്കരണത്തിന്റെ ഭീഷണിക്കൊപ്പം ഗ്രാമീണ മേഖലയിൽ പൊതുമേഖലാ ബാങ്കുകളുടെ സാന്നിദ്ധ്യം നിരന്തരം കുറച്ചുകൊണ്ടു വരുന്നതും, നാം കണ്ടു. ബാങ്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കെതിരെയുള്ള ആക്രമണവും ബാങ്കുകളില്ലാത്തപ്രദേശങ്ങളിൽ പൊതുമേഖലാ ബാങ്കുകളുടെ സാന്നിധ്യം ഇല്ലാതാകുന്നതും ദൃശ്യമാണ്. ദേശസാൽക്കരണത്തിന് മുൻപുണ്ടായിരുന്ന അവസ്ഥയിലേക്കുള്ള പിന്മടക്കമാണ് നടന്നു കൊണ്ടിരിക്കുന്നത്. സ്വകാര്യ ബാങ്കുകൾ ആരംഭിക്കുന്നത് കൂടാതെ വിദേശ ബാങ്കുകളെ ആനയിച്ചുകൊണ്ടു വരുന്നുമുണ്ട്.

ഊഹക്കച്ചവടത്തെ പ്രോത്സാഹിപ്പിക്കുക വഴി നിരവധി ബദൽ നിക്ഷേപങ്ങൾ ജനങ്ങൾക്കായി കൊണ്ടുവരുന്നു. പലിശ നിരക്ക് കുറച്ച് പൂജ്യത്തിലെത്തി നിൽക്കുകയാണ്. അതുവഴി ബാങ്ക് നിക്ഷേപത്തിനുള്ള പ്രചോദനം ഇല്ലാതാക്കുന്നു. മാത്രമല്ല ബാങ്കുകളിൽ നിന്ന് നിക്ഷേപം പിൻവലിച്ച് ചൂതാട്ടത്തിനു വേണ്ടി ഓഹരി കമ്പോളത്തിലെത്തിക്കുകയാണ് കഴിഞ്ഞ നാൽപ്പത് വർഷങ്ങളായി ലോകത്താകെ നടപ്പാക്കി വരുന്ന നയങ്ങൾ തന്നെയാണിതെന്ന് കാണാൻ കഴിയും. 2007–2008 ലെ ധന ഉൽപ്പന്നങ്ങൾക്ക് പുറകിലെ പ്രേരക



**വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ചത് സഹകരണ ബാങ്കുകളുടെ അടിസ്ഥാന സ്വഭാവം തന്നെ മാറ്റിമറിക്കുന്നതാണ്. അതായത് ഒരു ജനകീയ സാമൂഹ്യ പ്രസ്ഥാനത്തിൽ നിന്നും കോർപറേറ്റ് സ്ഥാപനമാക്കി മാറ്റാനുള്ള നീക്കമാണ് ഇതിന് പുറകിൽ. പൊതുമേഖലാ ബാങ്കുകളെ ഏതു മാനദണ്ഡപ്രകാരമാണോ വിലയിരുത്തുന്നത് അതേ മാനദണ്ഡം സഹകരണ മേഖലയിലും ബാധകമാക്കണം. അതുകൊണ്ടാണ് വൈദ്യനാഥൻ നഷ്ടം നികത്തുന്നതിന് സർക്കാർ ധനസഹായം വേണമെങ്കിൽ സഹകരണ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന വ്യവസ്ഥ മുന്നോട്ടുവച്ചത്.ഈ വ്യവസ്ഥയാണ് 'സഹകരണം' എന്ന വാക്കിനെ തന്നെ നിരർഥകമാക്കിയത്.**

വസ്തു ഇതു തന്നെയായിരുന്നു. അങ്ങിനെയാണ് എൻഡിഎ എന്നു വിളിക്കുന്ന വിഷഇന്ത്യ ആസ്തികൾ വർദ്ധിച്ചതും ബാങ്കുകൾ തന്നെ തകരുന്നിടത്തേക്ക് കാര്യങ്ങൾ നീങ്ങിയതും.

ഇതിലന്തർലീനമായ കാര്യങ്ങൾ ഇപ്രകാരമാണ്. ഒന്ന് നവലിബറൽ നയങ്ങൾ ഒരു വർഗ്ഗപരമായ പദ്ധതിയാണ് (Class Project) അതിന്റെയർത്ഥം ഭൗതികവും ധനപരവുമായ തൊഴിലാളി വർഗ്ഗത്തിന്റെ ആസ്തികൾ മുതലാളിവർഗ്ഗത്തിന് കൈമാറുന്നു എന്നതാണ്. ജനങ്ങളെ നിർധനരാക്കി, നിരായുധരാക്കി അവരുടെ ആസ്തികൾ സമൂഹത്തിലെ മുതലാളി വർഗ്ഗത്തിന് കൈമാറുന്നു. സമൂഹത്തിൽ വികസനം സാധ്യമാക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ വാണിജ്യ താല്പര്യങ്ങളിലേക്ക് മാറ്റുന്നതും വർഗ്ഗപരമായ പദ്ധതിയാണെന്ന് നാം മനസ്സിലാക്കണം.

അതുകൊണ്ട് ഇതടിസ്ഥാനപരമായി ജനങ്ങളിൽ നിന്ന് സ്വകാര്യ വ്യക്തികളിലേക്കും സർക്കാരിൽ നിന്ന് സ്വകാര്യ കോർപ്പറേറ്റുകളിലേക്കും കൈമാറ്റപ്പെടുന്നു. അന്തിമമായി ബാങ്കുകളുടെ ഉടമസ്ഥാവകാശവും സ്വകാര്യ കോർപറേറ്റുകളിൽ വന്നു ചേരും. ഇതാണ് നവലിബറൽ നയങ്ങൾ ആഗ്രഹിക്കുന്നതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. സഹകരണ ബാങ്കിനെ മേഖല വാണിജ്യ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായ സ്വഭാവമുള്ള ഒരു രൂപമാണ്. 1991 ലെ നരസിംഹം കമ്മിറ്റി ശുപാർശകൾ പ്രാഥമികമായും പൊതുമേഖലാബാങ്കുകളെ ഉദ്ദേശിച്ചുള്ളതായിരുന്നു. സഹകരണ ബാങ്കിംഗ് മേഖല അതിൽ കടന്നു വന്നിട്ടില്ല. നവലിബറൽ നയങ്ങളുടെ പരിധിക്ക് പുറത്താണ് സഹകരണബാങ്കുകൾ എന്നാണ് പലരും ധരിച്ചിരുന്നത്. എന്നാൽ അങ്ങിനെയല്ല. വൈദ്യനാഥൻ കമ്മീഷൻ വരുന്നത് 1990കളുടെ അവസാനത്തിലാണ്. പൊതുമേഖലാ ബാങ്കുകൾക്ക് എന്തായിരുന്നോ നരസിംഹം കമ്മീഷൻ റിപ്പോർട്ട്, അതുപോലെയാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് സഹകരണ ബാങ്കുകൾക്കുള്ളത്. സഹകരണ പ്രസ്ഥാനത്തെ പ്രശംസാവാക്കുകൾ കൊണ്ട് പൊതിഞ്ഞാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് പുറത്ത് വന്നതെങ്കിലും സഹകരണമേഖല ഒരു പരാജയപ്പെട്ട സംവിധാനമാണ് ഇന്ത്യയിൽ എന്നാണ് സമർത്ഥിക്കുന്നത്. സാമൂഹ്യ വികസനരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ സഹകരണ ബാങ്കുകൾക്ക് ആഗോളവൽക്കരണ നവലിബറൽ നയങ്ങളുമായി യോജിക്കാൻ കഴിയില്ല. കാരണം ഇവിടെ ലാഭമെന്ന കാഴ്ചപ്പാട് വികസനത്തിന് കീഴെയാണ്.

ബാങ്കിംഗ് വ്യവസായം മൊത്തത്തിലെടുക്കുകയാണെങ്കിൽ സഹകരണ ബാങ്കുകൾ സവിശേഷസ്വഭാവമുള്ളവയാണെന്ന് കാണാം. ധനമേഖലാ പരിഷ്കാരങ്ങൾ ആരംഭിച്ച കാലത്ത് അത് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത് പൊതുമേഖലാബാങ്കുകളെയാണ്. നരസിംഹം കമ്മിറ്റി ശുപാർശകൾ പരിശോധിച്ചാൽ അതിൽ വളരെക്കുറച്ച് മാത്രമേ സഹകരണ സൊസൈറ്റികളെക്കുറിച്ചും സഹകരണ ബാങ്കുകളെക്കുറിച്ചും പരാമർശിക്കുന്നുള്ളൂ. അതിനാൽ 1990 അവസാനം വരെ സഹകരണ ബാങ്കുകൾ നവലിബറൽ നയങ്ങളുടെ പരിധിയിൽ വരുന്നില്ല എന്ന ധാരണയായിരുന്നു നാമെല്ലാം വെച്ച് പുലർത്തിയിരുന്നത്.

എന്താണ് വൈദ്യനാഥൻ കമ്മിററി പറയുന്നത്? രാജ്യത്തെ വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വലുതാണ്. സഹകരണസൊസൈറ്റികളെക്കുറിച്ചും ബാങ്കുകളെക്കുറിച്ചും നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കേരളം, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ ഒഴിച്ചാൽ ഇന്ത്യയിലെ സഹകരണ മേഖല പരാജയപ്പെട്ട പദ്ധതിയാണ്. സാമൂഹ്യവികസനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിൽ സഹകരണ മേഖലയുടെ പങ്ക്, അതിന്റെ

ജനകീയ സ്വഭാവം എന്നിവയെല്ലാം വാണിജ്യ താൽപ്പര്യങ്ങളുമായി ഒത്തുപോകുന്നില്ല.

അതുകൊണ്ട് പൊതുമേഖലാബാങ്കുകളെയും സ്വകാര്യ ബാങ്കുകളെയും പോലെ സഹകരണബാങ്കുകളും പ്രവർത്തന സ്വഭാവം വൈകാതെ കൈവരിക്കണം. അതിന് വേണ്ടിയല്ല സഹകരണമേഖല ആരംഭിച്ചതെന്ന കാര്യം കമ്മിറ്റി പരിഗണിക്കുന്നില്ല. വാണിജ്യബാങ്കുകളിൽ നിന്ന് വ്യത്യസ്തമായ സ്വഭാവമാണ് അതിനുള്ളത്. ജനങ്ങളുടെ പങ്കാളിത്തവും ഉടമസ്ഥതയുമാണ് അതിനെ നയിക്കുന്നത്. പ്രവർത്തനലാഭം വീണ്ടും ജനങ്ങളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നു. സ്വദേശി സമ്പദ്ഘടനയെ തൊട്ടറിയുന്ന അവിടുത്തെ ജനങ്ങളെ നേരിട്ട് ബന്ധപ്പെടുന്ന, അവരുടെ വിഷമങ്ങൾ മുഖദാവിൽ അറിയുന്ന, പ്രാദേശിക ജനങ്ങൾ തന്നെയാണ് അതിന്റെ നടത്തിപ്പുകാരാകുന്നത്. എന്നാൽ വൈദ്യനാഥൻ കമ്മിറ്റി വാണിജ്യബാങ്കുകളെപ്പോലെ തന്നെ സഹകരണ ബാങ്കുകളും പ്രവർത്തിക്കണമെന്നാണ് പറഞ്ഞത്.

അതിന്റെ മുന്നോടിയായി വാണിജ്യബാങ്കുകൾക്ക് ബാധകമായ ബാസൽ നിയമങ്ങൾ മൂലധനപര്യാപ്തത സഹകരണ ബാങ്കുകൾക്കും ബാധകമാക്കി. ഒരു പക്ഷേ, അതായിരിക്കാം സഹകരണ മേഖലയിലേക്കുള്ള നവലിബറൽ നയങ്ങളുടെ ശുഭകരമായ തുടക്കം. എന്താണ് വൈദ്യനാഥൻ കമ്മിറ്റി സഹകരണ മേഖലക്കായി മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാട്?

സഹകരണബാങ്കുകൾ മൊത്തത്തിൽ നഷ്ടത്തിലാണത്രെ! അതുകൊണ്ട് അവരെ രക്ഷിച്ചെടുക്കാൻ സർക്കാർ പണം നിക്ഷേപിക്കണം. വാസ്തവത്തിൽ സഹകരണമേഖലയുടെ ആരോഗ്യം ഒരു രാഷ്ട്രീയ ചോദ്യമാണ്. അതായത് സഹകരണമേഖലയെ പ്രോത്സാഹിപ്പിച്ചിരുന്ന, അതിന് വളരാൻ വേണ്ട സൗകര്യമൊരുക്കുന്ന ഒരു രാഷ്ട്രീയ നേതൃത്വം ഭരണത്തിലുണ്ടാകണം. എന്നാൽ വൈദ്യനാഥനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് അത് വെറും സാങ്കേതിക പ്രക്രിയ മാത്രമാണ്. സത്യത്തിൽ വൈദ്യനാഥൻ കമ്മിറ്റി സാമൂഹ്യ യാഥാർഥ്യങ്ങളിൽ നിന്ന് സഹകരണ മേഖലയെ വേർപെടുത്തുകയാണ് ചെയ്തത്. ജനകീയ സംരംഭത്തിൽ നിന്ന് അതിനെ അടർത്തിമാറ്റി വാണിജ്യതലത്തിൽ പ്രതിഷ്ഠിക്കുന്നു. പൊതുമേഖലാ ബാങ്കുകളെ ഏതു മാനദണ്ഡപ്രകാരമാണോ വിലയിരുത്തുന്നത് അതേ മാനദണ്ഡം സഹകരണ മേഖലയ്ക്കും ബാധകമാക്കണം. അതുകൊണ്ടാണ് വൈദ്യനാഥൻ നഷ്ടം നികത്തുന്നതിന് സർക്കാർ ധനസഹായം വേണമെങ്കിൽ സഹകരണ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്ന വ്യവസ്ഥ മുന്നോട്ടുവച്ചത്.

ഈ വ്യവസ്ഥയാണ് 'സഹകരണം' എന്ന വാക്കിനെ തന്നെ നിരർഥകമാക്കിയത്. സഹകരണ നിയമത്തിലും സ്ഥാപനത്തിലും ഭേദഗതികൾ കൊണ്ടുവരുന്നതിന് മൂന്ന് ഉപാധികളും റിപ്പോർട്ടിലുണ്ട്. ഒന്നാമതായി മൂലധന പര്യാപ്തതയാണ്. അത് 2013ൽ 7 ശതമാനം, 2016ൽ 9 ശതമാനം, തുടർന്ന് സ്ഥിരമായി 12 ശതമാനവും നിർബന്ധമാക്കി. എന്തിനാണ് പൊതുമേഖലാ ബാങ്കുകളെപ്പോലെ സഹകരണ ബാങ്കുകൾക്കും മൂലധന പര്യാപ്തത?

കേന്ദ്രസംസ്ഥാന സർക്കാരുകൾ നൽകുന്ന ധനസഹായം നേരിട്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് എന്തിനാണ് മൂലധന പര്യാപ്തത വ്യവസ്ഥ ചെയ്യുന്നത്? മറ്റൊന്ന് സഹകരണ ബാങ്കുകളിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങണമെന്നാണ്. പ്രത്യക്ഷത്തിൽ വളരെ നിസാരമായ. ഒരു ആശയമാണ് നടപ്പാക്കുന്നതെന്ന് തോന്നാം. പക്ഷെ യഥാർഥത്തിൽ സഹകരണ മേഖലയ്ക്ക് നല്ലതല്ല സർക്കാർ പിന്മാറ്റം. വാണിജ്യ താല്പര്യത്തിൽ

**സത്യത്തിൽ വൈദ്യനാഥൻ കമ്മിറ്റി സാമൂഹ്യ യാഥാർഥ്യങ്ങളിൽ നിന്ന് സഹകരണ മേഖലയെ വേർപെടുത്തുകയാണ് ചെയ്തത്. ജനകീയ സംരംഭത്തിൽ നിന്ന് അതിനെ അടർത്തിമാറ്റി വാണിജ്യതലത്തിൽ പ്രതിഷ്ഠിക്കുന്നു.**

സഹകരണബാങ്കുകളെ പ്രവർത്തിപ്പിക്കുന്നതിന് സഹകാരികല്ലാത്തവരുമായി ഇടപാടുകൾ നടത്തരുതെന്നാണ് മറ്റൊരു നിർദേശം. സഹകാരികളിൽ നിന്നുമാത്രം നിക്ഷേപം സ്വീകരിച്ച് സഹകാരികൾക്ക് മാത്രം വായ്പ കൊടുത്ത് ഒരു സ്ഥാപനത്തിനും പ്രവർത്തിക്കാനാകില്ല.

ബാങ്ക് എന്ന പദം സഹകരണ സൊസൈറ്റികൾ ഉപയോഗിക്കരുതെന്നാണ് മറ്റൊരു നിർദേശം. ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുന്നവയ്ക്ക് മാത്രമേ 'ബാങ്ക്' എന്ന പദം ഉപയോഗിക്കാനാകൂ. സഹകരണ നിയമത്തിൽ അതിന് വ്യവസ്ഥയില്ല. ബാങ്ക് എന്ന പദം സഹകരണ സ്ഥാപനങ്ങൾക്ക് നിഷേധിച്ചാൽ സാധാരണ ജനങ്ങൾ മറ്റു ബാങ്കുകളെ ആശ്രയിക്കും. അങ്ങനെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന ജനങ്ങളെ അകറ്റാനുള്ള ശ്രമമാണ് നടക്കുന്നത്.

വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് സർക്കാർ സ്വീകരിച്ചത് സഹകരണ ബാങ്കുകളുടെ അടിസ്ഥാന സ്വഭാവം തന്നെ മാറ്റിമറിക്കാനാണ്. അതായത് ഒരു ജനകീയ സാമൂഹ്യ പ്രസ്ഥാനത്തിൽ നിന്നും കോർപറേറ്റ് സ്ഥാപനമാക്കി മാറ്റാനുള്ള നീക്കമാണ് ഇതിന് പുറകിൽ.

വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന് തുടർച്ചയായി വേറെയും കമ്മിറ്റികൾ വരുകയുണ്ടായി. അതിലൊന്നാണ് 2012ലെ പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ട്. അദ്ദേഹം ഒരു പടികൂടി കടന്ന് പ്രൈമറി കാർഷിക സഹകരണ സംഘങ്ങൾക്ക് ബാങ്കുകളായി



Product of.
KODIYATHOOR
SERVICE CO-OPERATIVE BANK LTD. NO.D.2417



Natural Velli Velichenna

നാച്ചുറൽ
വെള്ളി
വെളിച്ചെണ്ണ

കോക്കനട്ട് കോംപ്ലക്സ്, പന്നിക്കോട്
PH: PH: 0495 2206040, 9037787715, For Business Enquiry: 9562770088
E-mail:naturalcoconutoilunit@gmail.com

ദി കാലിക്കറ്റ് ടൗൺ
സർവീസ് കോ-ഓപ്പറേറ്റീവ് ബേങ്ക്
ലിമി. നമ്പർ ഡി. 2665

മെയിൻ ബ്രാഞ്ച് : ടൗൺ ബാങ്ക് ടവർ, ഹെഡ്പോസ്റ്റോഫീസിന് പിൻവശം, എ.ജി. റോഡ്, കോഴിക്കോട്-1 ഫോൺ:0495 2765474,2762473
townbankcalicut@gmail.com, www.calicuttownbank.com

ബ്രാഞ്ചുകൾ: എ.ജി.റോഡ്, കോഴിക്കോട്-1,ഫോൺ:0495 2762473 ● ഗാന്ധിറോഡ്, കോഴിക്കോട് - 11, ഫോൺ: 0495 2767630
ചാലപ്പുറം, കോഴിക്കോട്-2, ഫോൺ: 0495 2703393 ● ഫ്രാൻസിസ് റോഡ്, കോഴിക്കോട്-1, ഫോൺ: 0495 2306001
പാളയം കോഴിക്കോട് - 2, ഫോൺ : 0495 2700333 ● മാവൂർറോഡ്, കോഴിക്കോട് - 1, ഫോൺ: 0495 2729933
● കെ.പി.കെ.എം റോഡ്, കോഴിക്കോട്-1, ഫോൺ: 0495 2765473
● ഇംഗ്ലീഷ് പള്ളി ബ്രാഞ്ച്, മറീന ടവർ, കോഴിക്കോട്-11, ഫോൺ: 0495 2366660

ചെയർമാൻ
വിശ്വനാഥൻ എ.വി.

ജനറൽ മാനേജർ
ഇ.സുനിൽകുമാർ



പന്നിയങ്കര സർവ്വീസ് സഹകരണ ബാങ്ക്
ലി. നമ്പർ ഡി 2694, കല്ലായ്, കോഴിക്കോട്
കല്ലായ് ബ്രാഞ്ച് - ഫോൺ: 2324712
മീഞ്ചന്ത ബ്രാഞ്ച് : 2325545, പയ്യാനക്കൽ ബ്രാഞ്ച് : 2324714
ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
നീതി മെഡിക്കൽ സ്റ്റോർ
ഹാപ്പി ടവർ, വട്ടക്കിണർ, ഫോൺ : 2324713

കെ.ഹരിദാസൻ
പ്രസിഡന്റ്

പി.മഹേഷ് ചന്ദ്ര
സിക്രട്ടറി

നില്ക്കാൻ കഴിയില്ലെന്നും വേണമെങ്കിൽ അവക്ക് ജില്ലാബാങ്കുകളുടെ ബാങ്കിംഗ് കറസ്പോണ്ടന്റുമാരായി പ്രവർത്തിക്കാമെന്നും നിർദ്ദേശിച്ചു. ഇതിനെന്തെങ്കിലും നീതികരണമുണ്ടോ? ഒന്നുമില്ല. കാരണം കേരളത്തിലെ ഒരു ശരാശരി പ്രാഥമിക സഹകരണ സൊസൈറ്റിക്ക് 20 കോടി നിക്ഷേപമുണ്ട്. ഇരുപത്കോടി വലിയൊരു സംഖ്യയാണ്. അവർക്ക് ആ പണം പ്രാദേശിക സമ്പദ്വ്യവസ്ഥയിൽ വിന്യസിക്കാൻ കഴിയും. പ്രാദേശിക സമ്പദ് വ്യവസ്ഥക്ക് അനുഗുണമായ വസ്തുക്കൾ നല്കിയും വായ്പ നൽകിയും ഉല്പാദനത്തിന് മേൽനോട്ടം വഹിച്ചും ഉല്പന്നങ്ങൾ കമ്പോളത്തിലെത്തിച്ചും സ്വയം വിപണനം ചെയ്തും പ്രാദേശിക സമ്പദ് വ്യവസ്ഥകളെ ഉത്തേജിപ്പിക്കാനാകും.

പിന്നീടുണ്ടായത് ബാങ്കിംഗ് റഗുലേഷൻ ആക്ട് ഭേദഗതി 2012–ലൂടെ എസ്എൽആർ, സിആർആർ റേഷ്യോകൾ ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളുടേതുപോലെ സഹകരണബാങ്കുകൾക്കും ബാധകമാക്കിയതാണ്. സഹകരണ ബാങ്കുകൾ വാണിജ്യബാങ്കുകളുടെ സ്വഭാവം കൈവരിക്കുന്നതിനപ്പുറം മറ്റൊന്നും ഈ ഭേദഗതി വഴി സംഭവിക്കുന്നില്ല. ഈ കമ്മിറ്റി റിപ്പോർട്ടുകളെല്ലാം സഹകരണബാങ്കുകളെ ഒരു പ്രത്യേകദിശയിലേക്ക് നയിക്കുന്നതിനുവേണ്ടിയുള്ളതാണ്. തുടർന്ന് 2010 അവസാനം മലേഗാം കമ്മിറ്റി റിപ്പോർട്ടും 2016 ൽ ഗാന്ധി കമ്മിറ്റി റിപ്പോർട്ടും വരികയുണ്ടായി. ഈ കമ്മിറ്റികൾ വൈദ്യനാഥൻ, ബക്ഷി തുടങ്ങിയവരുടെ ആവർത്തനമല്ലാതെ ഒന്നും പുതുതായി നിർദേശിച്ചിട്ടുമില്ല.

2010 മുതൽ 2016 വരെ നിലനിന്ന സ്ഥിതിവിശേഷം അങ്ങിനെയായിരുന്നു. അതിനിടയിൽ ഇന്ത്യയിലെ നവലിബറൽ പ്രയോക്താക്കൾ സഹകരണ ബാങ്കുകളുടെ ഘടനയെത്തന്നെ മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കാൻ തുടങ്ങി. ഈ സമയത്ത് റിസർവ് ബാങ്ക് ഗവർണറായിരുന്ന രഘുരാം രാജനാണ് പ്രത്യേക സ്വഭാവമുള്ള ബാങ്കുകൾ ആരംഭിക്കാൻ അനുമതി നല്കിയത്. അവയാണ് ചെറുഫിനാൻസ് ബാങ്കുകളും (Small Finance Bank) പേമെന്റ് ബാങ്കുകളും. പൊതുമേഖലാബാങ്കുകൾ ഉണ്ടായിട്ടും എന്തിനായിരുന്നു ഈ പുതുസംരംഭങ്ങൾ? ഇതുകൊണ്ട് പൊതുമേഖലാ ബാങ്കുകളുടെ കുറച്ച് ബിസിനസ്സ് അവർക്ക് കൈമാറാമെന്നുമാത്രം.

പൊതുമേഖലാ ബാങ്കുകളെ പ്രത്യേകമായിമാറ്റി നിർത്തി സാധാരണക്കാർക്ക് അവശ്യം വേണ്ട ബാങ്കിടപാടുകൾ നിക്ഷേപം, ഫണ്ട് കൈമാറുക, തൊഴിലുറപ്പു പദ്ധതികൾ എന്നിവയൊക്കെ പേയ്മെന്റ് ബാങ്കുകളിലേക്ക് മാറ്റുന്നു. അതുപോലെ നിക്ഷേപം സ്വീകരിച്ച് മുൻഗണനാ വായ്പാ പദ്ധതികൾ ചെയ്യാൻ കഴിയുന്ന രീതിയിലാണ് ചെറുഫിനാൻസ് ബാങ്കുകളുടെ ഘടന നിശ്ചയിച്ചിട്ടുള്ളത്. ചുരുക്കത്തിൽ സാധാരണ ജനങ്ങളുടെ അവശ്യ ബാങ്കിംഗ് സേവനമെല്ലാം സ്വകാര്യബാങ്കിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയെടുക്കുന്നു ഈ സന്ദർഭത്തിലാണ് അർബൻ സഹകരണ ബാങ്കുകൾക്ക് സ്മാൾ ഫിനാൻസ് ബാങ്കുകളായി മാറാമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചത്. ഇവ ദേശീയമായി പ്രവർത്തിക്കുന്നവ കൂടിയാണ് എന്ന് മനസ്സിലാക്കണം. എന്നാൽ അർബൻ സഹകരണബാങ്കുകൾ ഒരു ചെറിയ പ്രദേശത്ത് യൂണിവേഴ്സൽ ബാങ്കിംഗ് സേവനം നൽകിവരുന്നുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന കാര്യം ഒരു ബാങ്കിംഗ് സ്ഥാപനത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ മാറ്റിയെടുക്കുന്നു എന്നതാണ്. എന്നാൽ ഇത് നടപ്പാക്കാൻ പറ്റാത്ത കാര്യമാണ്. അതുകൊണ്ടു തന്നെ ആരും തൊടാതിരിക്കുകയാണിപ്പോഴും. (തുടരും)

## എഫ് സി ഐ ഗോഡൗണുകൾ റിലയൻസ് കയ്യടക്കുന്നതിനെതിരെ ചെറുത്തുനിപ്പ് തുടരുന്നു

നമ്മുടെ രാജ്യത്തുള്ള എഫ് സി ഐയുടെ 430 ഗോഡൗണുകളും റിലയൻസിന് കൈമാറാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇവയിൽ രാജസ്ഥാനിലെ ഹനുമാൻഗാർഗ്,

ശ്രീ ഗംഗാനഗർ എന്നീ ജില്ലകളിലെ ഓരോ ഗോഡൗണുകളും ഉൾപ്പെടും. എന്നാൽ ഈ രണ്ട് കൈമാറ്റ നടപടികളും ചുമട്ടുതൊഴിലാളികളുടെ സംഘടനയായ പല്ലേദാർ ശ്രമിക്ക് യൂണിയനിൽ നിന്ന് ശക്തമായ എതിർപ്പിനെ നേരിടുകയാണ്.

2021 ഒക്ടോബറിൽ ഹനുമാൻഗാർഗിലെ തൊഴിലാളികൾ എഫ് സി ഐ കൈമാറ്റത്തിനെതിരെ ആരംഭിച്ച ചെറുത്തുനിൽപ്പ് 2022 ജൂലൈ 23ന് 282 ദിവസങ്ങൾ പൂർത്തിയാക്കി.

2021 ഒക്ടോബർ 1ന് ഹനുമാൻഗാർഗ് ജില്ലാ കളക്ടറുടെ ഓഫീസിന് മുന്നിൽ സിഐടിയുവിന്റെ നേതൃത്വത്തിൽ നടന്ന 2500ഓളം ചുമട്ടുതൊഴിലാളികളുടെ ശക്തമായ പ്രതിഷേധ പ്രകടനത്തോടെയാണ് ചെറുത്തുനിൽപ്പ് ആരംഭിച്ചത്. തുടർന്ന് നടന്ന യോഗത്തെ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി രവീന്ദ്ര ശുക്ല അഭിസംബോധന ചെയ്തു. 2021 ഒക്ടോബർ 20ന് റിലയൻസിന് കൈമാറിക്കഴിഞ്ഞ സെൻട്രൽ വെയർ ഹൗസിനു മുന്നിൽ ധർണ സംഘടിപ്പിക്കപ്പെട്ടു.

ശക്തമായ പ്രതിഷേധത്തിന്റെ ഫലമായി റിലയൻസ് ഗോഡൗണിൽ നിന്ന് ചില ഉപകരണങ്ങൾ നീക്കുന്നതിന് നിർബന്ധിതമായിരിക്കുകയാണ്. ഗോഡൗൺ പരിസരം റിലയൻസ് പൂർണമായി ഒഴുകുന്നത് വരെ ധർണ തുടരുന്നതിനാണ് തൊഴിലാളികൾ തീരുമാനിച്ചിരിക്കുന്നത്.

രാജസ്ഥാനിലുള്ള രണ്ടെണ്ണം ഒഴികെ രാജ്യത്തെ ബാക്കി 428 ഗോഡൗണുകളും റിലയൻസ് കൈക്കലാക്കി കഴിഞ്ഞു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

## കേന്ദ്ര സർക്കാരിന്റെ ഔഷധ നയം

# ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികൾ

**ചികിത്സാ ചെലവ് കുറയ്ക്കാനെന്ന അവകാശവാദത്തോടെ മോദി സർക്കാർ തയ്യാറാക്കി കഴിഞ്ഞ ദിവസം പുറത്തുവിട്ട ദേശീയ മരുന്നുപട്ടികയിൽ വൻ ചതിക്കുഴികളാണ് ഒളിഞ്ഞിരിക്കുന്നത്. ലാഭക്കൊതിയന്മാരായ മരുന്നു കുത്തകകളുമായി ഒത്തുകളിച്ച് കേന്ദ്രം വൈകിപ്പിച്ച പട്ടികയിൽ രാജ്യത്താകെ വിൽക്കുന്ന മരുന്നുകളുടെ 20 ശതമാനത്തിനു താഴെമാത്രമാണ് ഉൾപ്പെടുത്തിയത്. ഫലപ്രദമെന്ന് തെളിയിക്കപ്പെട്ട മരുന്നുകൾ പട്ടികയ്ക്ക് പുറത്തുനിർത്തിയത് ആരെ സഹായിക്കാനാണെന്ന് വ്യക്തമാണ്.**

ഏതൊരു രാജ്യത്തെയും പൗരന്മാരുടെ മൗലികാവകാശമാണ് ആരോഗ്യസംരക്ഷണം. എന്നാൽ, ഇന്ത്യയിൽ കേന്ദ്രസർക്കാരുകൾ പലപ്പോഴും ഔഷധ നയത്തിൽ വെള്ളംചേർത്ത് ആ സങ്കൽപ്പംതന്നെ ഇല്ലാതാക്കുകയാണ്. ബഹുരാഷ്ട്ര ഭീമന്മാർ ഇറക്കുമതി ചെയ്യുന്ന, മാരക പാർശ്വഫലങ്ങളുണ്ടാക്കുന്ന അനാവശ്യ മരുന്നുകൾ തള്ളുന്ന കുപ്പത്തൊട്ടിയാണ് മൂന്നാംലോകമെന്ന് നിരന്തരം തെളിയുന്നുമുണ്ട്. ചികിത്സാ ചെലവ് കുറയ്ക്കാനെന്ന അവകാശവാദത്തോടെ മോദി സർക്കാർ തയ്യാറാക്കി കഴിഞ്ഞദിവസം പുറത്തുവിട്ട ദേശീയ മരുന്നുപട്ടികയിൽ വൻ ചതിക്കുഴികളാണ് ഒളിഞ്ഞിരിക്കുന്നത് എന്നതാണ് വസ്തുത. അതിന് കൊട്ടിഘോഷിക്കുന്ന പ്രയോജനം ഉണ്ടാകില്ലെന്നതാണ് ജനകീയാരോഗ്യ പ്രവർത്തകർ പ്രകടിപ്പിക്കുന്ന ആശങ്ക. ലാഭക്കൊതിയന്മാരായ മരുന്നു കുത്തകകളുമായി ഒത്തുകളിച്ച് കേന്ദ്രം വൈകിപ്പിച്ച പട്ടികയിൽ രാജ്യത്താകെ വിൽക്കുന്ന മരുന്നുകളുടെ 20 ശതമാനത്തിനു താഴെമാത്രമാണ് ഉൾപ്പെടുത്തിയത്. കോവിഡ് വാക്സിനുകളെയും ഗുളികകളെയും തന്ത്രപൂർവം ഒഴിവാക്കിയപ്പോൾ അർബുദത്തിന്റെ മരുന്നുകളിൽ വിലകുറഞ്ഞ നാലെണ്ണംമാത്രം. കൂടുതൽ പ്രധാന അർബുദ ഔഷധങ്ങൾ അവശ്യ മരുന്നു പട്ടികയിൽ എത്തിക്കണമെന്നതാണ് ലോകാരോഗ്യസംഘടന (ഡബ്ല്യുഎച്ച്ഒ)യുടെ കാഴ്ചപ്പാട്.

ഫലപ്രദമെന്ന് തെളിയിക്കപ്പെട്ട മരുന്നുകൾ പട്ടികയ്ക്ക് പുറത്തുനിർത്തിയത് ആരെ സഹായിക്കാനാണെന്ന് വ്യക്തം. വിലകുറഞ്ഞ നാല് മരുന്ന് ഉൾപ്പെടുത്തിയശേഷം അർബുദ ചികിത്സാ ചെലവ് ഇടിയുമെന്ന് വാദിക്കുന്നത് കടുത്ത വഞ്ചനയാണ്. അവശ്യമരുന്ന് പട്ടികയെന്ന ആശയം 1977ലാണ് ഡബ്ല്യുഎച്ച്ഒ മുന്നോട്ടുവച്ചത്. പക്ഷേ, ഇന്ത്യയിൽ 1996 ആകേണ്ടിവന്നു അത് തയ്യാറാക്കാൻ. 2003, 2011, 2015 വർഷങ്ങളിൽ പരിഷ്കരിച്ചതായും കാണാം. മോദി സ്ഥാനമേറ്റശേഷം തുടർനടപടികൾ വൈകിപ്പിച്ചു. മരുന്നുവില സാധാരണക്കാർക്ക് താങ്ങാനാകാത്തവിധം കുതിച്ചുയർന്നപ്പോഴും കേന്ദ്രം കാഴ്ചക്കാരന്റെ നിലവാരത്തിലായിരുന്നു. ഇപ്പോൾ പട്ടിക ഇറക്കിയെന്നതിൽ ഊറ്റംകൊള്ളുന്ന സർക്കാർ ഭൂരിപക്ഷം ഔഷധങ്ങളുടെയും വിലനിയന്ത്രണത്തെക്കുറിച്ച് മിണ്ടുന്നേയില്ല. ഈ ഏപ്രിലിൽ അവശ്യ മരുന്നുകൾക്ക് അമിതമായി വില കൂട്ടുകയുമുണ്ടായി.

കോവിഡിന്റെ ഒന്നാംതരംഗം പടർന്നവേളയിൽ ഇന്ത്യയിൽ ആന്റിബയോട്ടിക് മരുന്നുകളുടെ വിൽപ്പന കുതിച്ചുയർന്നിരുന്നതായി വാഷിങ്ടൺ സർവകലാശാലയുടെ പഠനം




വ്യക്തമാക്കുന്നു. 2020 ജൂൺ സെപ്തംബർ ഘട്ടത്തിൽ 21.64 കോടി ഡോസ് ആന്റിബയോട്ടിക്കുകളും 3.8 കോടി ഡോസ് അസിത്രോമൈസിനും ചെലവായി. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം മരുന്നുകളെ പ്രതിരോധിക്കാൻ ശേഷിയുള്ള അണുബാധയിലേക്ക് നയിക്കാമെന്നും പഠനം മുന്നറിയിപ്പുനൽകി. പൊതുജനാരോഗ്യത്തിനു മുന്നിലെ വലിയ വെല്ലുവിളികളിലൊന്ന് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗമാണെന്നും ഗവേഷണത്തിന് നേതൃത്വം നൽകിയ ഡോ. സുമന്ത് ഗന്ദ്ര

വിശദീകരിച്ചു. ഇതര രാജ്യങ്ങളിൽ മുതിർന്നവരിലെ ആന്റിബയോട്ടിക് ഉപയോഗം കുറഞ്ഞപ്പോൾ ഇന്ത്യയിൽ അത് ഏറുകയായിരുന്നു. ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിൽ ഒരുവർഷം 500 കോടിയുടെ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നതായി 'ലാൻസെറ്റ്' ജേണൽ പഠനം ചൂണ്ടിക്കാട്ടുന്നു. ഡോക്ടർമാരുടെ ചീട്ടില്ലാതെ മെഡിക്കൽ സ്റ്റോറുകളിൽനിന്ന് നേരിട്ട് മരുന്ന് വാങ്ങുന്നവരുടെ എണ്ണവും കൂടുതലാണ്. യൂറോപ്പ്, അമേരിക്ക പോലെ ആന്റിബയോട്ടിക് ഉപയോഗം നിരീക്ഷിക്കാനുള്ള സംവിധാനം ഇന്ത്യയിലില്ല. ഈ പശ്ചാത്തലത്തിൽ അവയുടെ വിൽപ്പനയിലും ഉപയോഗത്തിലും നിയന്ത്രണങ്ങൾ കർശനമാക്കാനുള്ള നടപടികൾ അനിവാര്യമാണെന്നും പഠനം പറയുന്നു.

പാരസെറ്റമോൾ ഇനമായ ഡോളോ 650 വൻതോതിൽ കുറിച്ചുനൽകാൻ മരുന്ന് കമ്പനി, ഡോക്ടർമാർക്ക് 1000 കോടി രൂപ പാരിതോഷികം നൽകിയതായി ആദായ നികുതി വകുപ്പ് കണ്ടെത്തുകയുണ്ടായി. ഉൽപ്പാദകരായ മൈക്രോലാബ്സിൽ നടത്തിയ റെയ്ഡിൽ അതുസംബന്ധിച്ച രേഖകൾ പിടിച്ചെടുക്കുകയും ചെയ്തു. ആദായ നികുതി ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ നടത്തിയ റെയ്ഡിനിടെ കിട്ടിയ രേഖകളിൽനിന്ന് ഡോക്ടർമാർക്ക് പണം നൽകിയതായി തെളിഞ്ഞു. വിദേശയാത്ര ഉൾപ്പെടെ പാക്കേജുകൾ അനുവദിച്ചതായും കണ്ടെത്തി. ആരോപണവിധേയരുടെ പേരുകൾ ഉൾപ്പെടുന്ന രേഖകൾ ആദായ നികുതി വകുപ്പ്, മെഡിക്കൽ കമീഷന് കൈമാറിയിട്ടുമുണ്ട്.

## ആസൂത്രണ ബോർഡുകൾക്ക്
# അന്ത്യംകുറിക്കാൻ കേന്ദ്ര സർക്കാരിന്റെ നീക്കം

ആസൂത്രണ ബോർഡുകൾക്ക് അന്ത്യംകുറിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം വിനാശകരമാണ്. സംസ്ഥാനങ്ങളിലെ തനതായ ആസൂത്രണത്തിലും ഇടപെട്ട് സർവതും കൈപ്പിടിയിൽ ഒതുക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നതെന്ന് ഇതുസംബന്ധിച്ച് പുറത്തുവരുന്ന വിവരങ്ങൾ വ്യക്തമാക്കുന്നു. അമിതാധികാര വാഴ്ചയുടെയും തലതിരിഞ്ഞ വികസനനയങ്ങളുടെയും ഏറ്റവുമൊടുവിലത്തെ ഉദാഹരണമാണ് ഇത്. രണ്ടു നൂറ്റാണ്ടോളംനീണ്ട ബ്രിട്ടീഷ് വാഴ്ച തകർത്തുതരിപ്പണമാക്കിയ സമ്പദ്ഘടനയെ വളർച്ചയുടെ പാതയിലേക്ക് കൊണ്ടുവന്നത് 1950 മുതൽ രാജ്യത്തു നടപ്പാക്കിയ ആസൂത്രണമാണ്. സോവിയറ്റ് മാതൃകയിൽ 1951 മുതൽ പഞ്ചവത്സരപദ്ധതികളും ആരംഭിച്ചതോടെ ദീർഘകാല കാഴ്ചപ്പാടോടെ ആസൂത്രണസംവിധാനം നിലവിൽവന്നു. വളർച്ച, നവീകരണം, സ്വാശ്രയത്വം, അവസരസമത്വം എന്നിവയായിരുന്നു അക്കാലത്ത് ആസൂത്രണത്തിന്റെയും പദ്ധതികളുടെയും പ്രഖ്യാപിത ലക്ഷ്യങ്ങൾ. 1991ൽ നരസിംഹ റാവു സർക്കാർ ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ, ആഗോളവൽക്കരണ നയങ്ങൾക്ക് തുടക്കമിട്ടതോടെ മിശ്രസമ്പദ്ഘടനയെന്ന തത്വം ഉപേക്ഷിക്കപ്പെടുകയും രാജ്യം കോർപറേറ്റുകളുടെ നിയന്ത്രണത്തിലേക്ക് നീങ്ങുകയും ചെയ്തു. ഇടതുപക്ഷകക്ഷികളുടെ നിയന്ത്രണം ഒന്നാം യുപിഎ സർക്കാരിനെ കുറെയൊക്കെ നീതിപൂർവമായ പാതയിൽ നയിച്ചെങ്കിലും രണ്ടാം യുപിഎ സർക്കാർ കടിഞ്ഞാണില്ലാത്ത പ്രയാണത്തിലായിരുന്നു.

മനുഷ്യവികസന സൂചികയിൽ ഈവർഷം വീണ്ടും പിറകോട്ടിറങ്ങി ഇന്ത്യ 132–ാം സ്ഥാനത്തായി. പരിസ്ഥിതി സൂചികയിൽ ഏറ്റവും പിന്നിലുള്ള അഞ്ച് രാജ്യത്തിനൊപ്പമാണ് ഇന്ത്യ.

കേന്ദ്രസംസ്ഥാന ബന്ധത്തെ ജന്മികുടിയാൻ നിലവാരത്തിലേക്ക് തരംതാഴ്ത്താനും കേന്ദ്രത്തിന്റെ പരിഷ്കാരം വഴിതെളിച്ചു. ആസൂത്രണ കമീഷൻ കാലത്ത് സംസ്ഥാനങ്ങൾക്ക് ഫണ്ടും ഗ്രാന്റുകളും അനുവദിച്ചിരുന്നത് കമീഷൻ ശുപാർശപ്രകാരമായിരുന്നു. നിതി ആയോഗ് വന്നശേഷം ധനമന്ത്രാലയത്തിനാണ് ഈ അധികാരവും. പദ്ധതിത്തുക മുഴുവൻ കേന്ദ്ര ധനമന്ത്രിയുടെ തന്നിഷ്ടപ്രകാരം വിനിയോഗിക്കുകയാണ്. ബിജെപി ഭരണത്തിലുള്ള സംസ്ഥാനങ്ങൾക്ക് യഥേഷ്ടം പണം നൽകുമ്പോൾ പ്രതിപക്ഷകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതംപോലും നിഷേധിക്കുന്നു. ഇതിനു തുടർച്ചയായാണ് അസൂത്രണ ബോർഡുകളെയും ഇല്ലാതാക്കുന്നത്. നിതി ആയോഗിനു സമാനമായ സംവിധാനം സംസ്ഥാനങ്ങളിൽ അടിച്ചേൽപ്പിക്കാനാണ് തീരുമാനം. ബിജെപി ഭരണത്തിലുള്ള സംസ്ഥാനങ്ങളിൽ ഇതിനുള്ള തിരക്കിട്ട നീക്കം നടക്കുന്നു. കോർപറേറ്റ് സാമ്പത്തികവിദഗ്ധരെ ഈ സംവിധാനത്തിൽ കുത്തിനിറയ്ക്കും. 2047ഓടെ ഇന്ത്യയെ വൻസാമ്പത്തിക ശക്തിയാക്കുകയെന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാനാണ് പരിഷ്കാരമെന്ന് കേന്ദ്രം അവകാശപ്പെടുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവിൽപ്പന, സ്വകാര്യവൽക്കരണം, സർക്കാർ സർവീസിൽ കരാർവൽക്കരണം എന്നിവയിൽ ഊന്നിയുള്ള പരിഷ്കരണതന്ത്രങ്ങളാണ് നിതി ആയോഗ് നടപ്പാക്കുന്നത്. പൊതുആസ്തി വിൽപ്പനയ്ക്കും തുടക്കംകുറിച്ചിട്ടുണ്ട്. ദീർഘകാല ആസൂത്രണമോ പദ്ധതി നിർവഹണമോ നിതി ആയോഗിന്റെ അജൻഡയിൽ വരുന്നില്ല. കേരളംപോലുള്ള സംസ്ഥാനങ്ങൾ ഇതിനിടയിലും ബദൽനയങ്ങൾ ആവിഷ്കരിച്ച് ജനക്ഷേമപദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കുന്നു. ഇതിനു തടയിടാനുമാണ് ആസൂത്രണ ബോർഡുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നത്. ഫെഡറൽ സംവിധാനത്തെ പൂർണമായും അട്ടിമറിക്കുന്നവിധത്തിൽ സംസ്ഥാനങ്ങളിലെ ആസൂത്രണ മേഖലയിൽ ഇടപെട്ട് കോർപറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കുകയാണ് മോദിസർക്കാരിന്റെ ലക്ഷ്യം. ഇതിനെതിരെ അതിശക്തമായ ചെറുത്തുനിൽപ്പ് ഉയരേണ്ടതുണ്ട്

# കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം

കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സമ്മേളനം തൃശൂരിൽ വെച്ച് ചേർന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ ടി.പി.രാമകൃഷ്ണൻ, ടി.പി.ചിത്തരഞ്ജൻ, വി.ശശികുമാർ, കെ.പി. സഹദേവൻ, യു.പി.ജോസഫ് എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു.

സംസ്ഥാനത്ത് ടോഡി ബോർഡിന് രൂപം നൽകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ശുദ്ധമായ കള്ള് ആവശ്യക്കാർക്ക് കൊടുക്കുക, കള്ള് ഉള്ള ജില്ലകളിൽ നിന്നും സംഭരിച്ച് മറ്റിടങ്ങളിൽ വിതരണം ചെയ്യുക, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സമ്മേളനം മുന്നോട്ടു വെച്ചു.

ഭാരവാഹികൾ : ടി.പി.രാമകൃഷ്ണൻ എം.എൽ.എ (പ്രസിഡന്റ്), എം. സുരേന്ദ്രൻ (ജനറൽ സെക്രട്ടറി), എൻ.വി.ചന്ദ്രബാബു (ട്രഷറർ), ടി. കൃഷ്ണൻ, അഡ്വ.കെ.പ്രസാദ്, എ.കെ. മാധവൻ, പി.കെ.കുഞ്ഞുമോൻ, യു.പി.ജോസഫ്, പി.വി.രവീന്ദ്രൻ, കെ.എൻ.നാരായണൻ (വൈസ് പ്രസിഡന്റുമാർ), കെ.ദാസൻ, എം.തങ്കച്ചൻ, പി.എൻ.സിനുലാൽ, എൻ.ഹരിദാസ്, എം.എൻ.മോഹൻ, കെ.ഡി.മഹീന്ദ്രൻ, സി.കെ.വിജയൻ (സെക്രട്ടറിമാർ). എഴുപതംഗ എക്സിക്യൂട്ടീവിനെയും സമ്മേളനം തെരഞ്ഞെടുത്തു.



ടി.പി.രാമകൃഷ്ണൻ
(പ്രസിഡന്റ്)



എം. സുരേന്ദ്രൻ
(ജന.സെക്രട്ടറി)

# കാഷ്യു സ്റ്റാഫ് സെന്റർ സംസ്ഥാന സമ്മേളനം




കാഷ്യു ബോർഡ് ശക്തിപ്പെടുത്തി കൂടുതൽ തോട്ടണ്ടി ലഭ്യമാക്കി കശുവണ്ടി വ്യവസായത്തിൽ പരമാവധി തൊഴിൽ ദിനങ്ങൾ നൽകണമെന്ന് ഓഗസ്റ്റ് 28ന് കൊല്ലത്ത് ചേർന്ന കാഷ്യു സ്റ്റാഫ് സെന്റർ സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. കെ തുളസിധരൻ നഗറിൽ (ഇ കാസിം സ്മാരക ഹാൾ) ചേർന്ന പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി എൻ പത്മലോചനൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് ജെ രാമാനുജൻ പതാക ഉയർത്തി. വി രഘുനാഥൻ രക്തസാക്ഷി പ്രമേയവും രാജ് കുമാർ അനുശോചന പ്രമേയവും അവതരിപ്പിച്ചു. പ്രതിനിധി സമ്മേളനത്തിൽ ജെ രാമാനുജൻ അധ്യക്ഷനായി. യൂണിയൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി പി ഡി ജോസ് സ്വാഗതം പറഞ്ഞു. വിവിധ സബ് കമ്മിറ്റി കൺവീനർമാരായി വി രഘുനാഥൻ (പ്രമേയം), ശ്രീരാജ് (മിനിട്സ്) എന്നിവരെ തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറി ബി സുജീന്ദ്രൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എ ഗോപകുമാർ കണക്കും അവതരിപ്പിച്ചു. സിഐടിയു ജില്ലാ പ്രസിഡന്റ് ബി തുളസിധരകുറുപ്പ്, കാഷ്യു ക്ഷേമനിധി ബോർഡ് ചെയർമാൻ കെ സുഭഗൻ, ജെ ഷാജി എന്നിവർ സംസാരിച്ചു. സമ്മേളനം 45 അംഗ സംസ്ഥാന കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഭാരവാഹികൾ : ജെ രാമാനുജൻ (പ്രസിഡന്റ്), വി രഘുനാഥൻ, ശ്രീരാജ്, നിസാം, അശോകൻ (വൈസ് പ്രസിഡന്റ്), ബി സുജീന്ദ്രൻ(ജനറൽ സെക്രട്ടറി), പി ഡി ജോസ്, ജെ എസ് ബിന്ദു,രാജൻ, ഷാജഹാൻ (ജോയിന്റ് സെക്രട്ടറി), ബിന്ദു (ട്രഷറർ).



ജെ. രാമാനുജൻ
(പ്രസിഡന്റ്)



ബി. സുജീന്ദ്രൻ
(ജന.സെക്രട്ടറി)

# കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം



കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷന്റെ സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് വെച്ച് സെപ്റ്റംബർ 3 ന് നടന്നു. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാരവാഹികളായ കെ.എൻ.ഗോപിനാഥ്, പി.എസ്.മധുസൂദനൻ, സുനിത കുര്യൻ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു. ഫെഡറേഷൻ ജനറൽ സെക്രട്ടറി ഒ.സി.ബിന്ദു റിപ്പോർട്ട് അവതരിപ്പിച്ചു. ഫെഡറേഷന്റെ പ്രസിഡന്റ് സി.എസ്. സുജാത അദ്ധ്യക്ഷയായി.



സി.എസ്.സുജാത
(പ്രസിഡന്റ്)



ഒ.സി. ബിന്ദു
(ജന.സെക്രട്ടറി)



കെ.ഓമന
(ട്രഷറർ)

ജോലി സ്ഥിരത, ഇ.എസ്.ഐ, പി.എഫ് ആനുകൂല്യം ലഭ്യമാക്കുക, പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധനവ് പിൻവലിക്കുക, എൽഐസി സ്വകാര്യവൽക്കരണം പിൻവലിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

ഭാരവാഹികൾ : സി.എസ്.സുജാത (പ്രസിഡന്റ്), ബീന സന്തോഷ്, ജാൻസി ജേക്കബ്, സലിജ (വൈസ് പ്രസിഡന്റുമാർ), ഒ.സി.ബിന്ദു (സെക്രട്ടറി), പ്രസന്ന സുരേഷ്, അജിത റാണി, സൂസമ്മ സെബാസ്റ്റ്യൻ (ജോയിന്റ് സെക്രട്ടറിമാർ), കെ.ഓമന (ട്രഷറർ) എന്നിവരടങ്ങിയ 36 അംഗ സംസ്ഥാന കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.

# അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് ആറാം സംസ്ഥാന സമ്മേളനം

അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് ആറാം സംസ്ഥാന സമ്മേളനം പി രാഘവൻ നഗറിൽ (തൃശൂർ പി ഡബ്ല്യു ഡി ഹാളിൽ) ചേർന്നു. യൂണിയൻ ജില്ല പ്രസിഡന്റ് കെ.മുരളീധരൻ സ്വാഗതം പറഞ്ഞു.

സിഐടിയു ദേശീയ സെക്രട്ടറി കെ ചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി.എസ് മധുസൂദനൻ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സി.ബി.ചന്ദ്രബാബു സംസാരിച്ചു.





പി.എസ്.മധുസൂദനൻ
(പ്രസിഡന്റ്)



എ.ഡി.ജയൻ
(ജന.സെക്രട്ടറി)

യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി എ.ഡി.ജയൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയൻ ട്രഷറർ ആർ ഹിരേഷ് രക്തസാക്ഷി പ്രമേയം അവതരിപ്പിച്ചു. യൂണിയൻ സംസ്ഥാന ജോ.സെക്രട്ടറി കെ.കെ.ദീപക് അനുശോചന പ്രമേയം അവതരിപ്പിച്ചു.

ഭാരവാഹികളായി പ്രസിഡണ്ട് പി എസ് മധുസൂദനൻ, ജനറൽ സെക്രട്ടറി എ ഡി ജയൻ, ട്രഷറർ ആർ ഹിരേഷ്, വൈസ് പ്രസിഡന്റുമാരായി, എ.സിയാവുദീൻ, വി.ടി ശോഭന, എ.സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറിമാരായി ആർ രതീഷ്, കെ.കെ.ദീപക്, കെ.ജി.സനൽകുമാർ എന്നിവരടങ്ങുന്ന 35 അംഗ സംസ്ഥാന കമ്മിറ്റിയെ തിരഞ്ഞെടുത്തു.

# ആൾ കേരള സ്കൂൾ ഹെൽത്ത് നഴ്സസ് യൂണിയൻ സംസ്ഥാന സമ്മേളനം





കെ.പി.മേരി
(പ്രസിഡന്റ്)



പി. റെസി
(ജന.സെക്രട്ടറി)



വി.ടി. ദിലീപ്
(ട്രഷറർ)

ആൾ കേരള സ്കൂൾ ഹെൽത്ത് നഴ്സസ് യൂണിയൻ സംസ്ഥാന സമ്മേളനം കോട്ടയത്തു സിഐടിയു ദേശീയ വൈസ് പ്രസിഡന്റ് സ.ജെ.മേഴ്സികുട്ടിയമ്മ ഉത്ഘാടനം ചെയ്യു. കെ എൻ ഗോപിനാഥ്, എ വി റസ്സൽ, കെ പി മേരി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ : കെ.പി. മേരി (പ്രസിഡന്റ്) പി. റെസി (ജന.സെക്രട്ടറി), വി.ടി. ദിലീപ് (ട്രഷറർ)

---

# കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ

കേരള സ്റ്റേറ്റ് പ്രൈവറ്റ് ഹോസ്പിറ്റൽ എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യു. കൊച്ചിയിൽ ചേർന്ന സമ്മേളനത്തിൽ എം.അനിൽകുമാർ അദ്ധ്യക്ഷനായി. സിഐടിയു സംസ്ഥാന സെക്രട്ടറി സി.വി.ചന്ദ്രബാബു സമ്മേളനത്തെ അഭിസംബോധന ചെയ്യു. എറണാകുളം സിഐടിയു ജില്ലാസെക്രട്ടറി വി.ആർ.മുരളീധരൻ പങ്കെടുത്തു.

സ്വകാര്യ ആശുപത്രികളിലെ സ്ഥിരം ജീവനക്കാരെ കോൺട്രാക്റ്റ് ലേബർ റെഗുലേഷൻ ആന്റ് അബോളിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. 2017 ലെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനനിയമം അടിയന്തിരമായി പരിഷ്കരിക്കുക. സ്വകാര്യ ആശുപത്രികളുമായി ബന്ധപ്പെട്ട അനുബന്ധസ്ഥാപനങ്ങളിലെ ശമ്പളം പരിഷ്കരിക്കുക. തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുക, തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം മുന്നോട്ടു വെച്ചു.

ഭാരവാഹികൾ : അഡ്വ.റജി സക്കറിയ (പ്രസിഡന്റ്), എ.മാധവൻ (ജനറൽ സെക്രട്ടറി), വി.വി.ബാലകൃഷ്ണൻ (ട്രഷറർ), എൽ.ഇന്ദിര, കെ.വേലായുധൻ, സി.കെ.പ്രഷീല കുമാരി (വൈസ് പ്രസിഡന്റുമാർ), പി.ആർ. റനീഷ്, സ്റ്റാലിൻ ജോസഫ്, കെ.ഭഗീരഥി, കെ.എഫ്.ഡേവീസ് (ജോയിന്റ് സെക്രട്ടറിമാർ)

# ആൾ കേരള ബാർ ഹോട്ടൽ & റസ്റ്റോറന്റ് എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം

ആൾ കേരള ബാർ ഹോട്ടൽ & റസ്റ്റോറന്റ് എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം സെപ്റ്റംബർ 1 ന് തിരുവനന്തപുരത്ത് നടന്നു. സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ. ഗോപിനാഥ് ഉദ്ഘാടനം ചെയ്യു. പ്രസിഡന്റ് എസ്.ശർമ്മ അദ്ധ്യക്ഷനായി. സെക്രട്ടറി ദീപു മംഗലശ്ശേരി പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. അബ്കാരി ക്ഷേമനിധിയും ബാർഹോട്ടൽ മേഖലയിലെ എല്ലാ തൊഴിലാളികളെയും അംഗങ്ങളാക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ബാർഹോട്ടൽ പ്രവർത്തന സമയം രാവിലെ 10 മുതൽ രാത്രി 10 വരെയാക്കുക, മിനിമം വേതനം പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ പ്രമേയം പാസാക്കി. ഭാരവാഹികൾ : എസ്.ശർമ്മ (പ്രസിഡന്റ്), ദീപു മംഗലശ്ശേരി (ജനറൽ സെക്രട്ടറി), രാജേഷ് രാജു (ട്രഷറർ)

## ഒക്ടോബർ 26 ന് ചുമട്ടു തൊഴിലാളികളുടെ സെക്രട്ടേറിയറ്റ്/കളക്ട്രേറ്റ് മാർച്ചുകൾ




1978 ൽ കേരള നിയമസഭ പാസ്സാക്കിയതും 1981 ൽ രാഷ്ട്രപതിയുടെ അനുമതി ലഭിച്ച് 1984 ൽ നടപ്പാക്കിയതുമായ ചുമട്ടു തൊഴിലാളി നിയമം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് കേരള സ്റ്റേറ്റ് ഹെഡ്ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) സംസ്ഥാന ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച പ്രമേയത്തിലൂടെ സംസ്ഥാന സർക്കാരിനോടഭ്യർത്ഥിച്ചു. ഒക്ടോബർ 26–ന് ചുമട്ടു തൊഴിലാളികളുടെ സെക്രട്ടറിയേറ്റ്/കളക്ടറേറ്റ് മാർച്ചുകൾ സംഘടിപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചു. കൗൺസിൽ യോഗം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി ബിടിആർ ഹാളിൽ ഉദ്ഘാടനം ചെയ്യു. സംസ്ഥാന പ്രസിഡന്റ് ടി.പി.രാമകൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി എൻ.സുന്ദരംപിള്ള വിശദീകരിച്ചു.

# സെപ്റ്റംബർ 1
# ലോക സമാധാന ദിനാചരണം




മലപ്പുറം



തൃശൂര്




പാലക്കാട്




കാസർഗോഡ്



തിരുവനന്തപുരം

## എളമരം കരീം എം.പി യുടെ 'കേന്ദ്രസർക്കാർ നയം വൈദ്യുതി മേഖലയെ തകർക്കും' പുസ്തകം ഡോ. തോമസ് ഐസക് പ്രകാശനം ചെയ്തു

സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി എഴുതിയ 'കേന്ദ്രസർക്കാർ നയം വൈദ്യുതി മേഖലയെ തകർക്കും' എന്ന പുസ്തകം സിപിഐഎം കേന്ദ്രകമ്മിറ്റി അംഗം ഡോ.തോമസ് ഐസക് പ്രകാശനം ചെയ്തു. കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. ഹരിലാൽ ഏറ്റുവാങ്ങി. ചിന്താ പബ്ലിഷേഴ്സ് ആണ് പ്രസാധകർ. സിഐടിയു സംസ്ഥാനക്കമ്മിറ്റി ഓഫീസിൽ നടന്ന ചടങ്ങിൽ സംസ്ഥാന സെക്രട്ടറി കെ.എസ്.സുനിൽകുമാർ അദ്ധ്യക്ഷനായി. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഭാരവാഹികളായ ടി.പി.രാമകൃഷ്ണൻ, കെ.എൻ.ഗോപിനാഥ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# പദ്ധതി തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി കേന്ദ്ര തൊഴിൽ മന്ത്രാലയവുമായ ചർച്ച നടത്തി

പദ്ധതി തൊഴിലാളികളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി സിഐടിയുവിന്റെ ഒരു പ്രതിനിധി സംഘം 2022 ജൂലൈ 19ന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തി.

ആശാ തൊഴിലാളികളുടെ അഖിലേന്ത്യാ ഏകോപന സമിതിയുടെ നേതൃത്വത്തിലാണ് പ്രതിനിധി സംഘം കുടിക്കാഴ്ച നടത്തിയത്. സിഐടിയുവിന്റെ ദേശീയ സെക്രട്ടറിമാർ, അംഗൻവാടി ജീവനക്കാരുടെയും സഹായികളുടെയും അഖിലേന്ത്യാ ഫെഡറേഷന്റെ (AIFAWH) പ്രസിഡന്റ് ഉഷാറാണി ജനറൽ സെക്രട്ടറി എ ആർ സിന്ധു, സിഐടിയു ഹരിയാന സംസ്ഥാന പ്രസിഡൻറ് സുരേഖ, സെക്രട്ടറി സുനിത എന്നിവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

എല്ലാ അംഗൻവാടി ജീവനക്കാർക്കും സഹായികൾക്കും മുൻകാല പ്രാബല്യത്തോടെ ഗ്രാറ്റ്വിറ്റി അനുവദിക്കുക, അംഗൻവാടി ജീവനക്കാരുടെയും സഹായികളുടെയും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയങ്ങൾക്കും സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകുക, പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ നിയമവിരുദ്ധമായ കൂട്ട പിരിച്ചുവിടലിന് വിധേയമാക്കപ്പെട്ട പഞ്ചാബിലെയും ഹരിയാനയിലെയും അംഗൻവാടി ജീവനക്കാരെ ഉടനടി ജോലിയിൽ തിരിച്ചെടുക്കുന്നതിനു വേണ്ടി ഇടപെടൽ നടത്തുക, സംഘടിക്കുന്നതിനും കൂട്ടായി വിലപേശുന്നതിനും ഉള്ള അവകാശം അംഗൻവാടി ജീവനക്കാർക്കും സഹായികൾക്കും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക, കോവിഡ് മഹാമാരിയുടെ സമയത്ത് നിർവഹിച്ച സേവനങ്ങൾക്ക് അംഗൻവാടി ജീവനക്കാർക്കും സഹായികൾക്കും അപകട അലവൻസും നഷ്ടപരിഹാരവും ലഭ്യമാക്കുക, 45-ാമത് ഇന്ത്യൻ ലേബർ കോൺഫറൻസിൽ വിവിധ കേന്ദ്രമന്ത്രാലയങ്ങൾ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് അവയ്ക്ക് നിർദ്ദേശം നൽകുക, സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 45-ാം ദേശീയ ലേബർ കോൺഫ റൺസിന്റെ ശുപാർശകൾ അവലോകനം ചെയ്യുന്നതിനായി ഒരു ത്രികക്ഷിയോഗം വിളിച്ചുകൂട്ടുക, പ്രസവ ആനുകൂല്യനിയമം ആശാ ജീവനക്കാർക്കും ഉച്ചഭക്ഷണ തൊഴിലാളികൾക്കും ഉൾപ്പെടെ എല്ലാ മേഖലകളിലും പ്രാബല്യത്തിൽ വരുത്തുക തുടങ്ങിയ പദ്ധതി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ കൂടിക്കാഴ്ചയിൽ പ്രതിനിധി സംഘം ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു.

ജനീവയിൽ നടന്ന അന്തർദേശീയ ലേബർ കോൺഫറൻസിൽ പങ്കെടുക്കവേ കേന്ദ്ര തൊഴിൽ മന്ത്രി, കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി നടത്തിയ ചർച്ചയിൽ സംഘടനയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ കൂടിക്കാഴ്ച നടന്നത്. ജനീവയിലെ ചർച്ചയിൽ 45-ാം ദേശീയ ലേബർ കോൺഫറൻസിന്റെ ശുപാർശകൾ പദ്ധതി തൊഴിലാളികൾക്കും ബാധകമാക്കണമെന്നും അംഗൻവാടി ജീവനക്കാർക്കും സഹായികൾക്കും ഗ്രാറ്റുവിറ്റി അനുവദിക്കണമെന്ന സുപ്രീംകോടതി വിധി നടപ്പിലാക്കണമെന്നും കേന്ദ്ര തൊഴിൽ മന്ത്രിയോട് സംഘടന ആവശ്യപ്പെട്ടിരുന്നു.

കേന്ദ്ര തൊഴിൽ മന്ത്രാലയവുമായുള്ള കൂടിക്കാഴ്ചയിൽ അംഗൻവാടി, ആശാ, ഉച്ചഭക്ഷണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പ്രതിനിധി സംഘം ഉദ്യോഗസ്ഥരോട് വിശദീകരിച്ചു. 45-ാം ദേശീയ ലേബർ കോൺഫറൻസിന്റെ ശുപാർശകളുടെയും ഗ്രാറ്റിവിറ്റിയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെയും നാനാവശങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്യപ്പെട്ടു. പ്രതിനിധി സംഘം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. അംഗൻവാടി ജീവനക്കാരുടെ കൂട്ട പിരിച്ചുവിടലിന്റെ വിഷയം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ പെടുത്തിയ പ്രതിനിധി സംഘം ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഉച്ചഭക്ഷണ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുമെന്ന മാനവ വിഭവശേഷി മന്ത്രാലയത്തിന്റേത് ഉൾപ്പെടെ നിരവധി മന്ത്രാലയങ്ങൾ നൽകിയ വാഗ്ദാനങ്ങൾ ഇനിയും പാലിക്കപ്പെട്ടിട്ടില്ല. ആശാ/ ഉച്ചഭക്ഷണ തൊഴിലാളികൾക്ക് പ്രസവാവധി പോലുള്ള അടിസ്ഥാനപരമായ മാനുഷിക അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുകയാണ്. ഈ വിഷയങ്ങളും പ്രതിനിധി സംഘം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു.

കേന്ദ്ര തൊഴിൽമന്ത്രാലയത്തിന്റെ അടിയന്തരമായി ഇടപെടൽ പദ്ധതി തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഉണ്ടാകുമെന്ന് ജോയിന്റ് സെക്രട്ടറി ഉറപ്പു നൽകി.